"നീ ബലിപീഠത്തിങ്കൽ നിൻെറ വഴിപാട്ടുകൊണ്ടുവരികയും, നിനക്കു വിരോധമായി ആവലാതിപ്പെട്ടുവാൻ നിൻെറ സഹോദരനു കാരണമുണ്ടെന്നു് അവിടെവച്ചു നീ ഓർമ്മിക്കുകയും ചെയ്താൽ, നിൻെറ വഴിപാട്ടു ബലിപീഠത്തിൻമുമ്പാകെ വച്ചിട്ടു്, വീട്ടിൽ പോയി ആദ്യം നിൻെറ സഹോദരനോടു രമ്യപ്പെടുക; പിന്നീടു തിരിച്ചുവന്നു നിൻെറ വഴിപാട്ടു സമർപ്പിക്കുക."

—മത്തായി V: 23, 24

# സത്യദീപം

"ലോകത്തുള്ള എന്തിനെങ്കിലുംവേണ്ടിയാകട്ടെ, ഏതെങ്കിലും മനുഷ്യനോടുള്ള സ്നേഹംനിമിത്തമാകട്ടെ യാതൊരു തിന്മയും ചെയ്വാൻ പാടില്ലാത്തതാണു്. എന്നാൽ വേറൊരുവൻെറ ആവശ്യംപ്രമാണിച്ചു് ചിലപ്പോൾ ഒരു സൽകൃത്യം യഥേഷ്ടം നിർവ്വഹിക്കാതെ വിട്ടുകളയേണ്ടതോ അതിൻെറ സ്ഥാനത്തു കുറേക്കൂടി നല്ലതു ചെയ്യേണ്ടതോ ആകുന്നു."

—ക്രിസ്ത്വാനുകരണം.

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

Reg. No. M. 2293. | 1957 ജൂലൈ 10—ബുധനാഴ്ച | Vol. 30, No. 45

# രണ്ടു അടിയന്തിരാവശ്യങ്ങൾ

## സത്യവേദപ്രചാരണവും—സാധുജനസംരക്ഷണവും

(ജെ. കെ. തയ്യിൽ എസ്. ജെ.)

ലോകം മുന്നോട്ടു ഗമിക്കുംതോറും പുണ്യം പിന്നോട്ടു വലിയുകയാണെന്നുള്ള ഒരു പ്രതീതി അനുഭവമാകുന്നു. ഇതിൽ എത്രമാത്രം വാസ്തവമുണ്ടെന്നു കൂലങ്കഷമായി പര്യാലോചിച്ചു് ഒരു നിഗമനത്തിലെത്തുവാൻ സാഹചര്യങ്ങൾ അനുകൂലങ്ങളല്ലെങ്കിലും ആധുനികലോകത്തിൻെറ ചിന്താഗതി പുണ്യത്തെ വെല്ലുവിളിക്കുന്ന ഒരു രൂപമാണു കൈക്കൊണ്ടിരിക്കുന്നതു്. പുണ്യത്തിനു നിദാനമായ ദൈവവിശ്വാസവും അതിനു വിഷയമായ ആത്മാവും, ഈ രണ്ടു ഘടകങ്ങളെ തമ്മിൽ ഘടിപ്പിക്കുന്ന വിശ്വാസസന്മാർഗ്ഗസംഹിതയും ആധുനികമനുഷ്യനു ആവശ്യമില്ലായെന്നു പറയുമ്പോൾ എല്ലാവരും അതിൽ ഉൾപ്പെട്ടുവെന്നു സ്വപ്നേപി വിചാരിക്കരുതു്.

ബ്രിട്ടീഷ് എൻസൈക്ലോപ്പീഡിയായുടെ ഏററവും അധുനാതനമായ കാനേഷുമാരിക്കണക്കിൻപ്രകാരവും, അതിലും പുരോഗമിച്ച ഫാദർ ഏഡ്റിയൻ ബൂഫോയുടെ കണക്കിൻപ്രകാരവും ലോകത്തിൽ ഇന്നു 244 കോടി ജനങ്ങൾ നിവസിക്കുന്നുണ്ടു്. അവരിൽ 47 കോടി ജനങ്ങൾ കത്തോലിക്കാക്രിസ്ത്യാനികളാണെന്നും, 45 കോടി ജനങ്ങൾ അകത്തോലിക്കാക്രിസ്ത്യാനികളാണെന്നും സമ്മതിക്കുന്നു. ഈ 92 കോടിയും ദൈവം ഇല്ലെന്നോ, ആത്മാവില്ലെന്നോ, വിശ്വാസസന്മാർഗ്ഗസംഹിത ആവശ്യമില്ലെന്നോ ജല്പിക്കുന്ന പുത്തൻപരിഷ്ക്കാരികളല്ല. ബ്രിട്ടീഷ് വർഷാന്തക്കണക്കിൻപ്രകാരം 1954-ൽ ലോകത്തിലെ ജനസംഖ്യ 245 കോടിയാകുന്നുവെന്നും അവരിൽ മുഹമ്മദീയർ 31 കോടിയും, കൺഫൂഷ്യൻസ് 30 കോടിയും, ഹിന്ദുക്കൾ 25 കോടിയും, ബുദ്ധമതസ്ഥർ 15 കോടിയും, യഹൂദർ ഒന്നേകാൽ കോടിയും ഉണ്ടെന്നു രേഖപ്പെടുത്തിയിട്ടുണ്ടു്. ഇവരും മതവും സന്മാർഗ്ഗവും തിരുകുത്തിയ കൂട്ടരല്ല. ഇനിയുംശേഷിച്ചിരിക്കുന്നതു് ഷിൻേറാ, താവോ, സൗരാഷ്ട്രർ, ആദിമവർഗ്ഗം, ഇതരമതസ്ഥർ എന്നിങ്ങനെയുള്ളവരാണു്. ഇക്കൂട്ടരും ദൈവവും, മതവും, വിശ്വാസവും, സന്മാർഗ്ഗവും വേണ്ടായെന്നു പറയുന്നവരല്ല. അവർക്കു മററുള്ളവരെപ്പോലെ ജ്ഞാനവും വിദ്യാഭ്യാസവും ഇല്ലെന്നുമാത്രം. അതിനാൽ ആരാകുന്നു വാസ്തവത്തിൽ പുണ്യത്തേയും, പുണ്യസമ്പാദനത്തേയും അവഹേളിക്കുന്നതും, അടിച്ചുപായിക്കുവാൻ ശ്രമിക്കുന്നതും? ഭൗതികശാസ്ത്രത്തിലും ലോകസമ്പത്തിലും ഭരണമേധാവിത്വത്തിലും മതിമറന്നു് ആദ്ധ്യാത്മികജീവിതത്തെ ത്യാജ്യകോടിയിൽ തള്ളുന്ന അംഗുലീപരിമിതമായ ചില വ്യക്തികൾമാത്രം. ഈ വ്യക്തികൾ അവരുടെ സകല കഴിവുകളും ഉപയോഗിച്ചു് അവരുടെ അധീനത്തിലുള്ളവരെ തങ്ങളിലേക്കു ആകർഷിച്ചു് അപഥസഞ്ചരണം ചെയ്യിക്കുന്നു.

ഇതു വാസ്തവമാണോയെന്നു അറിയണമെങ്കിൽ ഭാരതത്തിലേക്കു ഒന്നു കണ്ണോടിച്ചാൽമതി. ഭാരതത്തിലെ കാനേഷുമാരിക്കണക്കിൻ പ്രകാരം ഇപ്പോൾ മുപ്പത്തഞ്ചരകോടി ജനങ്ങളുണ്ടു്. അവരിൽ സുമാർ 30 കോടി ഹിന്ദുക്കളും, 3 കോടി മുഹമ്മദീയരും, ഒരുകോടി ക്രിസ്ത്യാനികളും, ബാക്കി ഇതരമതസ്ഥരുമാണു്. ഇവരിൽ ആരാണു് പുണ്യസമ്പാദനം ആവശ്യമില്ലെന്നും, ദൈവം, ആത്മാവു്, വിശ്വാസം, സന്മാർഗ്ഗം എന്നിവ നിരർത്ഥകങ്ങളാണെന്നും ജല്പിക്കുന്നതു്? ചുരുക്കം ചില വ്യക്തികൾമാത്രം. അതും സ്വകാര്യലാഭത്തിനു്. അവർ കുടിച്ചു വിഷം അവിടവിടെയായി ചർദ്ദിക്കുന്നെന്നുമാത്രം. ഫലമോ, കാര്യമായൊന്നുമില്ലതാനും.



പരിശുദ്ധ കർമ്മലമാതാവു്

(തിരുനാൾ—ജൂലൈ 16)

ഇത്തരുണത്തിൽ കത്തോലിക്കരായ നമ്മൾ ചെയ്യേണ്ട കർത്തവ്യമെന്താണു്? വിശേഷവിധിയായി രണ്ടു കാര്യങ്ങളാണു്. ഫ്റഞ്ചു വൈദികാദ്ധ്യക്ഷനായ കർദ്ദിനാൾ ലെബോർ ഒരിക്കൽ സയുക്തം, സാവേശം പറയുകയുണ്ടായി: വലിയ ദേവാലയങ്ങൾ പണിയുന്നതിനും അൾത്താരകൾ അതിമോടിയായി അലങ്കരിക്കുന്നതിനുമുള്ള കാലം പണ്ടായിരുന്നു. ഇന്നു അത്യന്താപേക്ഷിതമായിരിക്കുന്ന ഏകസംഗതി രാജ്യമെങ്ങും നിത്യസത്യങ്ങളെ പ്രദ്യോതിപ്പിക്കുന്ന പത്രമാസികകളെ വിതരണം ചെയ്യുക എന്നതാണു്. ഇന്നു ഇതു ഭാരതത്തിൽ, പോരാ ലോകമൊട്ടുക്കും എത്രയോ അത്യന്താപേക്ഷിതമായിരിക്കുന്നു. വായിക്കുന്നതിനും, സത്യം ഗ്രഹിക്കുന്നതിനും മനുഷ്യനുള്ള ആകാംക്ഷ ഇന്നു അത്ഭുതാവഹമാണു്. കാപ്പിക്കടകളിലും, കമ്പോളത്തെരുവുകളിലും, ധനവാനും ദരിദ്രനും, തൊഴിലാളിയും മുതലാളിയും, ഗുരുവും ശിഷ്യനും, പണ്ഡിതനും പാമരനും ഒരുപോലെ ഇന്നു വായനയിൽ ഏർപ്പെട്ടിരിക്കുന്നതു കാണാം. ഇത്തരുണത്തിലാണു് ക്രിസ്തീയപ്രബോധനങ്ങളെ സർവ്വകഴിവുകളും ഉപയോഗിച്ചു് ക്രിസ്ത്യാനികൾ തീവ്രപ്രചരണം ചെയ്യേണ്ടതു്. പത്രമാസികകൾ മാത്രമല്ല പ്രസംഗവേദിയും, പ്രൈവററ്മററിയും, യാത്രാസ്ഥലവും, സമ്മേളനരംഗവും പൗലോസ്ശ്ലീഹാ പറയുന്നതുപോലെ കാലത്തും അകാലത്തും സത്യവേദപ്രചരണത്തിനായി ഉപയോഗിക്കണം. അതിനു ഇന്നു നമ്മുടെ യുവതീയുവാക്കന്മാരും, സ്ത്രീപുരുഷന്മാരും, പോരാ ബാലികാബാലന്മാരും ഒരുപോലെ മുന്നിട്ടുവരണം. "ഭാരതമേ, നിൻെറ രക്ഷ നിൻെറ സന്താനങ്ങളുടെ കരങ്ങളിലത്രെ" എന്ന പ്രവചനം ഇന്നു സാർത്ഥകമാക്കേണ്ടിയിരിക്കുന്നു. ഇങ്ങനെ കത്തോലിക്കാപ്രവർത്തകന്മാരെ ഉരുക്കിവാർക്കുവാനുള്ള മൂശയും, ഉരച്ചുമിനുക്കുവാനുള്ള ശാണയുമത്രെ ആദ്ധ്യാത്മധ്യാനപ്രസ്ഥാനം എന്നുള്ളതും നാം ഇത്തരുണത്തിൽ വിസ്മരിക്കരുതു്. എല്ലാ ഇടവകകളിലും വിദ്യാലയങ്ങളിലും കലാലയങ്ങളിലും വർഷാവർഷം ധ്യാനം നടത്തുന്നതിനുപുറമെ വിശേഷവിധിയായി ചിലരെ പരിശീലിപ്പിക്കുന്നതിനു ഒരു കത്തോലിക്കാപ്രവർത്തനഘടനയും, അവർക്കു ഒരു പരിപൂർണ്ണമിണ്ടടക്കധ്യാനവും ആവശ്യമാണു്. ഇവർ ആയിരിക്കട്ടെ സത്യവേദപ്രചരണദീപങ്ങൾ.

രണ്ടാമത്തെ ഏററവും വലിയ ആവശ്യം സാധുജനസേവനമാണു്. ഭാരതത്തിൻെറ കണക്കുമാത്രമെടുക്കുകയാണെങ്കിൽ മുപ്പത്തഞ്ചരക്കോടിയിൽ മുപ്പത്തിനാലരക്കോടി സാധുക്കളും, കർഷകരും, കച്ചവടക്കാരുമാണു്. ഇവരുടെ ശരാശരി വരവു രണ്ടരയണമാത്രം ഒരു ദിവസം. പട്ടിണിപ്പാവങ്ങളുടെ ദൈവം അവരുടെ വയറാകുന്നു. ആരു അവർക്കു ഭൗതികക്ലേശങ്ങളിൽ താങ്ങും തണലുമായിരിക്കുന്നുവോ അവർ പറയുന്നതു അവർ വിശ്വസിച്ചു് അവരുടെ പിന്നാലെ പോകുന്നു. യുക്തിക്കും, ബുദ്ധിക്കും, സദാചാരത്തിനും, സന്മാർഗ്ഗത്തിനും അവിടെ സ്ഥലമില്ല.

ഇത്തരുണത്തിൽ കത്തോലിക്കരായ നാം ചെയ്യേണ്ടതെന്താകുന്നു. ക്രിസ്തുവിൻെറ പരമപ്രബോധനത്തിനനുസരിച്ചു് ക്രിസ്തീയപുണ്യങ്ങൾ പ്രവൃത്തിയിൽ വരുത്തുക. വിശക്കുന്നവർക്കു തിന്നാൻ കൊടുക്കുക, ദാഹിക്കുന്നവർക്കു കുടിക്കാൻ കൊടുക്കുക, ഉടുപ്പാനില്ലാത്തവർക്കു ഉടുക്കാൻകൊടുക്കുക, രോഗികളെ ശുശ്രൂഷിക്കുക, കാരാഗൃഹവാസികളെ സന്ദർശിക്കുക, മരിച്ചവരെ അടക്കുക. ഇങ്ങനെ സാധുജനമന്ദിരങ്ങൾ സ്ഥാപിച്ചു് ആശുപത്രികൾ ആരംഭിച്ചു് സാധുക്കളെ പരിചരിച്ചു് സംഘടിതമായവിധത്തിൽ ക്രിസ്തുവിൻെറ സ്നേഹം പ്രവൃത്തിയിൽ കാണിച്ചു് ക്രിസ്തുവിങ്കലേക്കു അവരെ അടുപ്പിക്കുക. ഈ യുഗം സാധുജനയുഗമാണു്; തൊഴിലാളിയുഗമാണു്; സാധുജനസേവനയുഗമാണു്. ഈ യുഗം നാം

(ശേഷം 9-ാംപേജിൽ)




(തുടർച്ച)

അന്നു ഉച്ചയ്ക്കു ഊണുംകഴിഞ്ഞു് ഞാനൊരു മടക്കുകസേരയിൽ തളർന്നുകിടക്കുകയാണു്. "മോർണിങ്ങ് സ്റ്റാറി"ൻെറ താളുകൾ മെല്ലെയൊന്നു മറിച്ചുനോക്കി. ഒന്നും വായിക്കാൻ തോന്നിയില്ല. കണ്ണുകൾ കൊന്നു മയങ്ങാനാണിഷ്ടമെന്നു തോന്നി. നയനങ്ങളടഞ്ഞു; സ്വപ്നംകാണാൻ തുടങ്ങിയിട്ടില്ല.

"കിർർണിം...കിർർണിം...കിർണിം...കിർർണിം..." പെട്ടെന്നാണു് അരികത്തിരുന്ന ഫോൺ ശബ്ദിച്ചതു്. ഞാൻ റിസീവറെടുത്തു ശ്രദ്ധിച്ചു: "ഹല്ലോ?"

"മി. ടോമല്ലേ?" ബുൾബുൾത്താരയുടെ കിങ്കിണിനാദംപോലൊരു നനുനുനുത്ത ശബ്ദം.

"അതെ."

"പാമിയാണു്. സ്റ്റേഷനിൽനിന്നാണു സംസാരിക്കുന്നതു്. ഞാൻ ഈ അടുത്ത ട്രെയിനിനു് ബൽഗാമിലേക്കു പോകുന്നു..." ഒററ ശ്വാസത്തിൽ കടുകുവറക്കുംപോലെ അവൾ പറഞ്ഞുതീർത്തു.

"എന്താ പ്രത്യേകിച്ചു്?"

"ഓ, ഒന്നുമില്ല. ഒരു വെക്കേഷൻ റിട്രീററിനു പോകുകയാണു്. നാലുദിവസംകഴിഞ്ഞേ മടങ്ങുകയുള്ളു."

"വളരെ നല്ലതു്."

"ഒരു പ്രത്യേകകാര്യം. പ്രാർത്ഥിക്കാൻ മറക്കുകയില്ലല്ലോ."

"തീർച്ചയായുമില്ല. ഇന്നുമുതൽ മുട്ടിന്മേൽനിന്നിറങ്ങലില്ല."

"കളിയാക്കരുതു കേട്ടോ......" മണിക്കിലുക്കംപോലെ അവൾ പൊട്ടിച്ചിരിക്കുന്നതു ഞാൻ കേട്ടു.

"കളിയാക്കുകയല്ല പാമി. നിൻെറ യാത്രയുടെ പ്രാധാന്യം ഞാൻ മനസ്സിലാക്കുന്നു. എങ്കിലും കളിയിലൂടെ കാര്യംപറയുന്നതാണെനിക്കെപ്പോഴും ഇഷ്ടം. അതുകൊണ്ടാണു്......"

"അതാ, വണ്ടിവരുന്നുണ്ടു്. ഞാൻ പോകട്ടെ. താങ്ക്യു."

റിസീവർ ഫോൾഡറിൽവച്ചു് അവൾ പൊയ്ക്കഴിഞ്ഞു. ഈസിചെയറിൽ ചാരിക്കിടന്നു് കുറേനേരം ഞാൻ എന്തൊക്കെയോ ചിന്തിച്ചു. തീവണ്ടിയുടെ ഉരുക്കുചക്രങ്ങളിലേറി അവളിപ്പോൾ എന്നിൽനിന്നകന്നകന്നു പോകുകയാണു്. ഓടിമറയുന്ന കുന്നുകളേയും താഴ്വരകളേയുംനോക്കി അവൾ മൂളിപ്പാട്ടുപാടുന്നുണ്ടായിരിക്കും; ഫീഡിൽമായിക്കുന്നതുപോലായിരിക്കും ആ പാട്ടുകൾ.

ഒരാഴ്ചയ്ക്കുശേഷമാണു് പാ[illegible]യെ ഞാൻ വീണ്ടും കണ്ടതു്, പള്ളിയിൽവച്ചു്. കുർബാനയ്ക്കുശേഷം അവൾ റീഡിങ്ങ്റൂമിൽ നില്ക്കുകയാണു്. എന്നെ കണ്ടപ്പോൾ ചുണ്ടിൽ പുഞ്ചിരിയുമായി അടുത്തേക്കു വന്നു. മനോഹരമായൊരു നീലയുടുപ്പാണു് അവളണിഞ്ഞിരിക്കുന്നതു്. ചുണ്ടുകളിൽ ലിപ്സ്റ്റിക്കിട്ടിട്ടില്ല. എന്നിട്ടും ആ അധരങ്ങളുടെ ഓമനത്തം കുറഞ്ഞിട്ടില്ല; കൂടിയിട്ടേയുള്ളു.

"പാമി എന്നുവന്നു?" ഞാൻ ചോദിച്ചു.

"ഒന്നുരണ്ടുദിവസമായി."

"എന്നിട്ടെന്തേ പുറത്തു കാണാഞ്ഞതു്?"

"ഓ, ഒന്നുമല്ല. വീട്ടിലുണ്ടായിരുന്നു."

"ധ്യാനംകഴിഞ്ഞു വീട്ടിൽ വന്നിട്ടും ധ്യാനമായിരുന്നോ?"

"കുറെയൊക്കെ അങ്ങിനെതന്നെയായിരുന്നു."

"എന്താണു് അങ്ങനെയൊരു ധ്യാനം?"

"ധ്യാനം കഴിച്ചപ്പോഴേ ധ്യാനിക്കാൻ വിഷയം കിട്ടിയുള്ളു."

"അപ്പോൾ, എന്തിനെപ്പററിയാണു ധ്യാനിച്ചതെന്നൊന്നു പറയാമോ?"

"കുറെ തീരുമാനങ്ങളെടുക്കാനുണ്ടായിരുന്നു."

"എന്നിട്ടു തീരുമാനിച്ചോ?"

"ഉവ്വു്."

"എന്നെക്കൂടി അറിയിക്കുമോ ആ തീരുമാനങ്ങൾ. വിരോധമാണെങ്കിൽ വേണ്ട."

"ഓ, വിരോധമൊന്നുമില്ല."

"എന്നാൽ പറയൂ. കേൾക്കാൻ രസമുണ്ടാകും..."

അവളുടെ മുഖത്തെ പുഞ്ചിരി മാഞ്ഞു. നിലത്തേക്കുറനോക്കിക്കൊണ്ടു് അവൾ സാവധാനത്തിൽ പറഞ്ഞു: "ഞാൻ മഠത്തിൽ പോകാൻ തീരുമാനിച്ചിരിക്കുകയാണു്."

"ങേ..." ഹൃദയത്തിലൊരു കൊള്ളിയാൻ മിന്നി. പാൻറിൻെറ പോക്കററിൽ തിരുകിയ കൈകൾ അവിടെത്തന്നെ ഇരുന്നുപോയി. ഞാൻ കുറേനേരം നിശ്ചലനായിനിന്നു. കരളിൻെറ നാലുകെട്ടിനകത്തു ഒരു കൊടുങ്കാററു് ആഞ്ഞടിക്കുകയാണു്. ഒന്നും മിണ്ടാൻ കഴിയുന്നില്ല. മൂകമായ കുറെ നിമിഷങ്ങൾ.

മുഖംകുനിച്ചു്, വാനിററിബാഗിൻെറ നീലബട്ടണിൽ തിരുപ്പിടിച്ചുകൊണ്ടുനില്ക്കുകയാണു് പാമി. ഞാനവളുടെ മുഖത്തേക്കു സ്വല്പനേരം സൂക്ഷിച്ചുനോക്കി. മുഖമുയർത്തി അവളെൻെറ നേരെക്കൊന്നു നോക്കി. ആ നീണ്ട കണ്ണുകൾ മാപ്പിരക്കുകയാണെന്നുതോന്നും. അവളുടെ കടക്കണ്ണുകളിൽ കണ്ണുനീർത്തുള്ളികൾ മുത്തുന്നില്ലല്ലോ...?

"ഞാൻ പോകുന്നു പാമീ. പിന്നെയൊരിക്കൽ കാണാം." വിങ്ങിപ്പൊട്ടാൻ നില്ക്കുന്ന ഒരു ഹൃദയവുമായി ഞാൻ തിരിഞ്ഞുനടന്നു. പാമി വീണ്ടും പള്ളിയിലേക്കു കയറി.

നടന്നുനീങ്ങുന്നതിനിടയ്ക്കു് വലിയവാതായനത്തിലൂടെ ഞാൻ ദേവാലയത്തിനകത്തേക്കു നോക്കി. കൂപ്പുകൈകളോടും പാതിയടഞ്ഞ കണ്ണുകളുമായി ഒരു മാലാഖയെപ്പോലെ അവൾ മുട്ടുകുത്തിനില്ക്കുന്നതു ഞാൻ കണ്ടു.

കൂട്ടുകെട്ടി കുടിയിരുത്തിയ പൂങ്കുയിൽ പറന്നുപോകുകയാണു്. അംബരംപോലെ വിശാലവും സുന്ദരവുമായ ഒരു കനകക്കൂട്ടു് ചക്രവാളപ്പരപ്പിലെവിടെയെങ്കിലും അതു കണ്ടുവെച്ചിരിക്കാം.

ആ ദിവസങ്ങളിൽ ഹൃദയം ഒരു പാടു നൊന്തു. കരളിൽ കൊടുങ്കാററടിക്കുമ്പോൾ കരയാൻ കൊതിക്കും. എങ്കിലും കണ്ണും ഞെങ്ങുമ്പോൾ കരയാൻ കഴിയില്ല. തിമലയുടെ ഉൾപ്പരപ്പുപോലെ മനസ്സു നിറിയെരിഞ്ഞു.

നിമിഷങ്ങൾക്കു വേഗത കുറഞ്ഞപോലെ തോന്നി. നനഞ്ഞ ഒച്ചുകളെപ്പോലെയേ അവ നിരങ്ങുന്നുള്ളു.

സംഗീതത്തിൻെറ വീഞ്ഞിൻ തുള്ളികളിൽ കുളിത്തുനിന്നിരുന്ന അന്തിയുടെ യാമങ്ങൾ ശോകമൂകതയിൽ മയങ്ങിക്കിടന്നു.

ബസ്സ്സ്റ്റോപ്പിലും, പള്ളിമുററത്തുംവച്ചു് പാമിയെ കണ്ടുമുട്ടാറുണ്ടു്. വിനയത്തിൻെറ നേർത്ത പട്ടയിട്ട പുഞ്ചിരിയുമായി അവൾ അടുത്തേക്കു വരും. പതിഞ്ഞ സ്വരത്തിൽ അങ്ങോട്ടുമിങ്ങോട്ടും അഭിവാദ്യങ്ങൾ കൈമാറും. പിന്നെ നീണ്ട നിശ്ശബ്ദതയാണു്. ഒന്നും മിണ്ടാൻ കഴിയില്ല. പരസ്പരം കണ്ണുകളിലേക്കു ഉററുനോക്കിക്കൊണ്ടു് കുറെനേരമങ്ങിനെ നില്ക്കും. നിമിഷങ്ങൾ നീങ്ങുന്നതറിയില്ല. ചുടുനിശ്വാസങ്ങളുയർന്നുതുടങ്ങും. പിന്നെ വിടചോദിച്ചു പിരിയുകയായി. അപ്പോൾ ഹൃദയത്തിൽ വികാരങ്ങൾ അലതല്ലുന്നുണ്ടാകും.

അങ്ങനൊരുദിവസം എനിക്കൊരു കുണ്ഠുകത്തുകിട്ടി. മടക്കുകസേരയിൽ ചാരിക്കിടന്നു് ഞാനതു വായിച്ചു. പാമി മഠത്തിൽപോകുന്നതിൻെറ തലേന്നാൾ ഒരു ഡിന്നറുണ്ടു്, അവളുടെ വീട്ടിൽ. അതിലേക്കെന്നെ ക്ഷണിച്ചിരിക്കുകയാണു്. കളിമിഴിനിന്ന ശില്പതുലാണു് ആ വാക്കുകളെഴുതിയിരിക്കുന്നതു്. താരകക്കുരുന്നുകളെപ്പോലെ അക്ഷരങ്ങൾ നീലക്കടലാസിൽ മിന്നിത്തിളങ്ങുകയാണു്. കണ്ണീരിലാണു് ആ വാചകങ്ങളെഴുതേണ്ടിയിരുന്നതെന്നെനിക്കു തോന്നി. കൗതുകമുള്ള ആ കടലാസുതുണ്ടു് ഇടിക്കുന്ന ഹൃദയത്തിനുമീതെ ഒരുപാടുനേരം തളർന്നുകിടന്നു.

കണ്ണുനീർത്തുള്ളികളെപ്പോലെ ദിനങ്ങളടർന്നുവീണു.

ഇന്നലെയുടെ ഇന്നലെയായിരുന്നു ആ സല്ക്കാരം. കൗതുകമാർന്ന ആ നീലക്കടലാസുതുണ്ടു മറന്നുകളയാൻ ഞാൻ കൊതിച്ചു; കഴിഞ്ഞില്ല. വാനനീലിമയിൽ തങ്കലിപികൾ പെറുക്കിവച്ച ആ ക്ഷണക്കത്തു് ഹൃദയത്തിലെപ്പോഴുമെപ്പോഴും മിന്നിത്തിളങ്ങി. എന്നിട്ടും ഞാൻ പാമിയുടെ വീട്ടിൽ പോകുകയുണ്ടായില്ല.

കണ്ണുനീർത്തുള്ളികൾ അലിഞ്ഞുചേർന്ന ആ വിരുന്നിലെ വിഭവങ്ങളാസ്വദിക്കാൻ ഞാനിഷ്ടപ്പെട്ടില്ല. കണ്ണീരിൻെറ പുളി നാവിൻതുമ്പിലേററാൽ ഉൾത്തുടിപ്പു് തേങ്ങിക്കരഞ്ഞുപോകും.

അന്നു ഞാനെൻെറ മുറിയിൽ തളർന്നിരിക്കുകയായിരുന്നു. വായിക്കാനെടുത്തിട്ടു് തുറന്നുനോക്കുകപോലും ചെയ്യാത്ത ഒരു പെങ്ക്വിൻപുസ്തകം കൈയിലിരിപ്പുണ്ടു്. പെട്ടെന്നു റബ്ബർച്ചെരിപ്പുകൾ നിലത്തുരയുന്ന ശബ്ദംകേട്ടു. പാമിയുടെ കൊച്ചനുജത്തി മെററിൽഡാ വാതിൽക്കൽ പ്രത്യക്ഷപ്പെട്ടു. അവളുടെ ചുണ്ടിൽ നിറയെ പുഞ്ചിരിയാണു്.

"ചേട്ടാ."

"എന്തെ, മെററിൽഡാ."

"ചേട്ടൻ വരുന്നില്ലേ?"

"എങ്ങോട്ടു്?"

"കളിയാക്കല്ലേ ചേട്ടാ. വീട്ടിലേക്കു വരുന്നില്ലേ. മമ്മി എത്ര നേരമായി കാത്തിരിക്കുന്നു."

"ഓ, ഞാനിതാവരുന്നു മെററിൽഡാ. മോളു പൊയ്ക്കൊള്ളൂ."

"ഇപ്പോൾത്തന്നെ വരില്ലേ, ചേട്ടാ?"

"ഇതാ വന്നുകഴിഞ്ഞു. ഒന്നു ഡ്രസ്സുചെയ്തോട്ടെ, മെററിൽഡാ."

അവൾ ചിരിച്ചുകൊണ്ടു് ഓടിപ്പോയി. ഞാൻ ഡ്രസ്സുചെയ്തു പുറത്തിറങ്ങി. എന്നാൽ കാലുകൾ നീങ്ങിയതു് പാമിയുടെ വീട്ടിലേക്കല്ല; ബീച്ചിലേക്കാണു്. ഓ, ആ കൊച്ചുകുട്ടിയോടു നുണപറയേണ്ടിവന്നു. "വരില്ല" എന്നു വെട്ടിത്തുറന്നു പറയാൻ കഴിയാഞ്ഞിട്ടാണു്.

ബീച്ചിൽ ഒഴിഞ്ഞൊരിടത്തു ഞാനിരുന്നു ആകാശം തുടുക്കുന്നതു ഞാൻ കണ്ടു. അനേകം വിളുമ്പുകളടക്കിപ്പിടിച്ചു സൂര്യൻെറ ചുകന്നമുഖത്തു്, വെള്ളിത്തിരമാലകൾ എന്തിനെന്തിച്ചെന്നു് ചുംബിക്കുകയാണു്. അങ്ങു് അലയാഴിയുടെ അപാരതയിൽ ഇരുളും വെളിച്ചവും കെട്ടിമറിയുന്നു. അരുണിമയണിഞ്ഞ ചക്രവാളംപോലെ വിങ്ങിത്തുടുത്ത ഹൃദയവുമായി ഞാനാ കടൽത്തീരത്തു് ഒരുപാടുനേരമിരുന്നു. ആ മണൽപ്പരപ്പിൽനിന്നു് ഞാനെഴുന്നേല്ക്കുമ്പോൾ തെരുവുവിളക്കുകൾ കണ്ണുമിഴിച്ചിരുന്നു. പാമിയുടെ അമ്മ എന്നെ കാത്തിരുന്നു മടുത്തിരിക്കും.

(ശേഷം 11-ാംപേജിൽ)

THE SOUTH INDIAN BANK LTD.,

ESTD: 1929 H. O. TRICHUR A SCHEDULED BANK

| | |
|---|---|
| Authorised Capital | Rs. 50,00,000 |
| Issued & Subscribed Capital | Rs. 25,00,000 |
| Paid up Capital | Rs. 9,45,120 |
| Reserves | Rs. 6,48,901 |
| Deposits as on 31-5-57 exceed | Rs. 3,43,00,000 |

With a net-work of 23 branches in South India the Bank backed by an efficient organisation transacts banking business to the complete satisfaction of its vast clientele.

BRANCHES:

ALLEPPEY, ALWAYE, BHAVANI, COCHIN, COIMBATORE, ERNAKULAM, GOBICHETTIPALAYAM, IRINJALAKUDA, KUNNAMKULAM, KOZHIKODE, KOLLENGODE, MADRAS, MANJERI, MANNARGHAT, NILAMBUR, OTTAPALAM, PALGHAT, POLLACHI, PONANI, SALEM, TIRUPUR, TRICHUR & WADAKANCHERI.

BOARD OF DIRECTORS:

Sri C. A. Ouseph, B. A., B. L. (Chairman)
" K. A. Davies, B. A., B. L., (Dy. Chairman)
" C. D. Chakko
" C. L. Mathew

Sri. K. K. Francis
" M. D. Thomas
" T. O. Porinchu, B. A.
" Joseph Chakkola
" A. C. Sebastian

Sri. T. A. Maney, (Dy. General Manager)

Please contact our nearest branch agent.

Sri. M. V. John, (General Manager)

# തിരുസഭയും കമ്മ്യൂണിസവും

## സഭയെ ഉൻമൂലനംചെയ്യുന്നതിനു കമ്മ്യൂണിസ്റ്റുകൾ കിണഞ്ഞുപരിശ്രമിക്കുന്നു

(ജെ. കുത്താപ്പറമ്പിൽ എസ്. ജെ.)

ഇതുവരെ ഉണ്ടായിട്ടുള്ളതിൽ ഏററവും ഭയങ്കരനായ ഒരു ശത്രുവിനോടാണ് തിരുസഭ ഇന്നു പടവെട്ടിക്കൊണ്ടിരിക്കുന്നത്. ഔദ്യോഗികമായി ഈ യുദ്ധം തുടങ്ങിയിട്ട് നാല്പതുകൊല്ലമായി. ഇനിയും ഉടൻ ഈ യുദ്ധം അവസാനിക്കുന്ന ലക്ഷണമൊന്നും കാണുന്നില്ല. തിരുസഭയെ ഭൂമുഖത്തുനിന്നും ഉന്മൂലനം ചെയ്യണമെന്ന ദൃഢനിശ്ചയത്തോടെ അവളെ എല്ലാവിധ മാർഗ്ഗങ്ങളുമുപയോഗിച്ച് എതിർക്കുന്ന കമ്മ്യൂണിസമാണ് ഈ ശത്രു. ഡഗ്ലസ് ഹൈഡ് പറയുന്നതുപോലെ മനുഷ്യസമുദായത്തിൽ പ്രത്യക്ഷപ്പെട്ടിട്ടുള്ളതിൽ ഏററവും പൂർണ്ണവും ഏററവും വിനാശകരവുമായ ഒരു സിദ്ധാന്തമാണ് നിരീശ്വരകമ്മ്യൂണിസം. ഒരു തത്വസംഹിത എന്ന നിലയിലും പ്രായോഗികജീവിതസിദ്ധാന്തമെന്ന നിലയിലും കമ്മ്യൂണിസത്തെപ്പോലെ പ്രബലമായ മറെറാരു ശത്രുവിനെ തിരുസഭയ്ക്കു ഇതുവരെയും നേരിടേണ്ടിവന്നിട്ടില്ല. മറെറല്ലാ ശത്രുക്കളുടേയും ശക്തിയും ക്രൂരതയും ഇതിൽ കേന്ദ്രീകരിച്ചിരിക്കുന്നതുപോലെ തോന്നിപ്പോകുന്നു. നരകവാതിലുകൾ ഒന്നുചേർന്ന് ഒരവസാനകൈ തിരുസഭയ്ക്കെതിരായി നോക്കുകയാണോ എന്നു തോന്നും, തിരുസഭയ്ക്കെതിരായിട്ടുള്ള കമ്മ്യൂണിസ്റ്റുകളുടെ യുദ്ധസന്നാഹം കണ്ടാൽ.

കമ്മ്യൂണിസത്തിന്റെ അസ്ഥിവാരം വെറും ഭൗതികവാദവും നിരീശ്വരത്വവുമാണെങ്കിലും, അതിന്റെ പരിപാടികളിൽ ചില നല്ല അംശങ്ങളുണ്ട്. കമ്മ്യൂണിസത്തിന്റെ അടിസ്ഥാനതത്വങ്ങൾക്കു കടകവിരുദ്ധമായ ഈ നല്ല അംശങ്ങളാണ് ഇതുവരേയുമുള്ള അതിന്റെ വിജയത്തിനു കാരണം. ജീവിതക്ലേശങ്ങളാൽ വലയുന്ന തൊഴിലാളികൾക്കും സാധുക്കൾക്കും കമ്മ്യൂണിസം നൽകുന്ന സന്ദേശം അവരെ അതിലേക്ക് ആകർഷിക്കുവാൻ വളരെ പര്യാപ്തമാണ്. കമ്മ്യൂണിസത്തിന്റെ മുദ്രാവാക്യം തൊഴിലാളികളുടെ സുഭിക്ഷസുന്ദരമായ ഒരു പറുദീസാ ഈ ലോകത്തിൽ സൃഷ്ടിക്കുക എന്നതാണ്. മനുഷ്യരെ അവരുടെ എല്ലാവിധ ക്ലേശങ്ങളിൽനിന്നും വിമുക്തരാക്കി അവർക്കു പരിപൂർണ്ണസൗഭാഗ്യം കൊടുക്കാം എന്നുൽഘോഷിക്കുന്ന കമ്മ്യൂണിസം നിരവധിജനങ്ങളെ, പ്രത്യേകിച്ച് സാധുക്കളെ വഞ്ചിച്ചിട്ടുണ്ടെങ്കിൽ അതിൽ അതിശയിപ്പാനില്ല. കമ്മ്യൂണിസത്തിന്റെ വിജയത്തിനു പ്രധാന കാരണക്കാർ ലോകത്തിലുള്ള തൊഴിലാളികളാണെന്നു പറയാം. കൂടാതെ റഷ്യ, ചൈന തുടങ്ങിയ കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിൽ അവർക്കു ലഭിച്ച രാഷ്ട്രീയവും സാമ്പത്തികവുമായ വിജയങ്ങളും കമ്മ്യൂണിസത്തെ പ്രചരിപ്പിക്കുവാൻ വളരെ സഹായിച്ചിട്ടുണ്ട്. സാമ്പത്തികമായി ലഭിക്കുന്ന എല്ലാ നേട്ടങ്ങൾക്കും വലിയ പ്രചാരം കൊടുത്ത് മററു ജനങ്ങളേയും രാജ്യങ്ങളേയും കമ്മ്യൂണിസത്തിലേക്കു വശീകരിക്കുവാൻ കമ്മ്യൂണിസ്റ്റുകൾ ചെയ്യുന്ന ശ്രമം നിഷ്ഫലമായിട്ടില്ല. സുസംഘടിതമായ കേന്ദ്രീകരണത്തോടുകൂടിയ അന്താരാഷ്ട്രീയകമ്മ്യൂണിസം കഴിയുന്ന എല്ലാ മാർഗ്ഗങ്ങളുമുപയോഗിച്ച് ലോകം മുഴുവനും ചെങ്കൊടിക്കീഴിൽ കൊണ്ടുവരുവാൻ ശ്രമിക്കുകയാണ്. ഇന്നു ലോകത്തിൽ നാലിലൊരു ഭാഗം കമ്മ്യൂണിസ്റ്റ് സർവ്വാധിപത്യത്തിലാണെന്നു പറയാം. കമ്മ്യൂണിസ്റ്റുകൾ ഭരിക്കുന്ന എല്ലാ രാജ്യങ്ങളിലും അവർ ദൈവത്തിനും സത്യസഭയ്ക്കുമെതിരായി നിരന്തരം യുദ്ധം ചെയ്തുവരുന്നു.

കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിലെ ജനങ്ങളെ കമ്മ്യൂണിസത്തിന്റെ ഉത്തമ ഉപകരണമാക്കുവാൻ ഒരു പുതിയ വിദ്യാഭ്യാസസമ്പ്രദായം കമ്മ്യൂണിസ്റ്റുകൾ രാജ്യമൊട്ടുക്കു നടപ്പിലാക്കുന്നു. പ്രത്യേകിച്ച് കമ്മ്യൂണിസ്റ്റ് പാർട്ടി അംഗങ്ങൾക്കു കൊടുക്കുന്ന പരിശീലനം അന്യാദൃശമാണ്. ഓരോ കമ്മ്യൂണിസ്റ്റിനും കമ്മ്യൂണിസ്റ്റ് തത്വശാസ്ത്രമനുസരിച്ചുള്ള വിദ്യാഭ്യാസംകൊടുത്ത് അവൻ ഇതുവരേയും പഠിച്ചിട്ടുള്ളതും ധരിച്ചുവച്ചിട്ടുള്ളതുമായ എല്ലാ സത്യങ്ങളേയും ചോദ്യം ചെയ്യുവാനും, കമ്മ്യൂണിസ്റ്റ് ആശയങ്ങൾക്കു വിരുദ്ധമായവ എല്ലാം പാടേ ഉപേക്ഷിക്കുവാനും പഠിപ്പിക്കുന്നു. വിദ്യാലയങ്ങളിൽ കമ്മ്യൂണിസം നിർബന്ധവിഷയമാക്കുന്നു. മനുഷ്യനെ പൂർണ്ണകമ്മ്യൂണിസ്റ്റാക്കിത്തീർക്കുക—ഇതാണ് കമ്മ്യൂണിസ്റ്റ് വിദ്യാഭ്യാസത്തിന്റെ ഉദ്ദേശം. സനാതനസത്യങ്ങളെക്കുറിച്ചും സന്മാർഗ്ഗനിയമങ്ങളെക്കുറിച്ചുമുള്ള ആശയങ്ങളെല്ലാം മാററിമറിക്കപ്പെടുന്നു; മേലിൽ കമ്മ്യൂണിസ്റ്റാശയങ്ങൾ മാത്രമേ മനുഷ്യനെ ഭരിക്കുവാൻ പാടുള്ളു, അതാണ് ലക്ഷ്യം.

വിദ്യാഭ്യാസം മാത്രമല്ല മനുഷ്യന്റെ അനുദിനജീവിതവും മറെറല്ലാ പ്രവൃത്തികളും അവനെ കമ്മ്യൂണിസത്തിൽ തഴച്ചുവളരുവാൻ പ്രോത്സാഹിപ്പിക്കുന്നു. മനുഷ്യന്റെ മനസ്സിനെയും ശരീരത്തെയും സ്പർശിക്കുന്ന എല്ലാ തത്വങ്ങളും ആശയങ്ങളും അവനെ ഒരുത്തമ കമ്മ്യൂണിസ്റ്റാക്കണമെന്ന ഉദ്ദേശത്തോടെയാണ് രൂപീകരിക്കപ്പെട്ടിരിക്കുന്നത്. വർത്തമാനപത്രങ്ങളും പുസ്തകങ്ങളും കമ്മ്യൂണിസ്റ്റാശയങ്ങൾ ജനങ്ങളുടെ ഇടയിൽ നിരന്തരം വിതരണം ചെയ്യുന്നു. എല്ലാവിധ കലകളും കമ്മ്യൂണിസം പ്രചരിപ്പിക്കുവാൻ പര്യാപ്തമായിരിക്കത്തക്കവണ്ണം സംവിധാനം ചെയ്യുന്നു. ഈ പുതിയ പരിപാടികൾക്കനുസരിച്ച് ജനങ്ങൾ അവരുടെ ജീവിതരീതി ക്രമപ്പെടുത്തിക്കൊള്ളണം; അല്ലെങ്കിൽ അവരുടെ ഭാവി അപകടത്തിലായിരിക്കും.

ഇപ്രകാരം കമ്മ്യൂണിസ്റ്റു വിദ്യാഭ്യാസം ലഭിച്ചവർ കമ്മ്യൂണിസത്തിനുവേണ്ടി എന്തും ചെയ്യുവാൻ സന്നദ്ധരാണ്. ഇവരുടെ സഹായത്തോടെ കമ്മ്യൂണിസ്റ്റ് കക്ഷി അതിന്റെ പുരോഗമനത്തിനും വളർച്ചയ്ക്കും എതിരായ എല്ലാ വിഘ്നങ്ങളും തട്ടിമാററുവാൻ മുൻപോട്ടുവരുന്നു. കമ്മ്യൂണിസ്റ്റുകൾ രാഷ്ട്രീയാധികാരം പിടിച്ചെടുത്തശേഷം തിരുസ്സഭയെ നശിപ്പിക്കുന്നതിനാണ് ആദ്യമായി യത്നിക്കുന്നത്. കമ്മ്യൂണിസത്തിന്റെ ആരംഭംമുതൽ അവർ തിരുസഭയെ അടിച്ചമർത്തി നശിപ്പിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. ആരംഭത്തിൽ പരസ്യവും ക്രൂരവുമായ മതപീഡനങ്ങൾമൂലം തിരുസഭയെ ഉച്ചാടനം ചെയ്യുവാൻ ശ്രമിച്ചിരുന്നുവെങ്കിലും അതു നിഷ്ഫലമായതേയുള്ളു.

1917 ഒക്ടോബറിൽ റഷ്യയിൽ കമ്മ്യൂണിസ്റ്റുകൾ അധികാരത്തിൽ വന്ന ഉടൻ അത്യുഗ്രമായ മതപീഡനങ്ങൾ തിരുസഭയ്ക്കെതിരായി അവർ അഴിച്ചുവിട്ടു. തിരുസഭയ്ക്കെതിരായുള്ള ഈ തുറന്നയുദ്ധം 30 വർഷം നീണ്ടുനിന്നു. കമ്മ്യൂണിസ്റ്റുകൾ സഭാമേലദ്ധ്യക്ഷന്മാരെ കൊല്ലുകയോ തടവിലാക്കുകയോ നാടുകടത്തുകയോ ചെയ്തു. കത്തോലിക്കാ വിദ്യാലയങ്ങൾ, അച്ചടിശാലകൾ, ആശുപത്രികൾ തുടങ്ങിയ പരോപകാര സ്ഥാപനങ്ങൾ ഇവയെല്ലാം കമ്മ്യൂണിസ്റ്റുകൾ പിടിച്ചെടുത്തു, തിരുസഭയ്ക്കെതിരായി നിരീശ്വരത്വവും കമ്മ്യൂണിസവും പ്രചരിപ്പിക്കുവാൻ അവയെ ഉപയോഗിച്ചുവന്നു. മുപ്പതുവർഷത്തെ ഉഗ്രമായ മതപീഡനത്തിനുശേഷവും റഷ്യൻ ജനതയുടെ ദൈവവിശ്വാസം നശിപ്പിക്കുവാൻ കമ്മ്യൂണിസ്റ്റുകൾക്കു സാധിച്ചിട്ടില്ല. തിരുസഭ ആദ്യശതാബ്ദങ്ങളിലെ മതപീഡനകാലങ്ങളിൽ എപ്രകാരം ശ്മശാനഗുഹകളിൽ അഭയം പ്രാപിച്ചുവോ അതുപോലെ റഷ്യയിലും രഹസ്യമായ അഭയസ്ഥലങ്ങൾ കണ്ടെത്തുവാൻ അവൾ നിർബന്ധിതയായി.

ക്രൂരമായ മതപീഡനംമൂലം നിരവധി കത്തോലിക്കരുടെ രക്തം ചിന്തുന്നതിനാൽ കത്തോലിക്കർക്കു നവജീവൻ പ്രദാനം ചെയ്കയല്ലാതെ സഭയെ നശിപ്പിക്കുവാൻ സാധിക്കുകയില്ലെന്നു മനസ്സിലാക്കിയ കമ്മ്യൂണിസ്റ്റുകൾ, തിരുസഭയെ നാമാവശേഷമാക്കുന്നതിനുള്ള പുതിയമാർഗ്ഗങ്ങൾ ആരായുവാൻ തുടങ്ങി. റഷ്യ പ്രയോഗത്തിൽ കൊണ്ടുവന്ന മാർഗ്ഗങ്ങൾ തന്നെയാണ് മററു കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിലും മതത്തെ ഉന്മൂലനം ചെയ്യുവാൻ കമ്മ്യൂണിസ്റ്റുകൾ ഉപയോഗിക്കുന്നത്. തിരുസഭയുടെ ഭരണകൂടത്തെ ശിഥിലമാക്കിയാൽ സാവധാനം അതിനെ നശിപ്പിക്കാമെന്നവർ അനുമാനിച്ചു. ഈ ഉദ്ദേശത്തോടെ അവർ പുതിയതായി കണ്ടുപിടിച്ച മാർഗ്ഗം ഒരു "ദേശീയസഭ" സ്ഥാപിക്കുക എന്നതായിരുന്നു. മാർപ്പാപ്പായോടും റോമാസിംഹാസനത്തോടും ബന്ധമില്ലാത്ത ഒരു പുതിയ റഷ്യൻ ഓർത്തഡോക്സ് സഭയെ അവർ രൂപീകരിച്ചു. കത്തോലിക്കസഭയെ എതിർക്കുവാനും കമ്മ്യൂണിസം പ്രചരിപ്പിക്കുവാനും ഇവർ ഈ സഭയെയാണ് ഉപയോഗിച്ചത്. പൗരന്മാരെല്ലാവരും ഈ "ദേശീയസഭ"യിൽ ചേരണമെന്നും, വിദേശീയ ബന്ധമുള്ള മതത്തിന്റെ അംഗമായിരിക്കുന്നത് നിയമവിരുദ്ധമാണെന്നും കമ്മ്യൂണിസ്റ്റുകൾ പ്രഖ്യാപിച്ചു. ഈ സഭയിൽ ചേരുവാൻ വിസമ്മതിക്കുന്നവർ രാജ്യദ്രോഹികളും കഠിനശിക്ഷയ്ക്കു അർഹന്മാരുമായി ഗണിക്കപ്പെട്ടു. റഷ്യൻ ഓർത്തഡോക്സ് സഭയുടെ മെത്രാപ്പോലീത്താ ഒരു വർഷം ഉദ്ദേശം 40,000 കമ്മ്യൂണിസ്റ്റ് രഹസ്യപ്പോലീസുകളെ സഭയുടെ വൈദികരായി അഭിഷേകം ചെയ്ത് സത്യസഭയ്ക്കെതിരായി യുദ്ധം ചെയ്യുവാനായി റഷ്യയുടെ നാനാഭാഗങ്ങളിലേക്കും മററധീനരാജ്യങ്ങളിലേക്കും അയച്ചു.

ഓരോ രാജ്യത്തുമുള്ള കത്തോലിക്കാസഭ മാർപ്പാപ്പായെ തലവനായി അംഗീകരിച്ച് മാർപ്പാപ്പായുമായുള്ള ബന്ധം പാലിച്ചുവരുന്നിടത്തോളംകാലം സഭയെ ഒരിക്കലും നശിപ്പിക്കുവാൻ സാധിക്കുകയില്ലെന്നുള്ള സത്യം കമ്മ്യൂണിസ്റ്റുകൾ മനസ്സിലാക്കിയിരുന്നു. അതുകൊണ്ട് ആ ബന്ധം എങ്ങനെയെങ്കിലും വിടത്തണമെന്ന ദൃഢനിശ്ചയത്തോടെ കമ്മ്യൂണിസ്റ്റുകൾ മാർപ്പാപ്പാക്കും വത്തിക്കാനുമെതിരായി ഒരു സന്ധിയില്ലാസമരംതന്നെ നടത്തുവാൻ തീരുമാനിച്ചു. എല്ലാവിധ ആധുനികപ്രചാരണോപാധികളുമുപയോഗിച്ച് മാർപ്പാപ്പായും വത്തിക്കാനും റഷ്യൻജനതയുടെ പ്രമുഖശത്രുക്കളാണെന്നു കാണിക്കുവാൻ അവർ സാഹസപ്പെട്ടു. കാലംചെയ്ത മാർപ്പാപ്പാമാരുടെ അററകുററങ്ങൾ ഓരോന്നോരോന്നായി വലുതാക്കിക്കാണിച്ച് അവർ മാർപ്പാപ്പാക്കും തിരുസഭയ്ക്കുമെതിരായി പ്രചരണവേലനടത്തി. കൂടാതെ വത്തിക്കാൻ ഒരു മുതലാളിരാഷ്ട്രമാണെന്നും, മാർപ്പാപ്പാ ലോകത്തിലെ ഏററംവലിയ മുതലാളിരാഷ്ട്രമായ അമേരിക്കയുടെ കൂട്ടുകെട്ടിലാണെന്നും, അമേരിക്കൻപണമുപയോഗിച്ച് വത്തിക്കാൻ മററു രാജ്യങ്ങളിലെല്ലാം നൺഷിയോ, മെത്രാന്മാർ, വൈദികർ മുതലായവരുടെ സഹായത്തോടെ അമേരിക്കാക്കുവേണ്ടി ചാരവൃത്തിചെയ്തുവരുന്നുവെന്നും കമ്മ്യൂണിസ്റ്റുകൾ പറഞ്ഞുപരത്തി.

മാർപ്പാപ്പായെ കമ്മ്യൂണിസ്റ്റ് രാജ്യങ്ങളുടെ പ്രമുഖശത്രുവായി എടുത്തുകാണിച്ച്, ആരെങ്കിലും മാർപ്പാപ്പായോടൊ വത്തിക്കാനോടൊ ബന്ധംപുലർത്തിക്കൊണ്ടുവന്നാൽ അവർ രാഷ്ട്രത്തിന്റെ ശത്രുക്കളായിരിക്കുമെന്നു പ്രഖ്യാപിച്ചു. ഇപ്രകാരം മാർപ്പാപ്പായോടുള്ള സമ്പർക്കമെല്ലാം ഉപേക്ഷിക്കുവാൻ കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിലെ മെത്രാന്മാരെ നിർബന്ധിക്കുകയും വത്തിക്കാനുമായി കത്തിടപാടുകൾ നിരോധിക്കുകയുംചെയ്തു. തിരുസഭയുടെ നിയമമനുസരിച്ച് മാർപ്പാപ്പായെ സന്ദർശിക്കുവാൻ മെത്രാന്മാർക്കനുവാദമില്ല. മാർപ്പാപ്പായുടെ പ്രതിനിധികളെ ബന്ധനത്തിലാക്കുകയോ നാടുകടത്തുകയോ ചെയ്തിരിക്കുന്നു. മെത്രാന്മാരെ മാർപ്പാപ്പായുമായുള്ള സമ്പർക്കത്തിൽനിന്നു മകററി നിറുത്തുന്നതുപോലെതന്നെ രാജ്യത്തിലെ വൈദികരെ മെത്രാന്മാരിൽനിന്നും അകററിനിറുത്തുവാനും കമ്മ്യൂണിസ്റ്റുകൾ ഭഗീരഥപ്രയത്നംചെയ്യുന്നുണ്ട്. മെത്രാന്മാരെ അന്യോന്യം പിണക്കി ശിശ്മകൾ ഉൽഘാടനംചെയ്യുന്നതിനും കമ്മ്യൂണിസ്റ്റുകൾ ശ്രമിക്കുന്നു. നിസ്സാരമായ സംഗതികളെ വലുതാക്കിക്കാണിച്ച് മെത്രാന്മാരേയും വൈദികരേയും അന്യോന്യം വെറുപ്പിക്കുന്നതിനും അപ്രകാരം തിരുസഭയുടെ ഐക്യം ശിഥിലമാക്കുന്നതിനും കമ്മ്യൂണിസ്റ്റുകൾ എപ്പോഴും അവസരംനോക്കിയിരിക്കുകയാണ്. തിരുസഭയുടേയും മെത്രാന്മാരുടേയും കല്പനകൾക്കെതിരായി ദേശീയസഭയിൽ ചേരുന്നതിന് കമ്മ്യൂണിസ്റ്റുകൾ വൈദികർക്കു നൽകുന്ന പ്രേരണകൾ നിരവധിയാണ്. ഈ പ്രലോഭനങ്ങൾക്കടിമപ്പെട്ട ചുരുക്കം ചില വൈദികരെ എല്ലാ കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിലും കാണുവാൻ സാധിക്കും. ചില വൈദികരെയെങ്കിലും അധഃപതിപ്പിക്കുവാൻ സാധിച്ചതിലാണ് കമ്മ്യൂണിസ്റ്റുകളുടെ വലിയ വിജയം. കമ്മ്യൂണിസ്റ്റുകൾ ഇവരെയാണ് ഉത്തമരാജ്യസ്നേഹികളായി മററുള്ളവർക്ക് എടുത്തുകാണിക്കുന്നത്. കമ്മ്യൂണിസ്റ്റുകളുടെ ദേശീയസഭയിൽ ചേരാതെ ചെറുത്തുനിൽക്കുന്ന വൈദികരുടെ ജീവിതവും ഭാവിയും ഒരിക്കലും സുരക്ഷിതമല്ല. എന്നാൽ


**കോതമംഗലം മിസ്സത്തിൽ**

മൈലക്കൊമ്പു മഠത്തിലേക്കു വളരെ മനോഹരമായി ഒരു സക്രാരിസിംഹാസനം Presented by Rev. Fr. Joseph Thazhutheveettil എന്ന പേരിൽ വാർത്തിണക്കിക്കൊടുത്തതിനു വിലയ്ക്കും പുറമേ സമ്മാനവും അഭിപ്രായവും.

From 14—5—57 To
Mother General A. N. T. Joseph
S. H. Convent, Paynkulam Metal Works
Thodupuzha Valapad.


I am entirely satisfied with excellent Tabernacle you have made I am glad to let you know that everybody who came here for the Vestition, admired your work as a real work of art.

yours faithfully
(Sd) Sr. Mary Margaret O. S. H. (Mother General)

പാലാ മിസ്സത്തിൽ മാൻവെട്ടം പുതിയ പള്ളിയിലേക്കു 12 തുണ്ടുകളോടുകൂടിയ ഒരു വിശേഷമായ സിംഹാസനം Presented by Parambil Kudumbayogam 1—6—57 എന്ന പേരിലും വാർത്തുകൊടുത്തതു ബ. വന്ദ്യതിരുമേനിക്കും ബ. അച്ചന്മാർക്കും മററും വളരെ ഇഷ്ടമായി എന്നും മററും ഇവിടെ അറിയിച്ചിരിക്കുന്നു.

*A. N. T. Joseph, Metal Works, Valapad*





തിരുസഭയിലെ ബഹുഭൂരിപക്ഷം വൈദികരും ജനങ്ങളും കമ്മ്യൂണിസ്റ്റുകളുടെ എല്ലാവിധ ഭത്സനങ്ങളേയും മതപീഡനസംരംഭങ്ങളേയും തൃണവൽഗണിച്ച് സത്യസഭയ്ക്കായി അവസാനത്തുള്ളി രക്തംപോലും ചിന്തുവാൻ തയ്യാറാണ്. (തുടരും)

(11-ാം പേജ് തുടർച്ച)

ച്ചാൽ ഇസ്രായേൽജനതയെ വിഹിതപരിധികളിൽ നിറുത്തുവാനാരാണ്? ഭടസംഘങ്ങൾ എന്ന് അങ്ങ് പറയുമായിരിക്കും. ഒരുപക്ഷെ തല്ക്കാലത്തേക്കു സാധിച്ചെന്നുവരും. എന്നാൽ ഒരു കാര്യം ആലോചിക്കേണ്ടതുണ്ട്. അങ്ങേക്കറിയാവുന്നവിധം ഒട്ടുവളരെ ജീവനാശത്തിനു കാരണമായ പാർത്ത്യൻയുദ്ധത്തിനു പുറമെ ഇവിടെ ഒരു ജനകീയവിപ്ലവം കൂടി പൊട്ടിപ്പുറപ്പെട്ടാൽ റോമായിലുണ്ടാകുന്ന അഭിപ്രായഗതി എപ്രകാരമായിരിക്കും? ഭടസംഘങ്ങൾ വിപ്ലവം അമർത്തുകതന്നെ ചെയ്യും. ബറാബാസിന്റെ സംഗതിയിൽ ഇതു ഞങ്ങൾക്കെല്ലാം മനസ്സിലാക്കുവാൻ കഴിഞ്ഞതാണ്. പക്ഷെ, പ്രൊക്കുറയിറാർ, സീസറിനു വളരെ ഹൃദ്യമായിത്തീർന്നിട്ടുള്ള ഒരു സംസ്ഥാനത്തു വിപ്ലവം നടമാടുന്നപക്ഷം അവിടത്തെ ഗവർണരെപ്പററി അഗസ്റ്റസിനു വലിയ മതിപ്പുണ്ടാകുവാൻ വകയില്ല."

പുച്ഛരസത്തിൽ പീലാത്തോസ് പറഞ്ഞു: "ഉന്നതാചാര്യനു നന്ദി, എന്റെ സുസ്ഥിതിയിൽ നിങ്ങൾ ഇത്രയധികം ജാഗരൂകനായിരിക്കുന്നതിൽ ഞാൻ സുഭഗൻതന്നെ."

ഹന്നാസിന്റെ പ്രത്യുത്തരം പെട്ടെന്നുണ്ടായി: "അങ്ങ് പരിഹസിക്കുന്നു, പ്രൊക്കുറയിറാർ. ഞങ്ങളിൽനിന്നു പുറപ്പെടുന്ന ആശയങ്ങളെല്ലാം അങ്ങ് സംശയപൂർവ്വം വീക്ഷിക്കരുത്. നാം ഇരുകൂട്ടരുടേയും താല്പര്യങ്ങൾ സന്ധിക്കുന്ന ഒരു സ്ഥാനമുണ്ട്. നാം രാഷ്ട്രാധികാരത്തെ പ്രതിനിധാനം ചെയ്യുന്നവരാകുന്നു. ഈ ദേശത്ത് ജനങ്ങളുടെ ശരീരങ്ങളിന്മേൽ അങ്ങേക്കധികാരമുണ്ട്, അവരുടെ മനസ്സിന്മേൽ എനിക്കും. നസ്രത്തിലെ മനുഷ്യന്റെ ഉപദേശങ്ങളെ ഈ പശ്ചാത്തലത്തിൽനിന്നു വീക്ഷിച്ചാലും. എല്ലാ മനുഷ്യരും സമമാണെന്നും മനുഷ്യർ പരസ്പരം സ്നേഹിക്കണമെന്നും അയാൾ പഠിപ്പിക്കുന്നു. ഭരണീയർക്കീയുപദേശം പ്രിയംകരമാകാം. അതു സ്വാഭാവികമെന്നുംവരാം. എന്നാൽ അതു ഭരണകർത്താക്കൾക്കു പ്രിയംകരമാകുമോ? അങ്ങയുടെ അടിമകൾ സമീപിച്ച് അങ്ങയോട് "പ്രൊക്കുറയിറാർ, ഇനിമേലിൽ അങ്ങയെ സേവിക്കുകയില്ലെന്നു ഞങ്ങൾകൂടി തീരുമാനിച്ചിരിക്കുന്നു. എല്ലാംകൊണ്ടും അങ്ങേക്കു സമന്മാരായ മനുഷ്യരാകുന്നു ഞങ്ങൾ" എന്നു പറയുന്നുവെന്നു കരുതുക. അങ്ങയുടെ സമാധാനമെന്തായിരിക്കും. ഈ നസ്രായന്റെ ഉപദേശങ്ങൾ യഹൂദരുടെയിടയിൽ മാത്രമേ വേരൂന്നുകയുള്ളു, നിങ്ങളുടെ അടിമകളുടെമദ്ധ്യേ പ്രചരിക്കുകയില്ലെന്നെന്താണ് നിശ്ചയം? ഞങ്ങൾക്കും റോമന്മാരായ നിങ്ങൾക്കും ഒരുപോലെ ആപല്ക്കരമായ ഒരു വിപ്ലവത്തെ മുൻകൂട്ടി തടയണമെന്നുള്ളതാണ് ഞങ്ങളുടെ ആവശ്യം. ബഹുകോടിജനങ്ങൾക്കെതിരായും അധീശത്വം സംബന്ധിച്ച ആശയം നിലനിറുത്തണം. അതിനായുള്ള സമരത്തിൽ വൈയക്തികമായ നമ്മുടെ ലഘുവൈരത്തിനു സ്ഥാനംകൊടുക്കുക മൊത്തത്തിലുള്ള ലക്ഷ്യത്തിനെതിരായ ഒരു പാതകമായിരിക്കുകയില്ലയോ? കാര്യത്തിന്റെ നിരന്തരോധമായ നില ചിന്തിച്ചാൽ ഞാൻ അങ്ങിൽനിന്നാവശ്യപ്പെടുന്ന ഒരു മനുഷ്യന്റെ ജീവൻ ആലോചനാവിഷയംതന്നെ ആകേണ്ടതുണ്ടോ?"

പീലാത്തോസ് ഉന്മേഷമില്ലാതെ തറയിലേക്കുനോക്കി. ഉന്നതാചാര്യൻ അദ്ദേഹത്തിന്റെ നിലപാട് വ്യക്തമാക്കിക്കഴിഞ്ഞു. പക്ഷെ ഒരേയൊരു മതോന്മത്തൻ മൂലം റോമൻഭരണകൂടം തകരുവാനിടയുണ്ടെന്നു സമ്മതിക്കുക ദൗർബല്യപ്രഖ്യാപനംമാത്രം ആണെന്നായിരുന്നു ഗവർണ്ണരുടെ അഭിപ്രായം.

"റോമായുടെ സാർവ്വഭൗമികമായ അധികാരത്തെ നിങ്ങളുടെ സ്വന്തം ശക്തിയുടെ അവസ്ഥാഭേദങ്ങളുമായി തട്ടിനോക്കുന്നതു തുലോം ധൃഷ്ടമാകുന്നു."

"പ്രൊക്കുറയിറാർ, വിപ്ലവാത്മകമായ ആശയങ്ങളുടെ ശക്തിക്കു വിലകുറവെന്നു ചിന്തിക്കരുതെ. ഞാൻ വീണ്ടും പറയുകയാണ്, റോമായുടെ താല്പര്യങ്ങളേയും ഞങ്ങളുടെ താല്പര്യങ്ങളേയും പരിഗണിച്ച് ആ മനുഷ്യന്റെ ഉപദേശങ്ങൾ ഗലീലിയും യൂദിയായും അതിക്രമിച്ച് അധഃസ്ഥിതവർഗ്ഗക്കാരുടെ മനസ്സ് മേഘാവൃതമാക്കിത്തീർത്തു. ഇപ്പോഴുണ്ടായിട്ടുള്ളതിലുമധികം അനർത്ഥം ഉണ്ടാകുവാൻ സംഗതിയാകാതെ അയാളെ തട്ടിക്കളയുകതന്നെവേണം."

രോഗവിവരക്കത്തുകൾ
അയക്കേണ്ട വിലാസം:-

കാളൻവൈദ്യൻ,
നെല്ലായി (S. India)

"ഞാൻ ഈ കാര്യത്തിൽ തീരുമാനം ചെയ്തുവല്ലോ. ആ മനുഷ്യൻ ഒരു ഗലീലേയനാകയാൽ ഞാൻ അയാളെ ഗലീലിഗവർണ്ണർസമക്ഷം അയച്ചു. അദ്ദേഹവുമായാലോചിച്ച് അയാളുടെ ഭാവി നിശ്ചയിച്ചുകൊള്ളു."

ഈ അഭിപ്രായം തള്ളിമാററുവാനെന്നോണം ഉന്നതാചാര്യൻ കരങ്ങളുയർത്തി വീണ്ടും നിവേദനം തുടങ്ങി: "നാം തമ്മിൽ ആലോചിച്ചാകരുതോ? ഇപ്പോഴും രാജസ്ഥാനം തനിക്കുണ്ടെന്നഭിമാനിക്കുന്ന ഹേറോദ് അന്തിപ്പാസ് ഞങ്ങളിൽപ്പെട്ടയാളല്ല. ഇസ്രായേലിന്റെ ഗാത്രത്തിലെ ദൂഷിതമായ ഒരവയവമാണദ്ദേഹം. ഞങ്ങളാണ് കുററാരോപകന്മാർ എന്ന ഏകന്യായം മുൻനിറുത്തി അദ്ദേഹം പ്രക്ഷോഭകാരിയെ ശിക്ഷകൂടാതെ അയക്കുകതന്നെ ചെയ്യും. വരുവാനിരിക്കുന്നതു ഞാൻ പറഞ്ഞേക്കാം. ഹേറോദ് നസ്രായനെ അങ്ങേപക്കലേക്കു തിരിച്ചയക്കും. അതു ന്യായവുമാണ്. ആ ദൈവദൂഷകൻ അങ്ങയുടെ അധികാരത്തിലിരിക്കുന്ന ഭൂവിഭാഗത്തിൽവച്ചാണ് വിനാശകരമായ അയാളുടെ അവസാനപ്രസംഗം നടത്തിയതു്. ആകയാൽ അങ്ങുതന്നെ അയാളുടെ വിധികർത്താവായിരിക്കണം."

"നിങ്ങൾ അദ്ദേഹത്തെ വിധിച്ചുകഴിഞ്ഞല്ലോ."

"അതു ഞങ്ങളുടെ നിയമമനുസരിച്ചത്രെ. അങ്ങയുടെ അധികാരത്തിൽ ഞങ്ങൾ കൈവച്ചില്ലതാനും. ഞങ്ങളുടെ നടപടിയിൽ അങ്ങ് ഞങ്ങളുടെ വിധി സ്ഥിരീകരിച്ച് അതു നടപ്പിൽവരുത്തേണമെന്നുള്ള യാതൊരു സൂചനയുമില്ലായിരുന്നു. അങ്ങെന്തെങ്കിലും ചെയ്യണമെന്നു നിർദ്ദേശിക്കുവാൻ ഞങ്ങൾക്കധികാരമില്ലെന്നു ഞങ്ങൾക്കറിയാം. അങ്ങു അയാളെ വിസ്തരിച്ച് ശിക്ഷാവിധി കല്പിച്ചാൽമതി. അതും ഞങ്ങൾ ആഗ്രഹിക്കുന്നതുകൊണ്ടല്ലാ, നിങ്ങളുടെ സാമ്രാജ്യത്തിന്റെ സുസ്ഥിതിക്കവേണ്ടിമാത്രമാണ്."

പീലാത്തോസ് സ്വസ്ഥാനത്തുനിന്ന് എണീററിട്ടു പറഞ്ഞു: "ഹേറോദ് എന്തു തീരുമാനിക്കുന്നുവെന്നു കാണട്ടെ."

ഉന്നതാചാര്യനും എണീററു. അദ്ദേഹത്തിന്റെ വക്ഷസ്ഥലത്തണിഞ്ഞിരുന്ന, രത്നഖചിതമായ പൊൻതകിടിന്മീതെ കരങ്ങൾ വിലങ്ങനെ വിരിച്ച് നമ്രശിരസ്കനായി അദ്ദേഹം പറഞ്ഞു: "അങ്ങുതന്നെ വിധിപ്രസ്താവിക്കേണ്ടിവരുമെന്നുള്ളതിൽ സംശയമില്ല. സ്വസ്തി."

ഉന്നതാചാര്യനെ വാതിൽവരെ പീലാത്തോസനുഗമിച്ചു ഉന്നതാചാര്യൻ വാതിലിനുസമീപം പല്ലക്കിൽകയറി. ചതുരാങ്കണത്തിൽ പിന്നെയും തടിച്ചുകൂടിയ പ്രാകൃതജനം ഉന്നതാചാര്യന്റെ അകമ്പടി കണ്ടമാത്രയിൽ ഉച്ചത്തിൽ ആർത്തുവിളിച്ചു. (തുടരും)

പുനരൈക്യസ്മരണകൾ

# മലങ്കരയിലെ പല മഹാന്മാരുൾപ്പെട്ട "പുത്തൻകൂറുസഭ"

(റവ. വി. സി. ഗീവറുഗീസ്, കോറെപ്പിസ്കോപ്പാ ബി. എ., കിഴക്കമ്പലം)

യാക്കോബായസഭയിലുള്ള ബഃ പട്ടക്കാരും മാന്യന്മാരായ പല പ്രമാണികളും സാധാരണജനങ്ങളും ചോദിക്കാറുണ്ട്, ഈ സഭയ്ക്കു എന്തു ശാപം പററിയെന്നു്? എന്റെ ചെറുപ്പംമുതലേ ഈ ചോദ്യം ഞാൻ കേട്ടുതുടങ്ങിയതാണ്. പ്രായംവന്നപ്പോൾ ഞാൻ വിചാരിച്ചു സുവിശേഷവേല ശക്തിപ്പെടുത്തിയാൽ ശാപം മാറിക്കിട്ടുമെന്നു്. അതിനുവേണ്ടി എന്റെ ബലഹീനതയിൽ ഞാൻ യാക്കോബായസഭയിലായിരുന്നിടത്തോളംകാലം എനിക്കു കഴിയുന്ന രീതിയിൽ അതിനെ ഒരു മിഷനറിസഭയാക്കുന്നതിനു ശ്രമിച്ചുനോക്കി. എന്നാൽ ഒരു മട അടച്ചാൽ മററൊന്നു പൊട്ടും. അവസാനം അന്ത്യോക്യാപ്രതിനിധി എനിക്കയച്ച കല്പനയോടുകൂടി അസാദ്ധ്യമായ ഒരു കാര്യത്തിനാണു ഞാൻ ആയുസ്സു ചെലവാക്കുന്നതെന്നു മനസ്സിലായി. പ്രവർത്തിപ്പാൻതക്ക സുഖം മതിയാകാത്ത വാർദ്ധക്യത്തിൽ കത്തോലിക്കാസഭയുടെ ആശ്ലേഷം സ്വീകരിപ്പാൻ ദൈവം കൃപചെയ്തു. യാക്കോബായസഭയിലെ ഛിദ്രം ഒരു തീരാവ്യാധിപോലെ ആയല്ലോ എന്ന ദുഃഖത്തിൽ ഞാനും വളരെ വ്യഥ അനുഭവിച്ചവനാണ്.

പ്രൊട്ടസ്റ്റൻറുതത്വങ്ങൾ സ്വീകരിച്ചാൽ യാക്കോബായസഭയ്ക്കു ഉയർച്ചകിട്ടും എന്നു മഹാനായ പരേതൻ കെ. സി. ചാക്കോ അവർകളുടെ കൂട്ടായ്മയിൽ ഞാനും വിശ്വസിച്ചവനായിരുന്നു. അദ്ദേഹത്തിന്റെ ആദർശത്തിൽ നടത്തിവരുന്ന ആലുവാ യൂണിയൻ കോളേജിലെ ഇംഗ്ലീഷ്പ്രൊഫസറായിരുന്ന ബഃ ടി. വി. ജോൺ എം. എ. അവർകളും യാക്കോബായസഭയെക്കുറിച്ചു നിരാശയിൽ പെട്ടപ്പോൾ കത്തോലിക്കാസഭാമാതാവിന്റെ മടിയിൽ വന്നുചേർന്നു. ഇപ്പോൾ ഇതാ പാത്രിയർക്കീസുകക്ഷിയിലെ ഒരു രത്നമായിരുന്ന ബഃ സി. എ. അബ്രാഹം അച്ചൻ എം. എ., ബി. ഡി., ബി. ലിററ് (ഓക്സൺ) യൂണിയൻകോളേജിലെ അന്തരീക്ഷത്തിൽ ഇംഗ്ലീഷ്പ്രൊഫസറായി ഒരുകൊല്ലം ജോലിചെയ്തശേഷം കത്തോലിക്കാസഭയാണ് ജീവിതത്തിന്റെ പരമാന്ത്യംപ്രാപിക്കുന്നതിനുള്ള രാജപാത എന്നു കണ്ടെത്തിയിരിക്കുന്നു എന്നറിയുന്നു.

യാക്കോബായസഭയിൽ പ്രൊട്ടസ്റ്റാണ്ടിസം പ്രവേശിപ്പിച്ചാലും യാക്കോബായസഭയ്ക്കു ഒരു സുവർണ്ണഭാവി ഉണ്ടാകുവാൻ പ്രയാസം തന്നെ എന്നു് അതിലെ പല അഭ്യസ്തവിദ്യരും പറഞ്ഞുതുടങ്ങി. യാക്കോബായവേഷവും പ്രൊട്ടസ്റ്റൻറുവിശ്വാസവുമുള്ള അസംഖ്യം യുവാക്കൾ ഇന്നു യാക്കോബായക്കാരിലുണ്ട്. മാർത്തോമ്മാസഭ യാക്കോബായസഭയിൽനിന്നും പിരിഞ്ഞപ്പോൾ യാക്കോബായവേഷവും പ്രൊട്ടസ്റ്റൻറുസ്വാതന്ത്ര്യവും കൂട്ടിയിണക്കി പുരോഗമനോന്മുഖമായി യാത്രചെയ്തതാണ്. എന്നാൽ നിർഭാഗ്യകരമായ ദാനിയേൽക്കേസുകൊണ്ട് ഒരു കാര്യം തെളിഞ്ഞു. എത്ര പരമാർത്ഥികളായി മുമ്പോട്ടുപോയാലും ദൈവത്തിന്റെ സഭയിൽ വന്നെത്താതെയിരിക്കുന്നിടത്തോളംകാലം സമാധാനമായ ഒരു സഭാസൗധം നല്ല മനുഷ്യരെക്കൊണ്ടുപോലും കെട്ടിപ്പൊക്കുവാൻ സാധിക്കുകയില്ലെന്നു്. മാർത്തോമ്മാസഭയിലെ ചില നല്ല വ്യക്തികളേക്കാൾ സ്വാഭാവികമായി നല്ല മനുഷ്യർ എങ്ങനെയാണുണ്ടാവുകയെന്നു് അവരുടെ സ്വഭാവവൈശിഷ്ട്യംകണ്ടു ഞാൻ ചിന്തിച്ചിട്ടുള്ളതാണ്. അതിനാൽ എത്ര യോഗ്യന്മാരായ യാക്കോബായക്കാർ ഇന്നു് അതിലുണ്ടെങ്കിലും മാതൃസഭയിൽനിന്നും പിരിഞ്ഞുപോയതുകൊണ്ട് യാക്കോബായസഭ ഒരു ആഗോളസഭയായി ഇനി വളരുവാൻപോകുന്നില്ല. കഴിഞ്ഞ നൂററാണ്ടുകളിലെ സഭാചരിത്രം അതാണു തെളിയിക്കുന്നതു്. പ്രൊട്ടസ്റ്റൻറുകാർ ലോകത്തിൽ മിക്കയിടത്തുമുണ്ടെങ്കിലും ഏകവിശ്വാസവും ഏകസന്മാർഗ്ഗവും സ്വീകരിക്കുന്ന ഏകസഭയല്ല അതെന്നു വ്യക്തമാണല്ലോ. എല്ലാ സഭകളിലുമുള്ളതുപോലെതന്നെ യാക്കോബായസഭയിലും നാസ്തികന്മാരും നിർമ്മതന്മാരുമുണ്ട്. അവരുടെ സ്വാധീനത്തിൽനിന്നും രക്ഷപെടുവാനുള്ള ശക്തി ഇന്നതിനുണ്ടോയെന്നു് കുറേ വ്യാഴവട്ടംകൊണ്ടേ വെളിവാകുകയുള്ളൂ. നിർമ്മതന്മാരായ പലരും ഞാൻ യാക്കോബായസഭ വിട്ടപ്പോൾ അതിയായി ക്രുദ്ധിച്ച് അസഭ്യങ്ങളായ എഴുത്തുകൾ എനിക്കയക്കുകയുണ്ടായി. പ്രധാനന്മാരായ പലരും എന്നെ വ്യക്തിപരമായി ചീത്തപറഞ്ഞാലേ രക്ഷയുള്ളുവെന്നു കരുതി ലഘുലേഖമൂലവും ചർച്ച്‌വീക്കിലി, സഭാചന്ദ്രിക എന്നീ പ്രസിദ്ധീകരണങ്ങൾമൂലവും തങ്ങളുടെ തനിനിറം പ്രത്യക്ഷമാക്കി.

അവർ എത്ര പണിപ്പെട്ടാലും ദൈവം പണിയാതെ ഒരു സഭ സകലജാതികൾക്കും സുവിശേഷം അറിയിക്കുന്ന ഒരു ആഗോളസ്ഥാപനമായി വളരുകയില്ല. വ്യക്തികളെ കുററംപറഞ്ഞ് അവരുടെ പാപം കുന്നുകുന്നായി ഉയർത്താമെന്നേയുള്ളു. യാക്കോബായസഭയിൽ ഞാനൊരു പ്രത്യേകത അനുഭവിച്ചിട്ടുള്ളതു് ഇതാണ്. സഭ അധഃപതിക്കുന്നതു് ഇന്നാരുടെ അല്ലെങ്കിൽ ഇന്നാരുടെ കുററം കൊണ്ടാണെന്നുള്ള പാച്ചിൽ തന്നെ.

കൂനൻകുരിശു സത്യം കഴിഞ്ഞു പന്ത്രണ്ടു കത്തനാരന്മാർകൂടി തോമാ അർക്കദിയാക്കോനെ മെത്രാനായി അനധികൃതം വാഴിച്ചപ്പോൾ മാതൃസഭയിൽനിന്നും അടർന്നു വീണവരാണല്ലോ മലയാളത്തെ പുത്തൻകൂററുകാർ. ആ പട്ടം അർത്ഥമില്ലാത്തതാണെന്നു കണ്ടു ശീമയിലെ യാക്കോബായ പാത്രിയർക്കീസിനോടു ബന്ധം പിടിച്ചു ശരിയാക്കാമെന്നു പിന്നീടുവിചാരിച്ചു. ഇങ്ങനെ 17-ാം നൂററാണ്ടിൽ പരദേശയാക്കോബായ ശീശ്മയോടുള്ള ബന്ധം പുത്തൻകൂററുകാർക്കു വന്നുചേർന്നു. ഇപ്പോഴത്തെ യാക്കോബായ പാത്രിയർക്കീസുബാവാ തന്റെ ഒരു കല്പനയിൽ പറഞ്ഞിട്ടുള്ള വാക്യം ഉദ്ധരിക്കാം: "ഈ കഴിഞ്ഞ മൂന്നൂറോളം വർഷങ്ങളായി മലങ്കരസഭയ്ക്കുവേണ്ടി അനേകം കാര്യങ്ങൾ കരുതലോടെ വി. സിംഹാസനം ചെയ്തിട്ടുണ്ട്." പരദേശയാക്കോബായക്കാരായി മലങ്കരസഭയ്ക്കു മൂന്നൂറു കൊല്ലത്തെ ബന്ധമാണുള്ളതെന്നു പാത്രിയർക്കീസിന്റെ കല്പനയിൽ ധ്വനിക്കുന്നു. 1665-ൽ മാർ ഗ്രിഗോറിയോസിന്റെ വരവോടുകൂടിയാണ് ഈ നിർഭാഗ്യബന്ധം പുത്തൻകൂററുകാർക്കുണ്ടായതു്. മൂന്നു നൂററാണ്ടുകൾ കഴിയുന്നതിനു മുമ്പുതന്നെ പല പൊട്ടലുകൾ പുത്തൻകൂററുകാരിൽ നിന്നും ഉണ്ടായി. 1772-ൽ തോഴിയൂർ സഭ ഇതിൽനിന്നും പിരിഞ്ഞു. 1836-ൽ സി. എം. എസ്. കാർ പിരിഞ്ഞുപോയി. 1876-ൽ പ്രൊട്ടസ്റ്റൻറു വിശ്വാസത്തിന്റെ പ്രചരണത്താലും മാർ മാത്യൂസ് അത്താനാസ്യോസിനെ യാക്കോബായ പാത്രിയർക്കീസു മുടക്കിയതിനാലും മാർത്തോമ്മാസഭ പിരിഞ്ഞുപോയി. 1912-ൽ ഓർത്തഡോക്സ്‌വിഭാഗം പിരിഞ്ഞുപോയി. ഇങ്ങനെയുള്ള പൊട്ടലുകൾ അവസാനിച്ചുവോ എന്തോ?

കൂനൻകുരിശു സത്യത്തിനുശേഷം കത്തോലിക്കാസഭയുടെ ഐക്യത്തിൽനിന്നും വേർപെടാതെ നിന്നിരുന്ന പഴയ കൂററുകാർ ആണ് ഇന്നു മലങ്കര കാണുന്ന കൽദായ സുറിയാനിറീത്തുകാരായ കത്തോലിക്കർ. എറണാകുളത്തും ചങ്ങനാശ്ശേരിയിലും രണ്ടു ആർച്ചു ബിഷപ്പുമാരും അവരോടു ബന്ധിച്ച പല ബിഷപ്പുമാരും ചേർന്നു അഭിവൃദ്ധിപ്പെട്ടു ഒരു സഭാവിഭാഗമായി അവർ ഇരിക്കുന്നു. എത്രയോ സന്യാസിമാരും, സന്യാസാശ്രമങ്ങളും അവർക്കുണ്ടായി. വിദ്യാഭ്യാസസ്ഥാപനങ്ങൾ എത്ര? സേവനാപരങ്ങളായ സ്ഥാപനങ്ങൾ എത്ര? അവരുടെ ശെമ്മാശ്ശന്മാരെ പഠിപ്പിക്കുവാൻ ആലുവായിൽ സ്ഥാപിച്ചിരിക്കുന്ന അപ്പസ്തോലിക സിമ്മനാരിതന്നെ എത്ര ആകർഷണീയമായ ഒരു സ്ഥാപനം? അവരിൽനിന്നും മിഷ്യനറിമാരായി ഇൻഡ്യയിലെ പലഭാഗങ്ങളിലേക്കും പോയിരിക്കുന്നവർതന്നെ വളരെയുണ്ട്.

പഴയകൂററുകാർ ഇങ്ങനെ അഭിവൃദ്ധിപ്പെടുകയും അവരെപ്പോലെ സമർത്ഥന്മാരായ പുത്തൻകൂററുകാർ പലതായി പൊട്ടിച്ചിതറുകയും ഇന്നും ഒരു വ്യവഹാരവ്യാധിയാൽ പീഡിപ്പിക്കപ്പെടുകയും ചെയ്തുവരുന്നു. പുത്തൻകൂററുകാർ നല്ലവരല്ലാഞ്ഞിട്ടല്ല, സമർത്ഥന്മാരല്ലാഞ്ഞിട്ടല്ല, ഈ താഴ്ചയ്ക്കു കാരണം. പിന്നെയോ കാതോലിക്കാസഭയിൽനിന്നും വേർപെട്ടു യാക്കോബായശീശ്മയിൽ ചെന്നു കുടുങ്ങിയതിനാൽ ഉണ്ടായ ഭയങ്കര നാശമാണ് ഈ കാണുന്നതെല്ലാം.

ഈ ശാപത്തിൽനിന്നുമുള്ള മോക്ഷം വീണ്ടും കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുകയാണ്. ആ പുനരൈക്യത്തിനു വളരെ എളുപ്പമായ ഒരു മാർഗ്ഗം 1930-ൽ സ്ഥാപിച്ച മലങ്കരസുറിയാനിറീത്തുതന്നെയാകുന്നു. 26 കൊല്ലംകൊണ്ടു് ഈ റീത്തിൽ ഒരു ലക്ഷം ജനവും. 300-ൽപരം ഇടവകകളും, അവശ്യാവശ്യമായ പട്ടക്കാരും, അനേകം സന്യാസികളും സന്യാസിനികളും വിദ്യാഭ്യാസസ്ഥാപനങ്ങളും ഉണ്ടായിക്കഴിഞ്ഞു. കാര്യം മനസ്സിലാക്കി റീത്തിൽ ചേരുന്നവർ അതിനെക്കുറിച്ചും തങ്ങളുടെ സന്താനങ്ങ

ആദ്ധ്യാത്മികവീഥി

# ദൈവവിളി—പ്രോത്സാഹനം

ദൈവത്തിൻെറ വത്സലമക്കളേ,

സാധുക്കളായ ചില വ്യക്തികൾ ആയുഷ്ക്കാലത്തെ മുഴുവൻ സമ്പാദ്യവും വൈദികവിദ്യാർത്ഥികളുടെ പഠനത്തിനായി നൽകിയ വിവരം കഴിഞ്ഞ ലക്കത്തിൽ അറിയിച്ചിരുന്നല്ലോ. എന്നാൽ അത്രവലിയ ത്യാഗം സാമാന്യജനങ്ങളിൽനിന്നു പ്രതീക്ഷിക്കാൻ നിവൃത്തിയില്ല.

എങ്കിലും പലർചേൎന്നു നടത്തുന്ന ഭക്തസംഘടനകൾക്കു മനസ്സുവച്ചാൽ ഗണ്യമായ സഹായം ചെയ്യാൻ സാധിക്കും. നമ്മുടെ മിക്ക ഇടവകകളിലും ലീജിയൻ ഓഫ് മേരി, സെൻറ് വിൻസെൻറ് ഡി പോൾ സഖ്യം, സൊഡാലിററി, ഫ്രാൻസിസ്കൻ മൂന്നാം സഭ, മിഷൻലീഗ് മുതലായ സംഘടനകൾ നടത്തുന്നുണ്ടല്ലോ. ഇവയിൽ ഓരോന്നും തനിച്ചുതന്നിച്ചോ എല്ലാംകൂടി സംഘടിച്ചോ ശ്രമിച്ചാൽ ഒരു വൈദികവിദ്യാർത്ഥിയുടെയെങ്കിലും മുഴുവൻ ചെലവും വഹിക്കുവാൻ നിഷ്പ്രയാസം സാധിക്കും. സഹായം അർഹിക്കുന്നവരായി സ്വന്തം ഇടവകയിൽനിന്നു ആരെയും ലഭിക്കാനില്ലെങ്കിൽ രൂപതാദ്ധ്യക്ഷനിൽനിന്നോ സെമ്മിനാരിറെക്ടരിൽനിന്നോ സന്യാസസഭാശ്രേഷ്ഠന്മാരിൽനിന്നോ പേരുകിട്ടാൻ ഒരു വിഷമവും ഉണ്ടാകുകയില്ല.

സാമാന്യം നല്ല ധനസ്ഥിതിയുള്ള പള്ളികൾ കേരളത്തിൽ ധാരാളമുണ്ടല്ലോ. അവയിൽ ഓരോന്നും കുറഞ്ഞപക്ഷം ഓരോ വൈദികവിദ്യാർത്ഥിയുടെ ചെലവെങ്കിലും വഹിക്കുന്നപക്ഷം അതും ഒരു വലിയ സഹായമാകുമായിരുന്നു. അത്രതന്നെ വരവില്ലാത്ത പള്ളികൾക്കു ചെലവിൽ ഒരോഹരിയെങ്കിലും വഹിക്കാമല്ലൊ.

മേല്പറഞ്ഞതഖണ്ണും ഏതെങ്കിലും ഒരു നിശ്ചിതയാളിൻെറ ചെലവു പലർകൂടി നടത്താൻ സൗകൎയ്യമില്ലാത്തപക്ഷം നന്മനസ്സുള്ളവർക്കു നിഷ്പ്രയാസം സഹകരിക്കാവുന്ന വേറൊരു പ്രസ്ഥാനമുണ്ട്. അതാണ് ഏതദ്ദേശീയവൈദികൎക്കായുള്ള വി. പത്രോസിൻെറ സഖ്യം. Pontifical Society of St. Peter the Apostle for the Indigenous Clergy. ആണ്ടിൽ വെറും ഒരു രൂപാവീതം കൊടുത്താൽ ഈ സഖ്യത്തിൻെറ ഒരു സാധാരണാംഗമായി ചേരാം. ആയുഷ്കാലഅംഗമാകുന്നതിനു ഒററപ്രാവശ്യമായി 50 രൂപാ കൊടുത്താൽമതി.

നമ്മുടെ നാട്ടിൽ ഈ സഖ്യത്തിനു വേണ്ടത്ര പ്രചാരം ലഭിച്ചിട്ടില്ല. ഇതരരാജ്യങ്ങളിൽ ഇതിനു ലഭിച്ചിട്ടുള്ള പ്രോത്സാഹനത്തിൻെറ ഫലമായി പല സ്ഥലങ്ങളിലായി ആയിരക്കണക്കിനു വൈദികവിദ്യാർത്ഥികളെ പഠിപ്പിക്കാൻ സാധിക്കുന്നുണ്ട്. രണ്ടാം ലോകമഹായുദ്ധത്തിനുമുൻപു ഏകദേശം 20 ലക്ഷം രൂപായോളം പ്രതിവർഷം സഖ്യത്തിനു ലഭിച്ചിരുന്നു. 1939-ൽ മിഷൻരാജ്യങ്ങളിലെ 269 മൈനർസെമ്മിനാരികളിലും 87 മേജർസെമ്മിനാരികളിലുമായി 14,709 വിദ്യാർത്ഥികൾക്കു വൈദികപരിശീലനം നൽകുന്നതിനുള്ള വമ്പിച്ച ചെലവുകൾ പ്രസ്തുതസഖ്യം വഹിച്ചുകൊണ്ടിരുന്നതായിട്ടാണ് കണക്കുകളിൽനിന്നു മനസ്സിലാകുന്നത്. ഏകദേശം മൂന്നുലക്ഷം രൂപായോളം പ്രതിവർഷം ഇൻഡ്യക്കുവേണ്ടിയും ചെലവഴിച്ചിരുന്നു.

വിദേശസഹായം കുറഞ്ഞുകുറഞ്ഞുവരുന്ന ഈ ഘട്ടത്തിലെങ്കിലും കേരളത്തിൽനിന്നു ധാരാളം ആളുകൾ സഖ്യത്തിൻെറ ആയുഷ്ക്കാലഅംഗങ്ങളും സാധാരണഅംഗങ്ങളുമായി ചേൎന്ന് അതിനെ പൂൎവ്വാധികം പരിപോഷിപ്പിക്കേണ്ടതായിട്ടാണിരിക്കുന്നത്.

വി. പത്രോസിൻെറ സഖ്യത്തിൻെറ ധനസഹായത്താൽ പഠിക്കുന്ന വിദ്യാർത്ഥികൾ തങ്ങളുടെ



ഉദ്ദിഷ്ടകാൎയ്യം സാധിച്ചതിനു കൃതജ്ഞത. താമസിച്ചതിനു ക്ഷമാപണം.

എ. പി. ജോൺ, തെ. പറൂർ

ളെ മാത്രം സന്തോഷിക്കുകയാണ്.

പല യാക്കോബായക്കാരോടും ഞാൻ സംസാരിച്ചുനോക്കിയതിൽ യാക്കോബായസഭയ്ക്കു ഒരു നല്ല ഭാവി അവർ കാണുന്നില്ലെന്നും, എന്നാൽ സാമൂഹ്യവിഷമതകൾ കൊണ്ടാണ് റീത്തിലേക്കു ചേരാതിരിക്കുന്നതെന്നും പറയുന്നു. ഇന്നത്തെ ഒരു ലക്ഷം റീത്തുകാർ യാക്കോബായക്കാരെപ്പോലെ മാന്യമായി ജീവിക്കുന്നതു കാണാറുതോ? മുന്നൂറിൽ താഴെ ബിരുദധാരികൾ അതിലുണ്ട്, അവരും മാന്യമായിതന്നെ കഴിഞ്ഞുകൂടുന്നു. റീത്തിലെ സ്ത്രീകളെ വിവാഹം കഴിക്കുവാനും റീത്തിലെ പുരുഷന്മാൎക്കു ഭാൎയ്യമാരെ ലഭിപ്പാനും സാധിച്ചുവരുന്നു. ഇന്നത്തെ യാക്കോബായക്കാർ കൂനൻകുരിശുസത്യം കഴിഞ്ഞു തങ്ങളെ ബന്ധിച്ച ചങ്ങല തങ്ങളുടെ കാലുകളിൽനിന്നും അഴിച്ചുകളയുവാൻ വീരോചിതമായി ധൈൎയ്യപ്പെട്ടാൽ അവരുടെ പിൻഗാമികൾക്കു ചെയ്യുന്ന ഒരു വലിയ അനുഗ്രഹമായിരിക്കും അതു. അല്ല കേടുവന്ന ബോട്ടിൽതന്നെ ഈ നടുക്കടലിൽ അലയുന്നതാണ് ഇഷ്ടമെങ്കിൽ ആ സ്വാതന്ത്ര്യം അനുഭവിച്ചു മുങ്ങുകയേ മാൎഗ്ഗമുള്ളൂ.

പുത്തൻകൂററുകാർ 300 കൊല്ലത്തെ അനുഭവംകൊണ്ട് ഒരു വിദ്ദരവീക്ഷണം ചെയ്തിരുന്നെങ്കിൽ!

# കേരളഗവർമ്മെണ്ടിൻെറ വിദ്യാഭ്യാസനയത്തിൽ നാടാകെ പ്രതിഷേധം

ചെമ്പതോട്: കേരളഗവമ്മെൻറിൻെറ സ്വേച്ഛാധിപത്യപരമായ വിദ്യാഭ്യാസപരിഷ്ക്കാരത്തിൽ പ്രതിഷേധിക്കുവാൻ ജൂലൈ 3-ാംനു- ബുധനാഴ്ച ശ്രീ കിഴക്കാരക്കോട്ട തോമസ് അവർകളുടെ അദ്ധ്യക്ഷതയിൽ, ചെമ്പതോട്, പുത്തിരിപ്പാറ, കൊററത്തിപ്പാറ, പുഴിത്തോട്, ആലംപാറ, കാട്ടിക്കുളം, കാഞ്ഞിരപ്പാറ, വല്യതൊല്ലി എന്നീ സ്ഥലങ്ങളിലെ പൗരന്മാരുടെ ഒരു മഹായോഗം ഇവിടെ കൂടി പ്രതിഷേധപ്രമേയങ്ങൾ പാസ്സാക്കിയിരിക്കുന്നു. ശ്രീമാന്മാരായ കെ ജെ സെബാസ്റ്റ്യൻ, കെ തോമസ് മൈക്കിൾ, എം മാത്യൂ, അബ്രഹാം മേട്ടേൽ എന്നിവർ പ്രസംഗിച്ചു. ശ്രീ ആൻറണി കെ എം യോഗത്തിൽ അവതരിപ്പിച്ച പ്രതിഷേധപ്രമേയങ്ങൾ ഐകകണ്ഠ്യേന പാസ്സാക്കപ്പെട്ടു.

കരുമല്ലൂർ: കേരളകമ്മ്യൂണിസ്റ്റ്ഗവമ്മേണ്ടിൻെറ പുതിയ വിദ്യാഭ്യാസനയത്തിൽ പ്രതിഷേധിക്കുന്നതിനായി സ്ഥലത്തെ പൊതുജനങ്ങളുടെ ഒരു യോഗം ജൂൺ 30-ാംനു- ഞായറാഴ്ച വൈകുന്നേരം 5 മണിക്ക് സെൻറ് ജോസഫ്സ്സ്കൂൾഹാളിൽ കൂടി. ശ്രീ എം ഒ വർഗ്ഗീസ് ബി എ ആദ്ധ്യക്ഷം വഹിച്ചു. ശ്രീ ജോർജ്ജ് മേനാച്ചേരി ബി എ ബി എൽ പ്രസംഗിച്ചു. പ്രതിഷേധപ്രമേയം ഐകകണ്ഠ്യേന പാസ്സാക്കി.

നെല്ലിക്കാംപോയിൽ: കേരളാഗവമ്മെൻറ് നടപ്പിലാക്കുവാനുദ്ദേശിക്കുന്ന വിദ്യാഭ്യാസപദ്ധതിയിൽ സ്ഥലവാസികൾക്കുള്ള പ്രതിഷേധം രേഖപ്പെടുത്തുന്നതിനായി ജൂലൈ 3-ാംനു- ഉച്ചകഴിഞ്ഞ് ഒരു പൊതുയോഗം മി പാലക്കുഞ്ഞിപൈതൽനായർ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടുകയും പ്രമേയങ്ങൾ പാസാക്കി അധികാരസ്ഥാനങ്ങളിലേക്കു അയക്കുകയും ചെയ്തിരിക്കുന്നു.

ചുണ്ടേൽ: ജൂൺ 30-ാംനു- ഞായറാഴ്ച രാവിലെ 10 മണിക്ക് ചുണ്ടേൽ ആർ സി ഹയർ എലിമെൻററി (പ്രൈമറി)സ്കൂൾ ഹാളിൽവച്ച് കോഴിക്കോട് ദേവഗിരി കോളെജ് പ്രിൻസിപ്പാൾ റവ ഡോക്ടർ തെയോഡോസിയൂസ് എം എ, പിഎച്ച് ഡി അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ ഒരു പൊതുയോഗം കൂടി. ശ്രീ കെ സി നൈനാൻ ബി എ ബി എൽ; റവ ഫാദർ കെ കുടക്കച്ചിറ ഡി ഡി എന്നിവർ പ്രസംഗിച്ചു. മെ: ജനാബ് പി മുഹമ്മദ് ഹാജി, കരുത്തേടത്തു വക്കീ, എം എസ് ഗോവിന്ദൻനായർ, ഇ ജെ തോമസ്, കെ സി തോമസ് എന്നിവർ അവതരിപ്പിച്ച പ്രതിഷേധപ്രമേയങ്ങൾ ഐകകണ്ഠ്യേന പാസാക്കപ്പെട്ടു.

കട്ടപ്പോട്: കേരളഗവമ്മെൻറിൻെറ വിദ്യാഭ്യാസനയത്തിൽ പ്രതിഷേധം രേഖപ്പെടുത്തുന്നതിനായി ജൂൺ 30-ാംനു- ഇടവകവികാരി അവർകളുടെ അദ്ധ്യക്ഷതയിൽ കട്ടപ്പോട് പി എസ് ഹാളിൽ ഒരു പൊതുയോഗം കൂടുകയും ഇന്നാട്ടുകാർക്കുള്ള പ്രതിഷേധം പ്രമേയരൂപത്തിൽ അവതരിപ്പിച്ചുകൊണ്ട് പല മാന്യന്മാരും പ്രസംഗിക്കുകയുംചെയ്തു.

മുക്കുളം: മുക്കുളം സെൻറ് ജോർജ്ജ് പള്ളിയിടവകയിലെ രക്ഷകർത്താക്കളുടെ ഒരു പൊതുയോഗം ജൂൺ 29-ാംനു- 10 മണിക്ക് സ്ഥലം പള്ളിമൈതാനത്തുവച്ച് മി എം ഒ ജോസഫ് നെടുങ്കുന്നം അവർകളുടെ അദ്ധ്യക്ഷതയിൽ കൂടി. മി ജോസഫ് പതാലി ബി എസ്സ്സി, റവ ഫാദർ തോമസ് പുത്തൻപറമ്പിൽ ഇവർ പ്രസംഗിച്ചു. മുണ്ടശ്ശേരിപദ്ധതിയെ പ്രതിഷേധിച്ചുള്ള പ്രമേയം യോഗം ഐകകണ്ഠ്യേന പാസാക്കി.

പാറപ്പള്ളി: കേരളാകമ്മ്യൂണിസ്റ്റ്ഗവമ്മെൻറിൻെറ വിദ്യാഭ്യാസനയത്തെ പ്രതിഷേധിക്കുന്നതിനായി ജൂൺ 16-ാം തീയതി നാലുമണിക്ക് സ്ഥലം സെൻറ് തോമസ് സൺഡേസ്കൂൾഹാളിൽ കോൺഗ്രസ് പ്രാദേശികപ്രസിഡണ്ട് ശ്രീ എം ജോസഫ് വെള്ളാപ്പാട്ട് അവർകളുടെ അദ്ധ്യക്ഷതയിൽ സ്ഥലവാസികളുടെ ഒരു പൊതുയോഗം കൂടുകയുണ്ടായി ശ്രീ സി ജോസഫ് നിലിയറ നിരീശ്വരപ്രസ്ഥാനങ്ങളിലേക്കും കമ്മ്യൂണിസ്റ്റ്താല്പൎയ്യങ്ങളിലേക്കും വഴിതെളിക്കുന്ന പദ്ധതിയുടെ ദോഷവശങ്ങളെക്കുറിച്ചു പ്രസംഗിച്ചു. അനന്തരം പ്രതിഷേധപ്രമേയങ്ങൾ അവതരിപ്പിക്കുകയും യോഗം സൎവ്വസമ്മതമായി പാസാക്കുകയുംചെയ്തു.

പേരാവൂർ: കേരളാഗവമ്മെൻറിൻെറ വിദ്യാഭ്യാസനയത്തിൽ പ്രതിഷേധം രേഖപ്പെടുത്തുവാൻവേണ്ടി ജൂലൈ 2-ാം തീയതി കുളക്കാട് ഗ്രാമീണവായനശാലയുടെ ആഭിമുഖ്യത്തിൽ ശ്രീ എ സി കുൎയ്യാക്കോസ് ബി എ ബി എൽ അവർകളുടെ അദ്ധ്യക്ഷതയിൽ നാട്ടുകാരുടെ ഒരു വമ്പിച്ച പ്രതിഷേധമഹായോഗം കുളക്കാട്ടു വച്ചു ചേരുകയും തദവസരത്തിൽ ശ്രീ സത്യാനന്ദൻവൈദ്യർ പ്രസ്തുത നയത്തെ പരാമർശിച്ച് ഗംഭീരമായ ഒരു പ്രസംഗം ചെയ്കയുംചെയ്തു. ഗവമ്മെൻറിൻെറ വിദ്യാഭ്യാസനയത്തെ പ്രതിഷേധിക്കുന്ന പ്രമേയം ഐകകണ്ഠ്യേന പാസാക്കി.

—o—

ഉപകാരികൾക്കുവേണ്ടി നിത്യം പ്രാർത്ഥിക്കുന്നതിനുപുറമെ പട്ടം കിട്ടി ഒരുമാസത്തിനകം മൂന്നു കുർബാനയും തുടൎന്നു അഞ്ചു കൊല്ലത്തേക്കു ഓരോ കുർബാനയും വീതം ചൊല്ലുന്നതു കൂടാതെ മിഷൻപ്രവൎത്തനങ്ങളുടെ മദ്ധ്യസ്ഥയായ വി. കൊച്ചുത്രേസ്യായുടെ ലിസ്യൂവിലെ അൾത്താരയിൽ പ്രതിദിനം ഓരോ ദിവ്യബലിവീതം ജീവിച്ചിരിക്കുന്നവരും പരേതരുമായ സഖ്യാംഗങ്ങൾക്കുവേണ്ടി അൎപ്പിക്കുന്നുമുണ്ട്. ഇവയ്ക്കുപുറമെ അനേകബന്ധവിമോചനങ്ങൾക്കും അവർ അവകാശികളാണ്.


എന്നു
പ്രാർത്ഥനയുടെ ഐക്യത്തിൽ
സ്വന്തം ആത്മപിതാവ്.

P. S. സഖ്യത്തിൽ ചേരാൻ ആഗ്രഹിക്കുന്നവർ "Rev. Fr. Sama S. J. St. Mary's High Schlool, Madurai" എന്ന മേൽവിലാസത്തിൽ എഴുതിയാൽ മതി




ത്വക്‌രോഗങ്ങളെ മാററുകയും വരാതെ സൂക്ഷിക്കയും ചെയ്യുന്നു.

ഇയ്യപ്പൻ സോപ്പുവർക്ക്സ് തൃശ്ശൂർ






# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 30. || 1957 JULY 10 || No. 45.


## പ്രൊഫസർ മുണ്ടശ്ശേരിയുടെ വിദ്യാഭ്യാസബിൽ

പ്രൊഫസർ മുണ്ടശ്ശേരി അവർകൾ വിദ്യാഭ്യാസമന്ത്രിപദം ഏറ്റെടുക്കുന്നു എന്നറിഞ്ഞപ്പോൾതന്നെ അദ്ദേഹത്തിന്റെ വിദ്യാലയജീവിതബന്ധത്തെപ്പറ്റി അറിവുള്ളവർ ആശങ്കപ്പെടുകയുണ്ടായി എന്തെങ്കിലും ഒരു നിഷ്ഠൂരസംഭവം ഈ രംഗത്തുണ്ടാകാതിരിക്കയില്ല എന്നു്. ആ ചരിത്രം പരസ്യമായൊരു രഹസ്യമാണു്. പ്രൈവററുവിദ്യാലയങ്ങളെ തേജോവധം ചെയ്യുന്നതിനു അദ്ദേഹം ഒരു അണുബോമ്പുതന്നെ സൃഷ്ടിച്ചുണ്ടാക്കി അതിനു് ഒരു വിദ്യാഭ്യാസബിൽ എന്നു പേരിട്ടു. കഴിഞ്ഞ മേയ്മാസം 16-ാംതീയതി കോട്ടയത്തു "അടാപിടി" യെന്നു ഒരു യോഗം വിളിച്ചുകൂട്ടി അതിൽ വിദ്യാഭ്യാസരംഗത്തു അദ്ദേഹം വരുത്തുവാനുദ്ദേശിക്കുന്ന മാററങ്ങളെപ്പററി ചില പ്രസ്താവനകൾ ചെയ്യുകയും പാക്ഷികമായ ചില ചർച്ചകൾ നടത്തുകയും ചെയ്തു. അടുത്ത നിയമസഭയിൽ ഒരു വിദ്യാഭ്യാസബിൽ അവതരിപ്പിക്കപ്പെടുമെന്നും വ്യക്തമാക്കപ്പെട്ടു. വിദ്യാഭ്യാസവിഷയത്തിൽ തല്പരരായ എല്ലാവരും ഈ കാര്യത്തിൽ ശ്രദ്ധിക്കുന്നതിനു തുടങ്ങി. വിദ്യാഭ്യാസവിഷയം ഒരു പാർട്ടിപ്രശ്നമെന്നവണ്ണം കൈകാര്യം ചെയ്യപ്പെടേണ്ട ഒന്നല്ലെന്നും, അതിൽ കാര്യമായ എന്തെങ്കിലും വ്യതിയാനങ്ങളോ പരിഷ്കാരങ്ങളോ വരുത്തണമെങ്കിൽ വിദ്യാഭ്യാസരംഗത്തു ഉത്തരവാദിത്വപ്പെട്ട എല്ലാ ഘടകങ്ങളോടും ആലോചിച്ചും പൊതുജനാഭിപ്രായം അറിഞ്ഞുംമാത്രമാണു് ചെയ്യേണ്ടതെന്നും പൊതുജനനേതാക്കന്മാരും പൊതുജനജിഹ്വകളായ പത്രങ്ങളും അഭിപ്രായപ്പെട്ടു. പക്ഷെ പുറകെ പുറകെ ഉണ്ടായ ഔദ്യോഗികവക്താക്കളുടെ പ്രസ്താവനകളിൽനിന്നും മന്ത്രിയുടെതന്നെ പ്രഖ്യാപനങ്ങളിൽനിന്നും വെളിവായതു്, മുണ്ടശ്ശേരിമന്ത്രിയുടെ മസ്തിഷ്കത്തിൽ ഒരു ബിൽ രൂപംകൊണ്ടുകഴിഞ്ഞിട്ടുണ്ടു് എന്നും അതിനാരുടേയും അഭിപ്രായം അറിയേണ്ട ആവശ്യമില്ലെന്നും നിയമസഭയിൽ അതു ഒന്നു കയററിയിറക്കിക്കൊണ്ടു വരേണ്ട ചടങ്ങുമാത്രമേയുള്ളു എന്നുമാണു്. പക്ഷെ വിദ്യാഭ്യാസം ചെയ്യേണ്ട വിദ്യാർത്ഥികളുടെ മാതാപിതാക്കന്മാർക്കും നിരവധി പണം ചിലവിട്ടു വിദ്യാഭ്യാസപുരോഗതിക്കുവേണ്ടി വളരെക്കാലമായി വിദ്യാലയങ്ങൾ നടത്തിപ്പോരുന്ന പ്രൈവററു ഏജൻസികൾക്കും അതു കേട്ടടങ്ങിയിരിക്കുവാൻ സാധിച്ചില്ല. മാത്രമല്ല, വിദ്യാഭ്യാസബില്ലിന്റെ പേരിൽ തയാറാക്കിയിരിക്കുന്ന ഈ അണുബോമ്പു സ്റ്റേററിലെ എയിഡഡു് സിസ്റ്റത്തെ പാടെ തകിടംമറിക്കുന്നതിനു മനപ്പൂർവ്വം രൂപപ്പെടുത്തിയിരിക്കുന്നതാണെന്നും അതിനകം പുറത്തായിക്കഴിഞ്ഞിരുന്നു. എയിഡഡു സ്കൂളുകളിൽ അദ്ധ്യാപകശമ്പളം വിതരണം ചെയ്യുന്നതിൽനിന്നു മാനേജരന്മാരെ കാ[illegible]പ്പുള്ളികളായി മാററിനിർത്തുക; മാനേജുമെൻറുസ്കൂളുകളിൽ മാനേജരന്മാർക്കു ബോദ്ധ്യമുള്ള ഉദ്യോഗാർത്ഥികളെതിരിഞ്ഞെടുത്തു നിയമിക്കുന്നതിനുള്ള അവകാശം റദ്ദ് ചെയ്തു ഒരു ലിസ്റ്റ്സമ്പ്രദായം കെട്ടിയേല്പിക്കുക; പ്രൈവററുസ്കൂളുകളുടെ ഭരണകാര്യങ്ങൾക്കു ഒരു ബോർഡു സിസ്റ്റം ഏർപ്പെടുത്തുക മുതലായ അവ്യവസ്ഥിതവും പ്രൈവററുസ്കൂളുകളുടെ ആദർശലക്ഷ്യങ്ങൾക്കും അവകാശസ്വാതന്ത്ര്യങ്ങൾക്കും വിനാശകരവുമായ വ്യവസ്ഥകളാണത്രേ ഗർഭസ്ഥിതമായ ഈ രഹസ്യബില്ലിൽ ഉള്ളതു്. "അതൊന്നു കാണിക്കണേ" എന്നുജനവിഭാഗം മുറവിളികൂട്ടാൻ തുടങ്ങിയിട്ടു് ഇപ്പോൾ രണ്ടു മാസങ്ങളോളമായിരിക്കുന്നു. ഇതിനിടെ അതിനു തലതൊട്ടപ്പന്മാരെ തേടി നാടാകെയും കേന്ദ്രത്തിലും ഏജൻറന്മാർ ഓടിനടക്കുന്നു എന്നു കേൾക്കുന്നുണ്ടു്. ഒന്നുപരിശോധിച്ചു സമ്മതംമൂളിക്കിട്ടുവാൻ കേന്ദ്രഗവമ്മേണ്ടിനു അതു അടിയറവച്ചിരിക്കയാണത്രേ. പക്ഷെ ഈരാജ്യത്തെ പൊതുജനങ്ങളെ അവഗാഢം സ്പർശിക്കുന്ന ഈ പ്രശ്നത്തിൽ അതിന്റെ ഉള്ളടക്കം അറിയാൻ അവർക്കുമാത്രം അവകാശമില്ല! നാടിന്റെ നാനാഭാഗത്തും വമ്പിച്ച പൊതുയോഗങ്ങൾ കൂടി ബിൽ പൊതുജനാഭിപ്രായം അറിയുവാൻ പരസ്യപ്പെടുത്തണമെന്നു ഗവമ്മേണ്ടിനോടു അഭ്യർത്ഥിച്ചു. സമയമില്ല എന്ന ബഹളപ്പാടൊഴിക്കുന്നതിനോ എന്നു തോന്നുമാറു് "ഫ്ളൂ"വന്നു നിയമസഭായോഗം മാററിവയ്ക്കപ്പെട്ടു. എങ്കിലും ഈ സ്ഫോടകബോമ്പു പുറത്തിറക്കാൻ പാടില്ലപോൽ! അതിൽ ഉള്ളടക്കിയിരിക്കുന്നതായി പറയപ്പെടുന്ന അസ്വീകാര്യങ്ങളായ വ്യവസ്ഥകളെ ശക്തിയുക്തം എതിർക്കുന്നതിനു ഭാവിതലമുറയെപ്പററി ആത്മാർത്ഥമായ താല്പര്യമുള്ള ജനവിഭാഗം ഒററക്കെട്ടായി നില്ക്കുമെന്നതിനു ഇതിനകം വിശദമായ തെളിവുകൾ കണ്ടുകഴിഞ്ഞിട്ടുണ്ടു്. നാടാകെ വമ്പിച്ച പ്രതിഷേധയോഗങ്ങൾകൂടി പ്രതിഷേധപ്രമേയങ്ങൾ പാസ്സാക്കപ്പെടുന്നു. പ്രതിലോമപ്രവർത്തനങ്ങളും കൊണ്ടുപിടിച്ചുനടത്തുന്നുണ്ടു. അദ്ധ്യാപകന്മാരെ ബില്ലിനെ പിന്താങ്ങുവാൻ പ്രോത്സാഹിപ്പിക്കുക; അതു മാത്രമാണു് അവരുടെ രക്ഷാമാർഗ്ഗമെന്നു പറഞ്ഞു അവരെ വ്യാമോഹിപ്പിക്കുക; വർഗ്ഗീയവിദ്വേഷവിഷസഞ്ചി നിറഞ്ഞിരിക്കുന്ന ചില പത്രങ്ങളെക്കൊണ്ടു ചന്ദ്രഹാസമിളക്കിക്കുക; ഇതൊരു പാർട്ടിപ്രശ്നമായി പൊക്കിപ്പിടിക്കുക മുതലായ പല വേലത്തരങ്ങളും ഈ മായാവിബില്ലിനുവേണ്ടി നടത്തിക്കൊണ്ടിരിക്കുന്നുണ്ടു്. ഈ സ്ഥിതിവിശേഷങ്ങൾ പൊതുജനങ്ങൾ ഗൗരവപൂർവ്വം മനസ്സിലാക്കി, വഞ്ചനാപരമായ പ്രചാരണവിദ്യയിൽ അടിതെററിപ്പോകാതെ ലക്ഷ്യംപ്രാപിക്കുന്നതുവരെ ത്യാഗപൂർവ്വം ഉറച്ചുനിന്നുപ്രവർത്തിക്കുന്നതിനു സന്നദ്ധരാകണമെന്നു ഓരോ പൗരനേയും ഞങ്ങൾ ശക്തിയായി ഉൽബോധിപ്പിച്ചുകൊള്ളട്ടെ.

ഇവിടത്തെ വിദ്യാഭ്യാസ പ്രക്ഷോഭണം ഒരു സമുദായത്തിന്റെയോ ഏതാനും മാനേജരന്മാരുടേയോ മാത്രം കാര്യമായി വ്യാഖ്യാനിക്കുവാൻ തല്പരകക്ഷികൾ സാഹസപ്പെടുന്നതായും കാണുന്നുണ്ടു്. അതു തികച്ചും അടിസ്ഥാനരഹിതവും ദുരുപദിഷ്ടവുമായ ഒരു പ്രചാരണമാണു്. വിദ്യാഭ്യാസം എല്ലാ പൗരന്മാരേയും സംബന്ധിക്കുന്ന പരമപ്രധാനമായ ഒരു വിഷയമത്രെ. ഏതു മതവിഭാഗത്തിലും സമുദായത്തിലും പെട്ടവരായിരുന്നാലും അവരുടെ സന്താനങ്ങളെ അവർ വിശ്വസിക്കുന്ന മതതത്വങ്ങൾക്കനുസരിച്ചും അവരുടെ സാമൂഹിക സംസ്കാരങ്ങൾക്കനുസരിച്ചും വളർത്തിക്കൊണ്ടുവരുന്നതിനുള്ള അനിഷേദ്ധ്യമായ കടമയും കർത്തവ്യവും അവർക്കുണ്ടു്. അതിനു മതേതരരാഷ്ട്രമായ ഇന്ത്യ ഭരണഘടനയിൽ സമ്യക്കായവകുപ്പുകൾഉൾക്കൊള്ളിച്ചിട്ടുമുണ്ടു്. അതനുസരിച്ചു വേണ്ടതൊക്കെ ചെയ്തുകൊടുക്കുന്നതിനു ഗവമ്മേണ്ടുകൾക്കെല്ലാം ബാദ്ധ്യതയുള്ളതാണു്. വിവിധ സമുദായങ്ങൾ ഉൾപ്പെട്ടകേരളത്തിൽ തദർത്ഥം ഓരോ സമുദായങ്ങളും പ്രൈവററു വിദ്യാലയങ്ങൾ സ്ഥാപിച്ചു നടത്തിപ്പോരുന്നു. ആ സ്വാതന്ത്ര്യം ഒരു വിഭാഗത്തെ മാത്രം സ്പർശിക്കുന്നതല്ല. അതിനെ നിരുത്സാഹപ്പെടുത്തുന്നതോ നിരാകരിക്കുന്നതോ ആയ നിയമം എല്ലാവർക്കും വിനാശകരമാണു്. അതുകൊണ്ടു കമ്യൂണിസ്റ്റു് ഗവമ്മേണ്ടിന്റെ ഇത്തരം വിനാശകരമായ പദ്ധതികൾ എല്ലാ സമുദായങ്ങളും ഒന്നുചേർന്നു പ്രതിഷേധിക്കേണ്ടതും പരാജയപ്പെടുത്തേണ്ടതുമാണു്. ഈ ആദർശത്തിനുവിരുദ്ധമായപ്രവർത്തനങ്ങൾ ഏതൊരു സമുദായത്തിനും ആത്മഹത്യാപരമായിരിക്കും.

പ്രൊഫസർമുണ്ടശ്ശേരിയുടെ വിനാശകരമായ വിദ്യാഭ്യാസബില്ല് അദ്ധ്യാപകരുടെ രക്ഷക്കായുള്ളതാണെന്നു പെരുമ്പറയടിച്ചു് ഒരു പ്രചാരണംനടത്തുന്നുണ്ടു്. മാനേജുമെൻറുകൾ അദ്ധ്യാപകന്മാരെ ചൂഷണംചെയ്യുന്നുവെന്നും അദ്ധ്യാപകനിയമനത്തിൽ അനീതികൾ നടക്കുന്നുവെന്നും പരാതികൾ കേൾക്കുന്നു. അടിസ്ഥാനപൂർവ്വകമായ ഏതുപരാതിയും പരിഹരിക്കപ്പെടേണ്ടതുതന്നെ. പക്ഷെ യാഥാർത്ഥ്യങ്ങളിലേക്കു കടന്നു് അവയുടെ നിജസ്ഥിതിയെപ്പററി സമചിത്തതയോടെ പരിശോധിക്കുമ്പോഴാണു് അതധികവും വെറും മിഥ്യയാണെന്നു വെളിപ്പെടുക. ഇന്നു കേന്ദ്രഗവമ്മെൻറും സംസ്ഥാനികഗവമ്മെൻറുകളും വിദ്യാഭ്യാസരംഗത്തു കൂടുതൽ തുകകൾ ചിലവഴിക്കുന്നതിനു സന്നദ്ധമായതുകൊണ്ടു് അദ്ധ്യാപകന്മാർക്കു കാലസാഹചര്യങ്ങൾക്കനുസരിച്ചു മിതമായ ഒരു ശമ്പളത്തോതു അനുവദിക്കുന്നതിനു സാധിച്ചിട്ടുണ്ടു്. അതിൽ ഇനിയും പല പരിഷ്കാരങ്ങളും വരുത്തുവാനുണ്ടുതാനും. ഇന്നു ഗവമ്മെണ്ടാണു് മുഴുവൻശമ്പളവും അദ്ധ്യാപകന്മാർക്കു കൊടുക്കുന്നതെന്നുള്ളതു ഏറക്കുറെ വാസ്തവംതന്നെ. പക്ഷെ അതിനു കാരണം, വിദ്യാഭ്യാസപ്രചാരണത്തിനുവേണ്ടി, സ്കൂളുകളിൽ അതതുകാലത്തു കുട്ടികളിൽനിന്നു നടത്തിയിരുന്ന ഫീസ്പിരിവു ഗവമ്മെൻറു നിർത്തലാക്കിയതുകൊണ്ടു് ഗവമ്മെൻറിനു വന്നുചേർന്ന ഒരു ഉത്തരവാദിത്വമാണു്. തന്മൂലം നിരവധി ധനം വ്യയംചെയ്തു് സ്കൂൾകെട്ടിടങ്ങളും ഉപകരണങ്ങളും ഉണ്ടാക്കി അനുദിനചിലവുകളും വഹിച്ചുപോരുന്ന മാനേജുമെൻറും, വിദ്യാഭ്യാസത്തിന്റെ പൊതുനിയന്ത്രണം നിർവ്വഹിക്കുന്ന ഗവമ്മെൻറും, വിദ്യാദാനജോലിയിൽ ഏർപ്പെട്ടിരിക്കുന്ന അദ്ധ്യാപകവൃന്ദവും തമ്മിൽ യാതൊരു പുതിയ നിലപാടും ആവിർഭവിക്കുന്നില്ല. പൊതുജനങ്ങൾ അവരുടെ കുട്ടികളുടെ വിദ്യാഭ്യാസച്ചിലവിലേക്കു നേരിട്ടു പ്രതിമാസം ഫീസായി മാനേജർക്കു കൊടുത്തിരുന്ന തുക ഇപ്പോൾഒന്നിച്ചു ഗവമ്മെൻറു് ഖജനാവിൽനിന്നു ഗ്രാൻറായി കൊടുക്കുന്നു. ആ തുകകൾ അവർതന്നെ ഓരോ വിധത്തിൽ നികുതിയായും ആദായനികുതിയായും അമിതാദായനികുതിയായും മററും ക്ലേശിച്ചു് ഖജനാവിൽ അടയ്ക്കുന്നവതന്നെയാണെന്നോർക്കണം. അതു പൊതുമുതലാണു്. പൊതുജനത്തിന്റെ ആവശ്യങ്ങൾക്കായി ചിലവിടുവാനുള്ളതുമാണു്. ഒരു സ്കൂൾ സ്ഥാപിക്കുന്നതിനും അതിന്റെ കെട്ടിടസാമഗ്രികൾ ഉണ്ടാക്കുന്നതിനും അററകുററപ്പണികൾ നിർവ്വഹിക്കുന്നതിനും പ്രൈവററു് ഏജൻസികൾ ചെയ്തിട്ടുള്ളതും ചെയ്തുകൊണ്ടിരിക്കുന്നതുമായ വമ്പിച്ച വ്യയങ്ങളും ത്യാഗങ്ങളും അവഗണിക്കപ്പെടുന്നതു് ന്യായമോ നീതിയോ അല്ലതന്നെ. അദ്ധ്യാപകന്മാരും മാനേജുമെൻറും തമ്മിൽ നിലനിന്നുപോന്നിട്ടുള്ള സൗഹൃദസഹകരണങ്ങൾ ശിഥിലമാകുന്നതിനു ഇടയാകാതിരിക്കുവാൻ ഇരുഭാഗക്കാരും ആത്മാർത്ഥമായി പരിശ്രമിക്കേണ്ടതാണു്. സ്ഥാപിതതാല്പര്യങ്ങൾക്കുവേണ്ടി നിലകൊള്ളുന്ന ഒരു ഗവമ്മെൻറു് ഭിന്നിപ്പിക്കൽനയം സ്വീകരിച്ചു് വിനാശകരമായ പ്രവർത്തനത്തിലേർപ്പെടുന്നുവെങ്കിൽ അതിനെ വേണ്ടസമയത്തു മനസ്സിലാക്കുകയും ആ വശീകരണവിദ്യയെ നിരുത്സാഹപ്പെടുത്തത്തക്കവണ്ണം ആദർശനിഷ്ഠയോടുകൂടി പ്രവർത്തിക്കുകയും ചെയ്യേണ്ടതു് സംസ്കാരസമ്പന്നരായ അദ്ധ്യാപകവൃന്ദത്തിന്റെ കർത്തവ്യമാണു്. ഏവംവിധം കമ്മ്യൂണിസ്റ്റു് ഗവമ്മെൻറിന്റെ ദുരുപദിഷ്ടമായ ഈ വിദ്യാഭ്യാസബില്ലാകുന്ന അണുബോമ്പു് കേരളാന്തരീക്ഷത്തിൽ ഒരു വിനാശകരമായ സ്ഫോടനം ഉളവാക്കാതിരിക്കാൻ ഇടയാകട്ടെയെന്നു ഞങ്ങൾ അഭിലഷിക്കുകയും എല്ലാവരും അതിനുവേണ്ടി സഹകരിച്ചുപ്രവർത്തിക്കണമെന്നഭ്യർത്ഥിക്കുകയും ചെയ്തുകൊള്ളുന്നു.

## പ്രസാധകക്കുറിപ്പുകൾ

### കുടുംബാസൂത്രണപദ്ധതിയെ ആരോഗ്യമന്ത്രിമാർ ചർച്ചചെയ്തു

ഡെൽഹിയിൽവച്ചു അഞ്ചുദിവസത്തേക്കു കൂടിക്കൊണ്ടിരുന്ന ആരോഗ്യമന്ത്രിമാരുടെ കോൺഫറൻസ് കഴിഞ്ഞു് മടങ്ങിയെത്തിയ മന്ത്രി ഡോക്ടർ എ. ആർ. മേനോൻ തിരുവനന്തപുരത്തുവച്ചു ഒരു പത്രസമ്മേളനത്തിൽ ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി:- കുടുംബാസൂത്രണ പദ്ധതിയെപ്പററി കോൺഫറൻസ് അവഗാഢപൂർവ്വം ആലോചിക്കുകയുണ്ടായി. ഇതിനെ സംബന്ധിച്ചുതന്നെ വളരെയധികം ഭിന്നാഭിപ്രായങ്ങൾ കോൺഫറൻസിൽ കാണപ്പെട്ടു. ഈ പ്രശ്നം ഒരു ലഹളയ്ക്കോ വഴക്കിനോ, ഏതെങ്കിലും ഒരു മതവിഭാഗത്തിന്റെ മതവികാരങ്ങൾ വ്രണപ്പെടുത്തുന്നതിനോ ഇടനൽകരുതെന്നു് കോൺഫറൻസിനു പ്രത്യേകം നിർബന്ധമുണ്ടായിരുന്നു. ഈ അഭിപ്രായം തന്നെയാണു് കേന്ദ്രഗവമ്മേണ്ടിനും ഉള്ളതെന്നാണു് എനിക്കറിയാൻ കഴിഞ്ഞിട്ടുള്ളതു്. കത്തോലിക്കർ സാമുദായികമായി തന്നെ വളരെ ആത്മാർത്ഥതയോടുകൂടി കുടുംബാസൂത്രണ പദ്ധതിയെ എതിർക്കുന്നുണ്ടു്. അവരുടെ എതിർപ്പിനു വളരെയധികം പ്രാധാന്യം കേരളത്തെ സംബന്ധിച്ചുണ്ടുതാനും, കേരളത്തിലെ ജനസംഖ്യയിൽ ഒരു നല്ല ശതമാനം അവരാണു്. കൂടാതെ, ഈ പദ്ധതിയെ എതിർക്കുന്നവരുടെമേൽ അതടിച്ചേല്പിക്കാൻ ഗവമ്മെണ്ടിനു യാതൊരുവിധ അധികാരങ്ങളും ഇന്നത്തെ നിലയിൽ ഇല്ലാതാണിരിക്കുന്നതു്. ഈ പദ്ധതിയെ എതിർക്കുന്നവർ കത്തോലിക്കർ മാത്രമല്ല; കമ്മ്യൂണിസ്റ്റുകാരിലും പലരും ഇതിനെ എതിർക്കുന്നുണ്ടു്. കൂടാതെ മതവിശ്വാസികളായ ഹിന്ദുക്കളിലൊരുഭാഗം ഈ പദ്ധതിയെ ഒരു "കൊലപ്പദ്ധതി"യായിട്ടാണു് കണക്കാക്കുന്നതു്. അതുകൊണ്ടു് അവരുടെമേലും ഇതടിച്ചേല്പിക്കാൻ നിവൃത്തിയില്ലാത്ത ഒരു സാഹചര്യമാണുള്ളതു്. മുസ്ലീമിങ്ങളുടെ നില എന്താണെന്നു വ്യക്തമായി മനസ്സിലാക്കാൻ എനിക്കു കഴിഞ്ഞിട്ടില്ല. യാതൊരു പ്രക്ഷോഭണങ്ങൾക്കും ഇടകൊടുക്കാതേയും ആരുടെമേലും സമ്മർദ്ദം ചെലുത്താതേയും ഈ പദ്ധതി പ്രചരിപ്പിക്കാൻ ഗവമ്മെണ്ടു ശ്രമിക്കും. അതിനുവേണ്ടിയുള്ള പ്രചരണാർത്ഥം സ്ത്രീകളെ പ്രൊപ്പഗാൻറാ ഉദ്യോഗസ്ഥകളായി നിയമിക്കാൻ ഗവമ്മെൻറു് ആഗ്രഹിക്കുന്നു. ഇതിനുവേണ്ടി ചിലവാക്കുന്ന മുഴുവൻ തുകയും കേന്ദ്രം സംസ്ഥാനത്തിനു നൽകുന്നതാണു്. ഇപ്രകാരമാണു് കോൺഫറൻസ് ചർച്ചകളെ സംബന്ധിച്ചു് ഡോക്ടർ മേനോൻ പ്രസ്താവിച്ചതായി റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുള്ളതു്. ഒരു സംഗതി ഇവിടെ പൊതുജനങ്ങൾ വ്യക്തമായി മനസ്സിലാക്കേണ്ടതുണ്ടു്. ഈശ്വരവിശ്വാസവും മതഭക്തിയും പാലിച്ചു ജീവിക്കണമെന്നഭിലഷിക്കുന്ന ഈ രാജ്യത്തെ ബഹുഭൂരിപക്ഷം ജനങ്ങളും വെറുക്കുന്നതും ശക്തിപൂർവ്വംപ്രതിഷേധിക്കുന്നതുമായ ഒരു പദ്ധതിയെ അവരുടെ ഹിതത്തിനെതിരായി നടപ്പാക്കണമെന്നുള്ള ഗവമ്മെണ്ടിന്റെ ദൃഢനിശ്ചയമാണതു്. ഒരു ജനകീയ ഗവമ്മെണ്ടാണുപോലും നമ്മെ ഭരിക്കുന്നതു്! ഗവമ്മെണ്ടിന്റെ ജനഹിതത്തിനെതിരായ മർക്കടമുഷ്ടിയെ പ്രയോഗത്തിൽ കൊണ്ടുവരുന്നതിനു്—അതും മനുഷ്യന്റെ സ്വാഭാവികനിയമങ്ങൾക്കുപോലും കടകവിരുദ്ധമായ അധാർമ്മികമായ ഒരു പദ്ധതിയെ പ്രചരിപ്പിക്കുന്നതിനു്—പാവപ്പെട്ട ജനങ്ങൾ ചോരനീരാക്കി സമ്പാദിച്ചു് ഗവമ്മെണ്ടു് ഭണ്ഡാഗാരത്തെ തടിപ്പിക്കുന്ന വിലതീരാത്ത പണം യാതൊരു ലോഭവും കൂടാതെ വാരിക്കോരി ചിലവിടുന്നു. എതിർപ്പുണ്ടാക്കരുതെന്നുമാത്രമേ ദീക്ഷിക്കാനുള്ളുവത്രെ. കാരണം ഈ അധാർമ്മികമായ പദ്ധതി അടിച്ചേല്പിക്കാൻ നിയമസാധുതയില്ല. താലോലിച്ചു തടവിക്കൊടുത്തുകൊണ്ടു് കാര്യം കയററുന്നതു് ഇന്നത്തെ രാഷ്ട്രീയ കസർത്തിലെ ഒരു വേലത്തരമാണു്. നമ്മുടെ ജനാധിപത്യം അർത്ഥവത്താകണമെങ്കിൽ പൗരജനത ഉണർന്നു പ്രവർത്തിക്കുവാൻ സന്നദ്ധമാകണമെന്നേ പറയാനുള്ളു.

x x x

### ആദർശങ്ങളാൽ നയിക്കപ്പെടണമെന്നു നെഹ്റു

"നാം അണുകശക്തിയെപ്പററിയും അണുബോമ്പിനെപ്പററിയും മററും പ്രസ്താവിക്കുന്നുണ്ടു്. ലോകചരിത്രത്തിൽ അവ പുതിയ വസ്തുക്കളാണു്, മാനവവംശത്തിനു അവ മികച്ച നേട്ടങ്ങൾക്കു വഴി തെളിച്ചുവെന്നും വരാം...പക്ഷെ അവസാനം നാം മനുഷ്യവ്യക്തിയുടെ നന്മയിലേക്കുതന്നെ തിരിച്ചുവരണം. നാം വിഹരിക്കുന്ന വെറും സാമ്പത്തികവും രാഷ്ട്രീയവുമായ അന്തരീക്ഷത്തിൽനിന്നും ധാർമ്മികതയുടേയും സദാചാര

അതിൻേറയും അന്തമില്ലാത്തതിലേക്കുതന്നെ പ്രത്യാഗമിക്കണം... നമുക്കു ചെയ്യാവുന്നതിതാണ്, നമ്മുടെ പ്രശ്നങ്ങളെ വലിയ വിനയമനോഭാവത്തോടെ സമീപിക്കുക. ബുദ്ധിയുടെ കഴിവുകൾ പരമാവധി നമുക്കുപയോഗിക്കാം. എന്നാൽ ധാർമ്മികവും സദാചാരപരവുമായ ചില ആദർശങ്ങളെ നാം മുറുകെപ്പിടിക്കണം. വസ്തുനിഷ്ഠമായ വിലയിരുത്തലിനു നമ്മെ സഹായിക്കുന്ന ചില നിയന്ത്രണങ്ങളും ചില തത്വങ്ങളും നമുക്കുണ്ടാകണം ...എനിക്കു പരിപൂർണ്ണബോധ്യമുള്ള ഒരു കാര്യമുണ്ട്, ഒരു ലക്ഷ്യപ്രാപ്തിക്കു നാമുപയോഗിക്കുന്ന മാർഗ്ഗങ്ങൾ ലക്ഷ്യത്തെപ്പോലെതന്നെ പ്രാധാന്യമർഹിക്കുന്നവയാണ്......രാഷ്ട്രീയവും സാമ്പത്തികവുമായ പ്രശ്നങ്ങൾക്കു പൂർണ്ണമായിട്ടോ അർഹമായ വിധത്തിലോ പരിഹാരമുണ്ടാകുന്നതിനു അവയുടെ ധാർമ്മികവും സദാചാരപരവുമായ വശങ്ങളുടെ പരിഗണന കൂടാതെ സാദ്ധ്യമാണെന്നു ഞാൻ വിചാരിക്കുന്നില്ല." ഇന്ത്യൻപ്രധാനമന്ത്രി പണ്ഡിററ് ജവഹരിലാൽ നെഹ്റു സിലോൺ സന്ദർശിച്ച അവസരത്തിൽ ചെയ്ത ഒരു പ്രസംഗഭാഗമാണ് മേലുദ്ധരിച്ചതു്. ആധുനികപ്രശ്നങ്ങൾക്കു പരിഹാരംകാണുന്നതിനു ബദ്ധപ്പെടുന്ന ഇന്നത്തെ ജനതയുടെ കണ്ണുതുറപ്പിക്കുവാൻ പര്യാപ്തമായ ഒരു ചിന്താസരണിയാണ്, അദ്ദേഹം അതിൽ ആവിഷ്കരിച്ചിരിക്കുന്നതു്. ജനകീയപ്രസ്ഥാനങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ബഹുഭൂരിഭാഗം ജനങ്ങളും ചില മുദ്രാവാക്യങ്ങളുടെ പ്രഘോഷണംകൊണ്ടും വെറും പ്രചാരണപ്രവർത്തനങ്ങൾകൊണ്ടും കാര്യം നേടാമെന്നു ഭാവിക്കുന്നു. ആവേശഭരിതമായ പ്രവർത്തനമാണ് അവരുടെ പരിപാടി. അതെവിടേക്കു പോകുന്നുവെന്നോ എന്തു ഫലം പുറപ്പെടുവിക്കുന്നുവെന്നോ ചിന്തിക്കുവാൻ മാത്രം സാവകാശം അവർക്കില്ല. ആദർശം എന്ന ഒന്നു് അവർക്കില്ല; അതേപ്പററി പഠിക്കുവാനും അവർ തയാറില്ല. സുചിന്തിതമായ ആദർശങ്ങളെ ലക്ഷ്യമാക്കി ചെയ്യപ്പെടുന്ന പ്രവർത്തനങ്ങൾ മാത്രമേ പരമമായ വിജയത്തിലെത്തിച്ചേരുകയുള്ളു. ഈ ആദർശരൂപവല്കരണത്തിൽ പ്രാമുഖ്യം വഹിക്കേണ്ട ഘടകങ്ങളാണ് ധാർമ്മികബോധവും സദാചാരനിഷ്ഠയും. അവയിൽ അടിയുറച്ച ആദർശങ്ങളോടുകൂടിയ പദ്ധതികൾക്കുമാത്രമേ മാനവവംശത്തിൻെറ സാമ്പത്തികവും രാഷ്ട്രീയവുമായ പ്രശ്നങ്ങളെ പരിഹരിക്കുന്നതിനു കഴിവുള്ളുവെന്നാണ് പണ്ഡിററ്ജി പ്രസ്താവിക്കുന്നതു്. സാമൂഹികപ്രവർത്തകരുടെ മാത്രമല്ല രാഷ്ട്രീയപ്രവർത്തകരുടേയും അവഗാഢമായ ശ്രദ്ധ ഈ കാര്യത്തിൽ അവശ്യം പതിയേണ്ടതത്രെ. പ്രധാനമന്ത്രി വ്യക്തമാക്കിയിരിക്കുന്ന മറെറാരു സംഗതി കമ്മ്യൂണിസ്റ്റുകളുടെ ഒരു പ്രഖ്യാപിതതത്വമായിരിക്കുന്ന "ലക്ഷ്യം മാർഗ്ഗത്തെ നീതീകരിക്കുന്നു" എന്നുള്ളതിനെപ്പററി അദ്ദേഹത്തിനുള്ള എതിർപ്പാണ്. ധാർമ്മികബോധത്തേയും സദാചാരമുറകളേയും കീഴ്മേൽ മറിച്ച് അക്രമപരവും അനീതിപരവുമായ പ്രവൃത്തികളെ നീതീകരിക്കുന്നതിനുള്ള ഒരു വചനമാത്രമാണതു്. ചുരുക്കത്തിൽ ഒരു പ്രവർത്തനാദർശമാണ് അദ്ദേഹം ആ പ്രസ്താവനയിൽ ചൂണ്ടിക്കാണിച്ചിരിക്കുന്നതു്.

### ജപാപ്പസ്തോലസഖ്യത്തിൻെറ ജൂലൈമാസത്തെ പൊതുനിയോഗം

“അണുകശക്തി സമാധാനപരമായ ഉദ്ദേശങ്ങൾക്കുവേണ്ടിമാത്രം ഉപയോഗിക്കപ്പെടുന്നതിനു.”

# വിവിധവൃത്താന്തങ്ങൾ

## വി. റീത്തായുടെ 5-ാം ശതവത്സരാഘോഷം

വിശുദ്ധറീത്താ ചരമമടഞ്ഞതിൻെറ 5-ാം ശതവത്സരാഘോഷങ്ങൾ വിശുദ്ധയുടെ ജന്മദേശമായ കാഷിയായിൽ വിപുലമായ പരിപാടിയോടുകൂടി നടത്തപ്പെട്ടിരിക്കുന്നു. ചടങ്ങുകളിൽ ഏററവും ആകർഷകമായിരുന്നതു് റോക്കപ്പൊറേനാ എന്ന സ്ഥലത്തുനിന്നു കാഷിയായിലേക്കു നടത്തപ്പെട്ട രണ്ടു മൈൽ പ്രദക്ഷിണമായിരുന്നു. അനേകായിരം ഭക്തജനങ്ങൾ റോസപ്പൂക്കൾകൊണ്ടുള്ള ചെണ്ടുകൾ വഹിച്ചാണ് അതിൽ പങ്കെടുത്തതു്. വിശുദ്ധയുടെ ജീവിതത്തിൽ ഇതിനോടനുബന്ധപ്പെട്ട ഒരു സംഭവമുണ്ട്. 1457 ലെ വളരെ തണുപ്പുള്ള ഒരു വർഷർതുവിലാണു അതു സംഭവിച്ചതു്. കാഷിയായിലെ അഗസ്റ്റീനിയൻ മഠത്തിൽ വിശുദ്ധ റീത്താ അംഗമായി ചേർന്നിരുന്ന അക്കാലത്തു വിശുദ്ധയുടെ ഒരു സംബന്ധക്കാരി വിശുദ്ധയെ കാണുന്നതിനുവന്നു. സന്ദർശകയോടു വിശുദ്ധ റീത്താ ആവശ്യപ്പെട്ടു, രണ്ടുമൈലകലെയുള്ള റൊക്കപ്പൊറേനാ എന്ന സ്ഥലത്തുള്ള സഭവക പഴയ ഒരു മഠത്തിൽചെന്നു അവിടത്തെ തോട്ടത്തിൽനിന്നു ഒരു റോസപ്പുഷ്പം പറിച്ചുകൊണ്ടുവരുവാൻ. ഉഗ്രമായ ആ തണുപ്പുകാലത്തു ഒരു പുഷ്പം കണ്ടുകിട്ടുക അസാദ്ധ്യമായിരിക്കുമെന്നു അവർ സംശയിച്ചുവെങ്കിലും വിശുദ്ധ റീത്തായുടെ ആഗ്രഹമനുസരിച്ച് അവർ പോയി. അവിടെ മനോഹരമായ ഒരു റോസപ്പുഷ്പം വിടർന്നുനില്ക്കുന്നതാണ് അവർ കണ്ടതു്. ഇതൊരത്ഭുതമാണെന്നുതന്നെ അവർ വിശ്വസിച്ചു. പൂവിറുത്തുകൊണ്ടുവന്നു റീത്തയെ ഏല്പിക്കുകയുംചെയ്തു. അതിനെ അനുസ്മരിച്ചാണ് വിശുദ്ധ റീത്തായുടെ തിരുനാളിൽ റോസപ്പുഷ്പങ്ങൾ ആശീർവ്വദിച്ച് ഭക്തജനങ്ങൾക്കു കൊടുക്കുന്നതു്. സെൻറിനാറിപ്രദക്ഷിണം കാഷിയായിൽ എത്തിച്ചേർന്നപ്പോൾ അത്യുന്നതകർദ്ദിനാൾ കനാലിതിരുമനസ്സുകൊണ്ട് പൂച്ചെണ്ടുകളെല്ലാം ആശീർവ്വദിക്കുകയുണ്ടായി.

### വേദപ്രചാരനിയോഗം

“ഓഷ്യാനിയാദ്വീപുകളിൽ ജോലിചെയ്യുന്ന മിഷനറിമാർക്കുവേണ്ടി.”

(10-ാംപേജ് തുടർച്ച)

അഭ്യർത്ഥനയെ നിരസിച്ചു. എന്നാൽ ബെനഡിക്ടു് ഒട്ടും അയഞ്ഞില്ല. ഒടുവിൽ അവർ ഗത്യന്തരമില്ലാതെ വഴങ്ങിക്കൊടുത്തു എന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. ബെനഡിക്ടു് ലാട്രാപ്പിനെ ലക്ഷ്യമാക്കി പുറപ്പെട്ടു, കുതൂഹലചിത്തനായി.

പക്ഷെ ആശ്രമത്തിലെത്തിയപ്പോൾ നിരാശയായിരുന്നു ഫലം. അനുവാദം ലഭിച്ചില്ല. അവിടത്തെ തപശ്ചര്യയെ അഭിമുഖീകരിക്കത്തക്ക ദൃഢഗാത്രരെ മതി അവർക്ക്. ആരോഗ്യം കുറഞ്ഞ പലരേയും എടുത്തതിനാൽ ഇടയ്ക്കു് ഉപേക്ഷിക്കേണ്ടിവന്നു. നിർദ്ദിഷ്ടമായ ആരോഗ്യനിലവാരത്തിൽ എത്തിയിരുന്നില്ല നമ്മുടെ അഹി. എന്തിനധികം? ബെനഡിക്ടു് വീട്ടിലേക്കു പോയി. “ഞങ്ങൾ പറഞ്ഞില്ലേ” ഇതായിരുന്നു വീട്ടുകാരുടെ അർത്ഥഗർഭമായ താക്കീതു്.

(തുടരും)

### അടുത്തയാഴ്ചയിൽ

ജൂലൈ
11 വ്യാ: വി. പീയൂസ്
12 വെ: വി. യോഹന്നാൻ ഗ്വാൽബത്തോസ്
13 ശ: വി. അനാക്ലേത്തോസ്
14 ഞാ: പന്തക്കു: 5-ാംഞായർ
15 തി: വി. യാക്കോബ് നസീമിൻ
16 ചൊ: കർമ്മലമാതാവ്
17 ബു: വി. അലക്സീസ്

## സ്വിസ്ഗാർഡുകളുടെ പുതിയ തലവൻ

പേപ്പൽ സ്വിസ്ഗാർഡുകളുടെ തലവനായി പരിശുദ്ധ പിതാവു കേണൽ റോബർട്ട് നൺലിസ്റ്റ് എന്ന ദേഹത്തെ നിയമിക്കുകയും അദ്ദേഹം ജൂൺമാസത്തിൽ വത്തിക്കാനിലെത്തി ജോലി ചാർജ്ജെടുക്കുകയുംചെയ്തിരിക്കുന്നു. 15 ദിവസം അദ്ദേഹം വത്തിക്കാനിൽ താമസിച്ച് മാർപ്പാപ്പായെ സന്ദർശിക്കുകയും, സിക്രട്ടറിയേററിലെ അംഗങ്ങളുമായിപരിചയപ്പെടുകയുംചെയ്തു. സ്വിററ്സർലണ്ടിലേക്കു മടങ്ങിപ്പോയ അദ്ദേഹം ജൂലൈമാസത്തിൽ തിരിച്ചെത്തുന്നതാണ്. കേണൽ റോബർട്ട് ഒരു തത്വശാസ്ത്രപ്രൊഫസറും സ്വിസ്സൈന്യത്തിൽ ഒരു സ്റ്റാഫ്മെമ്പറായിരുന്നു റിട്ടയർചെയ്ത ആളുമാണ്. കഴിഞ്ഞ മാർച്ചുമാസത്തിൽ നിര്യാതനായ ബാരൺ ഫീൻറിച്ച് ദെ പൈഫർ അവർകളുടെ അനന്തരഗാമിയായിട്ടാണ് കേണൽ നൺലിസ്റ്റ് നിയമിതനായിരിക്കുന്നതു്.

## സ്വിസ്ഗാർഡുകളുടെ സംഖ്യ 83ആയി

പുതിയ ഉദ്യോഗാർത്ഥികളുടെ വൈരള്യംകൊണ്ട് ഈയിടെ സ്വിസ്ഗാർഡുകളുടെ സംഖ്യ 55 ആയി കുറഞ്ഞിരിക്കുകയായിരുന്നു. എന്നാൽ മേയ്മാസാരംഭത്തിൽ സ്വിസ്സർലണ്ടുകാരായ 28 യുവാക്കന്മാർ വന്നുചേരുകയും ഇപ്പോൾ സംഖ്യ 83 ആയി വർദ്ധിക്കുകയും ചെയ്തിരിക്കുന്നു. 1527-ൽ റോം ആക്രമിക്കപ്പെടുകയും അന്നത്തെ മാർപ്പാപ്പായായ ക്ലമൻറു് ഏഴാമൻെറ സംരക്ഷണകൃത്യത്തിൽ സ്വിസ്പട്ടാളം മുഴുവനുംതന്നെ ചരമമടയുകയുംചെയ്തു. ആ സംഭവത്തെ അനുസ്മരിക്കുന്ന ദിവസത്തിലാണ് ഈ പുതിയ സംഘത്തിൻെറ സൈനികപ്രതിജ്ഞ നടത്തപ്പെട്ടതു്. വത്തിക്കാനിലെ ബെൽവഡേർ അങ്കണം അതിനായി സജ്ജീകരിക്കപ്പെട്ടിരുന്നു. കുഴലുകളുടേയും പെരുമ്പറകളുടേയും സൈനികാലാപങ്ങൾ മുഴങ്ങിക്കൊണ്ടിരിക്കെ ഓരോ സൈനികനും മുമ്പോട്ടുവന്നു പതാക കൈയിലെടുത്തു പ്രതിജ്ഞാവാചകം ഉച്ചരിച്ചുകൊണ്ടാണ് പ്രസ്തുത ചടങ്ങു നിർവ്വഹിക്കപ്പെട്ടതു്.

## സ്വിസ്കത്തോലിക്കാ സംഘടനയുടെ ശതവാർഷികം

സ്വിസ്സർലണ്ടിൽ നടമാടിയിരുന്ന മതപീഡനത്തിനെതിരായി സംഘടിപ്പിക്കപ്പെട്ട ഒരു ചെറിയ കത്തോലിക്കാപ്രസ്ഥാനമായിരുന്നു “പയസ്സംഘം.” ഒമ്പതാംപീയൂസ് മാർപ്പാപ്പായാണ് 100 കൊല്ലംമുമ്പു അതിനു അനുവാദം നൽകിയതു്. അതു മർദ്ദനങ്ങളെ ചെറുക്കുകയും കത്തോലിക്കരുടെ പൗരാവകാശങ്ങൾക്കുവേണ്ടി വാദിക്കുകയും ചെയ്തുകൊണ്ടിരുന്നു. കാലാന്തരത്തിൽ അതു ശക്തിപ്പെടുകയും കത്തോലിക്കാസ്കൂളുകളുടേയും സർവ്വകലാശാലകളുടേയും അവകാശവാദങ്ങളിൽ മുന്നിട്ടു പ്രവർത്തിക്കുകയും പല മഹത്സ്ഥാപനങ്ങളുടേയും ആവിർഭാവത്തിനു കാരണമായിത്തീരുകയുംചെയ്തു. 1904-ൽ അതു “സ്വിസ് കാത്തലിക്ക് പീപ്പിൾസ് അസോസിയേഷൻ” എന്ന പേരിൽ രാജ്യവ്യാപകമായ ഒരു സംഘടനയായിത്തീർന്നു. ഇന്നു അതു ജനതയുടെ രാഷ്ട്രീയവും, സാമൂഹികവും, മതപരവുമായ താല്പര്യങ്ങളെ പരിരക്ഷിച്ചുപോരുന്ന പ്രബലമായ ഒരു സംഘടനയായി പ്രവർത്തിച്ചുപോരുന്നു.

## യൂഗോസ്ലാവ് കമ്മ്യൂണിസ്റ്റുകൾ പഴയ ആശ്രമം കണ്ടുകെട്ടി

ഇസ്ത്രിയൻ ദ്വീപിലുള്ള പാസ്സീനിലെ ഫ്രാൻസിസ്കൻ സന്യാസാശ്രമം യൂഗോസ്ലാവ് കമ്മ്യൂണിസ്റ്റ് ഗവമ്മെണ്ടു കണ്ടുകെട്ടുകയും അതിലെ അംഗങ്ങളായ 17 സന്യാസികളോടു ഉടൻ സ്ഥലം വിടുന്നതിനാവശ്യപ്പെടുകയും ചെയ്തിരിക്കുന്നു. ഈ സന്യാസഭവനത്തിനു 400 കൊല്ലത്തെ പഴക്കമുണ്ട്. സന്യാസികളുടെ ഈ പുറംതള്ളൽ ഇസ്ത്രിയാൻ കത്തോലിക്കർക്കു ഒരു തീരാനഷ്ടമായിരിക്കുമെന്നു റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നു. ഗവമ്മെണ്ടു അവിടം ഒരു സൈനികത്താവളമാക്കുവാൻ ഉദ്ദേശിക്കുന്നുവത്രെ.

## മിഷനറി ചരിത്രം മോസ്കോയിലേക്കു്

മോസ്കോയിലെ ലെനിൻ നാഷനൽ ലൈബ്രറിയിൽനിന്നും അമേരിക്കയിലെ ഡിവൈൻ വേർഡ് ഫാദേഴ്സിനോടു് “ഗോൾഡ് കോസ്റ്റ് മിഷൻ ഹിസ്റ്ററി 1471-1880” എന്ന ഗ്രന്ഥം അയച്ചുകൊടുക്കണമെന്നാവശ്യപ്പെട്ടിരിക്കുന്നു. ഫാദർ റാൾഫ് ഡബ്ളിയു. വിൽട്ട്ജൻ എന്ന ഒരു മിഷനറി എഴുതിയതാണ് പ്രസ്തുതഗ്രന്ഥം. ഡിവൈൻവേർഡ് ഫാദേഴ്സിൻെറ ആസ്ഥാനമായ ടെക്ക്നി, ഇല്ലിനോയ്സിൽ ഈ കൊല്ലം ആരംഭത്തിലാണ് അതു മുദ്രണം ചെയ്യപ്പെട്ടതു്. പ്രസ്തുത പാശ്ചാത്യ-ആഫ്രിക്കൻ സ്റ്റേററു് സ്വാതന്ത്ര്യം പ്രാപിച്ചശേഷം അതിൻെറ പേരു് ഘാനാ എന്നു മാററിയിരിക്കുകയാണ്. ആവശ്യപ്പെട്ടതനുസരിച്ച് ഗ്രന്ഥം അയച്ചുകൊടുത്തിരിക്കുന്നു.

## സുഡാനിലെ വിദ്യാലയ ദേശീകരണത്തെ

### വർഗ്ഗത്തലവന്മാർ എതിർക്കുന്നു

സുഡാനിലെ ഗവമ്മെണ്ട് അവിടെയുള്ള 250 കത്തോലിക്കാ വിദ്യാലയങ്ങളേയും 50 പ്രോട്ടസ്റ്റൻറു വിദ്യാലയങ്ങളേയും ദേശീകരിക്കുന്നതിനും കൈയടക്കുന്നതിനും നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനെ പ്രതിഷേധിച്ചു ദക്ഷിണസുഡാനിൽ സമ്മേളിച്ച ഒരു പൊതുയോഗത്തിൽ അൻഡ്റയഹരശല്ല ചീഫ് പ്രസ്താവിച്ചു, എല്ലാ ജാതിത്തലവന്മാരുടേയും ജനങ്ങളുടേയും പ്രതിനിധിയായി ഞാൻ പറയുകയാണ്, ഗവമ്മെണ്ടിൻെറ നയത്തെ കഠിനമായി ഞങ്ങൾ പ്രതിഷേധിക്കുന്നു എന്നു്. പ്രോട്ടസ്റ്റൻറുമിഷനറിമാർക്കു് ജാതിത്തലവന്മാരോടും ജനനേതാക്കന്മാരോടും ആലോചിക്കാതെ അവരുടെ സ്കൂളുകൾ വിട്ടുകൊടുക്കുവാൻ അധികാരമില്ല എന്നദ്ദേഹം പറഞ്ഞു. കാർട്ടോമിൽ കംബോഡിയാ കോളേജിൻെറ ഒരു ശാഖ തുറക്കുവാൻ വെറോനാ ഫാദേഴ്സ് ആവശ്യപ്പെട്ടിട്ടു അനുവദിക്കാതിരുന്നതിൽ അദ്ദേഹം ആക്ഷേപം പ്രകടിപ്പിച്ചു. വേറൊരു ചീഫായ അൻഡ്രൂവാർ ജൂബാഡിസ്ട്രിക്ടിലെ ജനങ്ങളെ പ്രതിനിധീകരിച്ചുകൊണ്ടു പറഞ്ഞു: ദക്ഷിണപ്രദേശങ്ങളെ പരിഷ്കരിക്കാമെന്നു ഗവമ്മെണ്ടു നൽകിയിട്ടുള്ള ഉറപ്പിൻെറ ഒരു ലംഘനമാണ് സ്കൂളുകളുടെ ദേശീകരണം. മിഷനറിമാരെ അവരുടെ സ്കൂളുകൾ തുടർന്നുകൊണ്ടുപോകുവാൻ അനുവദിക്കുകയും അതേസമയം പുതിയ സ്കൂളുകൾ തുടങ്ങുകയുമാണ് ഗവമ്മെണ്ടു ചെയ്യേണ്ടതു്. ഒരു പുതിയ വീടു പണിയുന്നതിനു പഴയതു തല്ലിപ്പൊളിച്ചു കളയണമെന്നുണ്ടോ? ദക്ഷിണസുഡാൻ രാഷ്ട്രീയപാർട്ടികളുടെ നേതാവായ അബ്ദുർറഹ്മാൻ സൂൾ എന്ന ദേഹം പറഞ്ഞതു്, മിഷ്യനറിമാരുടെ പ്രവർത്തനത്തിനു ദക്ഷിണസുഡാൻ മാത്രമല്ല സുഡാൻ മുഴുവനും കടപ്പെട്ടിരിക്കുന്നു എന്നാണ്. അവരല്ലായിരുന്നെങ്കിൽ ഒരൊററ സുഡാൻകാരൻപോലും ഇന്നു ഗവമ്മെണ്ടുസർവ്വീസിൽ കാണുകയില്ലായിരുന്നു. മിഷനറിമാരാണ് ഈ ദക്ഷിണഭാഗത്തേക്കു പ്രകാശം കൊണ്ടുവന്നിട്ടുള്ളതു്. അവരുടെ സൽപ്രവൃത്തിയെ തുടരുന്നതിനു അവർ അനുവദിക്കപ്പെടുകതന്നെവേണം.

—o—

## വിനോദവേദി



“അമ്മച്ചി എന്തിനാ നമ്മുടെ വേലക്കാരനെ പിരിച്ചുവിട്ടതു്. അവനൊരു പാവമായിരുന്നല്ലോ!”

“അവനാ പാവം? അപ്പച്ചനുമായി ഞാനെപ്പോ വഴക്കിട്ടാലും അവനുടനെ വരും അപ്പച്ചൻെറ സൈഡുപറയാൻ. ഇങ്ങനുള്ളവനെ വച്ചേക്കാമോടീ. ഓടിച്ചു ഞാൻ ...!”

× × ×

ഒരു കമ്മ്യൂണിസ്ററും ഒരു കത്തോലിക്കനും സംസാരിച്ചുകൊണ്ടു നടന്നുപോവുകയായിരുന്നു. ഒരു വലിയ സ്ഥാപനത്തിൻെറ മുമ്പിൽ വന്നപ്പോൾ അതിലുള്ള കപ്പേളയെ സ്മരിച്ചു കത്തോലിക്കൻ തലകുനിച്ചാചാരം ചെയ്തു. പുറകെ കമ്മ്യൂണിസ്റ്റ്കാരനും കെട്ടിടത്തെ സൂക്ഷിച്ചുനോക്കി ആചാരംചെയ്തു.

കത്തോലിക്കൻ:- അല്ല നിങ്ങൾക്കു മതവിശ്വാസമൊന്നും ഇല്ലെന്നല്ലേ വയ്പ്. പിന്നെന്തിനാണ് കപ്പേളയുടെനേർക്കു ആചാരം കാണിക്കുന്നതു്?

കമ്മ്യൂ:- ഓ, അതു നിങ്ങളുടെ കപ്പേളയായിരുന്നോ? കെട്ടിടം കണ്ടപ്പോൾ അതൊരു വലിയ ബാങ്കോ മറേറാ ആണെന്നു കരുതിയാണ് ഞാൻ അങ്ങനെ ബഹുമാനിച്ചതു്.

× × ×

അദ്ധ്യാപകൻ:- എടോ, ഗോപാലൻ, താൻ ഈയിടെ പട്ടണിഷേധിയായി വരികയാണ്. തൻെറ ഇംഗ്ലീഷ് വളരെ മോശമായതുകൊണ്ടല്ലേ ഈ കോമ്പൊസി

# മുണ്ടശ്ശേരിയുടെ "പകപോക്കൽ" പരിഷ്കാരം

## "ജീവൻ ത്യജിച്ചും അതിനെ എതിർക്കും"

വിദ്യാഭ്യാസപ്രക്ഷോഭണം ഇന്നാട്ടിലെ ഏതാനും കത്തോലിക്കരുടെ പ്രക്ഷോഭണം മാത്രമാണെന്ന മന്ത്രി മുണ്ടശ്ശേരിയുടെ പ്രസ്താവനയെ പ്രൈവറ്റ്സ്കൂൾ അവകാശസംരക്ഷണക്കമ്മിററിയുടെ പ്രസിഡണ്ട് ശ്രീ പി. ജെ. സെബാസ്റ്റ്യൻ ഖണ്ഡിച്ചിരിക്കുന്നു. ഒരു അനൗപചാരികസംഭാഷണത്തിന് ജൂൺ 30-ാംനു കമ്മിററി കോട്ടയത്തു വിളിച്ചുകൂട്ടിയ ഒരു പ്രസ്കോൺഫറൻസിൽ വച്ചാണ് ശ്രീ സെബാസ്റ്റ്യൻ ഇപ്രകാരം പ്രസ്താവിച്ചത്. ഉദ്ദേശം 80 മിനിട്ടുനേരം അദ്ദേഹം സംസാരിച്ചു. പ്രൈവററ്വിദ്യാലയങ്ങൾ ദേശസാൽക്കരിക്കുക, പ്രസ്തുത വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്ക് ഗവ: നേരിട്ടു ശമ്പളം നൽകുക, അദ്ധ്യാപകനിയമനത്തിനു ഗവ: ലിസ്റ്റ് നിർദ്ദേശിക്കുക എന്നീ മൂന്നു കാര്യങ്ങളെ ഈ കമ്മിററി അങ്ങേയററം എതിർക്കുമെന്ന് അദ്ദേഹം കാര്യകാരണസഹിതം സമർത്ഥിച്ചു.

മുസ്ലീംലീഗിന്റെ നേതാവായ ജനാബ് സീതിസാഹിബ്, മാർത്തോമ്മാസഭാ കൗൺസിൽ, യാക്കോബായസമുദായാദ്ധ്യക്ഷൻ, ഓർത്തഡോക്സ് സഭാസെക്രട്ടറി, മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി, ഡോക്ടർ കെ പി. പണിക്കർ തുടങ്ങി വിവിധ സമുദായനേതാക്കളും സംഘടനകളും കമ്മ്യൂണിസ്റ്റ്ഗവമ്മെൻറിന്റെ വിദ്യാഭ്യാസബില്ലിൽ ഉൾക്കൊള്ളിക്കുമെന്നു പറയപ്പെടുന്ന അസ്വീകാര്യങ്ങളായ ഭാഗങ്ങളെ എതിർത്തുകൊണ്ടിരിക്കെ ഇതൊക്കെ അറിഞ്ഞുകൊണ്ടിരിക്കുന്ന മന്ത്രി ശ്രീ മുണ്ടശ്ശേരി പറയുന്നത് ഇതു ചില കത്തോലിക്കരുടെമാത്രം പ്രക്ഷോഭണമാണെന്നാണ് എന്നും ശ്രീ സെബാസ്റ്റ്യൻ പറഞ്ഞു. അദ്ദേഹം ഇങ്ങനെ തുടർന്നു: മന്ത്രി മുണ്ടശ്ശേരിയുടെ പകപോക്കൽമാത്രമാണ് ഈ വിദ്യാഭ്യാസപരിഷ്കാരം. അദ്ദേഹത്തിന്റെ ഭാഷയിൽ പറഞ്ഞാൽ "മാനേജ്മെൻറിനു മൂക്കുകയറിടുന്നതിനുള്ള" ഈ വ്യഗ്രത ആക്ഷേപാർഹവും അങ്ങേയററം പ്രതിഷേധാർഹവുമാണ്. ഇതിനെ ഈ കമ്മിററി അങ്ങേയററം എതിർക്കും; ജീവൻ ത്യജിച്ചും ഞങ്ങൾ ഇതിനെ എതിർക്കുകതന്നെ ചെയ്യും. പ്രൈവററ്സ്കൂൾ അവകാശസംരക്ഷണക്കമ്മിററിയെന്നതു് രക്ഷാകർത്താക്കളുടെ സംഘടനയാണ്. തങ്ങളുടെ കുഞ്ഞുങ്ങളെ ഈശ്വരവിശ്വാസമുള്ളവരാക്കുന്നതിൽ ഏതുവിധമുള്ള വിദ്യാഭ്യാസം നൽകണമെന്നു നിശ്ചയിക്കുന്നതിനുള്ള അവകാശം രക്ഷാകർത്താക്കൾക്കുള്ളതാണ്.

കുഞ്ഞുങ്ങൾ മാതാപിതാക്കളുടേതാണ്, കുഞ്ഞുങ്ങൾ ഗവർമ്മെണ്ടിന്റേതല്ല എന്നതും കമ്മിററി അനുസ്മരിപ്പിക്കുകയാണ്. നാസിസ്റ്റ്, ഫാസിസ്റ്റ്, കമ്മ്യൂണിസ്റ്റ് എന്നീ കൂട്ടർ അധികാരത്തിൽവന്ന രാജ്യങ്ങളിലെല്ലാം അവർ ആദ്യമായി വിദ്യാഭ്യാസകാര്യത്തിലാണ് കൈവച്ചിട്ടുള്ളതു്. പക്ഷേ അവയൊക്കെ യൂറോപ്യൻരാജ്യങ്ങളിലാണ് നടന്നതു്. തന്മൂലം ക്രൈസ്തവസഭകൾ അതിനെ എതിർത്തു. എതിർത്തവരെ അവർ ലിക്വിഡേററുചെയ്തു. എന്നിട്ടും അവിടെ ശേഷിച്ചവർ വീണ്ടും അതിനെ എതിർത്തുപോന്നു. ഒടുവിൽ ഹിററ്ലറും, മുസോലിനിയും പരാജയപ്പെട്ടു. റഷ്യയിൽ എന്തു സംഭവിക്കുമെന്നു നിശ്ചയമില്ല. കമ്മ്യൂണിസ്റ്റുകൾ ഹംഗറിയിൽ നടത്തിയ കൂട്ടക്കൊലകളും അവിടെനിന്ന് കാൽലക്ഷത്തോളം ആളുകളെ നാടുകടത്തിയതും ശ്രീ സെബാസ്റ്റ്യൻ വിവരിച്ചു.

ഞങ്ങളുടെ കുഞ്ഞുങ്ങളെ ഈശ്വരവിശ്വാസമുള്ളവരാക്കി വളർത്താൻ ഞങ്ങൾ ജീവൻ ത്യജിക്കാനും സന്നദ്ധരാണ്. എന്നാൽ സ്ഥിതിഗതികൾ ഗുരുതരാവസ്ഥയിലേക്കു നയിക്കണമെന്നു ഞങ്ങൾക്കു നിർബന്ധമില്ല. ഇതു ഭീഷണിയല്ല. ഏതാനും ദശാബ്ദം മുമ്പുവരെ വിദ്യാലയങ്ങളിൽനിന്ന് ആട്ടിപ്പുറത്താക്കിയ ഇന്നാട്ടിലെ ചില സമുദായങ്ങളിലെ ആളുകളെ അഭ്യസ്തവിദ്യരാക്കാൻ അന്നു ക്രൈസ്തവർ മാത്രമേ ഉണ്ടായിരുന്നുള്ളുവെന്ന് അനുസ്മരിക്കേണ്ടതുണ്ട്.

1122-ൽ സർ സി. പി. യെ പ്രീതിപ്പെടുത്തുന്നതിന് എൻ. എസ്. എസ്. അവരുടെ പ്രൈമറിവിദ്യാലയങ്ങൾ സറണ്ടർ ചെയ്തുകൊടുത്തു. എന്നാൽ അന്നും ക്രൈസ്തവവിദ്യാലയഭാരവാഹികൾ ഉറച്ചുതന്നെ നിലകൊണ്ടു. എൻ. എസ്. എസ്. അന്നു അങ്ങനെ ചെയ്തതുകൊണ്ടു് ആ വിദ്യാലയങ്ങളിലെ അദ്ധ്യാപകർ ഇന്ന് ഗവമ്മെൻറുജീവനക്കാരായി. ഇപ്പോൾ എൻ. എസ്. എസ്. പറയുന്നതു് പ്രൈവററ് വിദ്യാലയങ്ങൾ ഗവമ്മെൻറ് ഏറെറടുത്താൽ തങ്ങൾക്കു നിയമനകാര്യത്തിൽ സാമുദായികപ്രാതിനിധ്യം കിട്ടുമെന്നാണത്രെ.

പ്രൈവററ്വിദ്യാലയങ്ങൾ നടത്തുന്നതുകൊണ്ടു് ആദായമൊന്നുമില്ലെന്നറിഞ്ഞപ്പോഴാണ് മററു സമുദായക്കാർ അതിനു മുതിരാഞ്ഞതു്. എന്നാൽ തങ്ങളുടെ കുഞ്ഞുങ്ങളെ ഈശ്വരവിശ്വാസത്തിൽ അധിഷ്ഠിതമായ ജീവിതം നയിക്കുന്നതിനു സഹായകമായ വിധം വളർത്തുന്നതിന് ഒന്നരശതാബ്ദമായി ക്രൈസ്തവർ ഈ രംഗത്തു പ്രവർത്തിച്ചുപോരികയാണ്. കേരളത്തിലെ സാക്ഷരത്വത്തിന് കൂടുതൽ അഭിമാനം അർഹിക്കുന്നതു് ക്രിസ്ത്യാനികളുടെ ഈ സൽസംരംഭമാണെന്ന് ഡോക്ടർ രാജേന്ദ്രപ്രസാദ് തുടങ്ങിയ നേതാക്കന്മാർ സമ്മതിച്ചിട്ടുള്ളതാണ്.

ഗ്രാൻറ് ഇൻ എയിഡ് സമ്പ്രദായത്തെ വിശകലനംചെയ്തുകൊണ്ട് മി. സെബാസ്റ്റ്യൻ ഇങ്ങനെ തുടർന്നു: മുക്കാൽശതാബ്ദത്തോളമായി നിലനിന്നുവരുന്ന ഒരു വ്യവസ്ഥിതിയെ ഒരു ദിവസംകൊണ്ട് ഇഷ്ടംപോലെ മാററിമറിക്കുന്നതിനുള്ള മി. മുണ്ടശ്ശേരിയുടെ നിർബന്ധം പ്രജായത്തഭരണരീതി നിലവിലിരിക്കുന്ന ഒരു രാജ്യത്തും കേട്ടുകേൾവിപോലുമില്ലാത്ത ഒന്നാണ്. ഈ രാജ്യത്തെ കമ്മ്യൂണിസ്റ്റ്മന്ത്രിസഭ പ്രജായത്തഭരണസിദ്ധാന്തത്തെ മാനിക്കുന്നതിനേക്കാൾ ടോട്ടലിറേററിയൻ സിദ്ധാന്തത്തിനാണ് പ്രാധാന്യം നൽകുന്നതെന്ന് അവരുടെ രണ്ടുമാസത്തെ ഭരണസമ്പ്രദായങ്ങളിൽനിന്നു നാം മനസ്സിലാക്കിക്കഴിഞ്ഞിരിക്കുകയാണ്.

ഈ രാജ്യത്തു മതം അപകടത്തിലായിരിക്കുന്നുവെന്ന് ഞങ്ങൾ പറയുമ്പോൾ എന്തിനാണ് ഇവർ പരിഭവിക്കുന്നതെന്നാണ് അനുഭവങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ഞാൻ ഇവരോടു ചോദിക്കുന്നതു്. ഇന്നത്തെ ഗവമ്മെൻറിനെ പിന്താങ്ങുന്ന പത്രങ്ങളെങ്കിലും ഞങ്ങൾ പറയുന്ന ആക്ഷേപകരങ്ങളെന്നു തോന്നുന്ന കാര്യങ്ങൾ ആ പത്രത്തിലൊന്നു ചേർക്കണേ എന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

ഇനിയും വെളിച്ചംകാണാൻ ഇടകൊടുക്കാത്ത വിദ്യാഭ്യാസബില്ല് 13-ാംനു കൂടുന്ന അസംബ്ലിയിൽ അവതരിപ്പിച്ച് 20-ാംനു കകം (അടുത്ത മൂന്നാഴ്ചക്കകം) നിയമമാക്കാൻ ഒരുങ്ങിയിരിക്കെ ഇക്കഴിഞ്ഞ 75 കൊല്ലത്തോളം നിലനിന്നുപോന്ന ഒരു വ്യവസ്ഥിതിയെ, അതായതു് അദ്ധ്യാപകർക്ക് മാനേജർമാർമുഖേന ശമ്പളം നൽകിപ്പോന്ന രീതിയെ എന്തിനിത്ര ദ്രുതഗതിയിൽ മാററുന്നു? അദ്ദേഹത്തിനു മൂന്നാഴ്ചകൂടി ക്ഷമിക്കാമായിരുന്നില്ലേ? മന്ത്രി മുണ്ടശ്ശേരിയുടെ പകപോക്കലാണിതൊക്കെയെന്നു ഞാൻ പറയാൻ ഒരു കാരണമിതാണ്.

കോർപ്പറേററ്മാനേജ്മെൻറിൽനിന്നു തങ്ങൾക്കു യാതൊരുപദ്രവവുമില്ലെന്ന് പി. എസ്. ടി. എ. ജനറൽസെക്രട്ടറി കോട്ടയം സമ്മേളനത്തിൽവച്ച് വിദ്യാഭ്യാസമന്ത്രിയോടു പറഞ്ഞിട്ടും മന്ത്രി സമ്മതിച്ചില്ല. ഈ രാജ്യത്തു് കള്ളനും നല്ലവനുമുണ്ടെന്നാണ് മന്ത്രി പറഞ്ഞതു്. ഒരു കള്ളനുണ്ടെങ്കിൽ അതിനുവേണ്ടി നൂറു നല്ലവരെ തുറുങ്കിലടക്കേണമെന്നാണ് നമ്മുടെ മന്ത്രിയുടെ നിർബന്ധമെന്നു തോന്നുന്നു. ഗ്രാൻറു ഇൻ എയിഡ് ആയി മാനേജർക്കു നൽകാൻ വ്യവസ്ഥചെയ്തിട്ടുള്ളതു് ഹെഡ്മാസ്റ്റർക്കല്ല നൽകേണ്ടതു്. മാനേജരും അദ്ധ്യാപകരുമായുള്ള ബന്ധത്തെ ശിഥിലീകരിക്കുകയാണ് മന്ത്രി.

അദ്ധ്യാപകലിസ്റ്റിനേയും ഡിസ്ട്രിക്ട്ബോർഡുകൾ രൂപീകരിക്കുന്നതിനുള്ള സംരംഭത്തേയും മി. സെബാസ്റ്റ്യൻ എതിർത്തു. ഒരു കമ്മ്യൂണിസ്റ്റുകാരൻ ഒരു വിദ്യാലയത്തിൽ നിയമിക്കപ്പെട്ടാൽ 365-ാംദിവസം ആ വിദ്യാലയത്തിലുള്ളവർ മുഴുവൻ അയാളുടെ അനുയായികളാകുമെന്നു തുറന്നുപറയുന്നതിനു മടിയില്ലെന്ന് മി. സെബാസ്റ്റ്യൻ വ്യക്തമാക്കി. ജനറൽകൗൺസിലും റീജിയനൽകൗൺസിലും ഈ രാജ്യത്തെ വിദ്യാഭ്യാസം നിയന്ത്രിക്കുകയെന്നുവന്നാൽ അതിന്റെ അർത്ഥം കുരങ്ങിന്റെ കൈയിൽ പൂമാല കൊടുക്കുകയെന്നാണ്. കമ്മ്യൂണിസ്റ്റ് ഗവമ്മെൻറ് രൂപീകരിച്ച റോഡ് ട്രാഫിക്ബോർഡുകൾ കമ്മ്യൂണിസ്റ്റ്കളെക്കൊണ്ട് നിറച്ചിട്ടുള്ളതു് ഉദാഹരണമായിട്ടെടുക്കാം. മേല്പറഞ്ഞവിധം ബോർഡുകൾ വിദ്യാഭ്യാസകാര്യത്തിനുംകൂടെ ഏല്പിച്ചുകഴിഞ്ഞാൽ ഈ രാജ്യത്തിന്റെ ധാർമ്മികമൂല്യം അറബിക്കടലിൽ ആഴ്ത്താൻ മറെറാന്നും വേണ്ടാ. കഴിയുന്നതും അദ്ധ്യാപകർക്ക് സേവനസ്ഥിരത ഉണ്ടായിരിക്കുക, അവരുടെ ശമ്പളസ്ഥിതി മെച്ചപ്പെടുത്തുക എന്നീ കാര്യങ്ങളെ സംബന്ധിച്ചുള്ള വ്യവസ്ഥകൾ ഈ കമ്മിററി അനുകൂലിക്കുന്നുവെന്ന് കമ്മിററിപ്രസിഡണ്ട് മി. സെബാസ്റ്റ്യൻ പ്രസ്താവിക്കുകയുണ്ടായി.



തൃശ്ശൂർ മിസ്സത്തിന്റെ പ്രഥമ സ്വദേശീയ വികാരി അപ്പസ്തോലിക്കാ റൈററ് റവ. മാർ ജോൺ മേനാച്ചേരി തിരുമനസ്സിലെ ജന്മശതവത്സരപൂർത്തി
1957 ജൂലൈ 10-ാംനു
ഞാറയ്ക്കൽഇടവകാംഗവും പ്രശസ്ത മേനാച്ചേരിക്കുടുംബാംഗവുമായ തിരുമേനി 1896 ആഗസ്റ്റ് 11-ാംനു മെത്രാനായി തിരിഞ്ഞെടുക്കപ്പെടുകയും 23 കൊല്ലം തൃശ്ശൂർ രൂപതയെ ഭരിച്ചശേഷം 1919 ഡിസംബർ 19-ാംനു കാലം ചെയ്യുകയും ചെയ്തു.

# റഷ്യയിൽ വൻകിട "ശുദ്ധീകരണം"

"കമ്മ്യൂണിസ്റ്റ്പാർട്ടി വിരുദ്ധപ്രവർത്തനം" നടത്തിയെന്ന കുററം ആരോപിച്ചുകൊണ്ട് റഷ്യൻ കമ്മ്യൂണിസ്റ്റ് നേതൃമണ്ഡലത്തിലെ 4 പ്രമുഖ നേതാക്കളെ പാർട്ടി പ്രസീഡിയത്തിൽനിന്നും ഡിസ്മിസ്ചെയ്യുകയും 15 അംഗങ്ങളടങ്ങുന്ന ഒരു പുതിയ പ്രസീഡിയത്തെ തെരഞ്ഞെടുക്കുകയും ചെയ്തിരിക്കുന്നതായി മോസ്കോറേഡിയോ പ്രഖ്യാപിച്ചിരിക്കുന്നു. മൊളോട്ടോവ്, മലങ്കോവ്, കഗനോവിച്ച്, ഷെപ്പിലോവ് എന്നിവരാണ് ഡിസ്മിസ് ചെയ്യപ്പെട്ടവർ. പാർട്ടി പ്രസീഡിയമാണ് റഷ്യയുടെ ഭരണയന്ത്രം തിരിക്കുന്ന പരമാധികാരസമിതി.

പ്രസീഡിയം മെമ്പർമാരുടെ പട്ടികയിൽനിന്നു അഞ്ചാമതൊരാളെക്കൂടി ഒഴിച്ചുനിർത്തിയിട്ടുണ്ട്. അതു മി. മാക്സിം സബുറോവാണ്. പാർട്ടി പ്രസീഡിയത്തിന്റെ കമ്മ്യൂണിറ്റിയിൽ അദ്ദേഹത്തെ പിരിച്ചയച്ചതിന്റെ കാരണം പറയുന്നില്ല. മററു നാലു പേരുടെമേൽ ആരോപിച്ച കുററങ്ങൾ ഇദ്ദേഹത്തിന്റെമേൽ ആരോപിതമായിട്ടുമില്ല. സബുറോവ് ഒന്നാം ഡപ്യൂട്ടിപ്രധാനമന്ത്രിയായിരുന്നു. കൂടാതെ നാഷനൽ എക്കണോമിക്ക് പ്ലാനിങ്ങ്കമ്മിററിയുടെ ചെയർമനും അദ്ദേഹമായിരുന്നു.

കമ്മ്യൂണിസ്റ്റ്പാർട്ടി ഉദ്യോഗങ്ങളിൽനിന്നും നീക്കംചെയ്യപ്പെട്ട രണ്ടു സോവ്യററ്നേതാക്കളെക്കൂടി ഗവമ്മെണ്ടിലെ അവരുടെ സ്ഥാനങ്ങളിൽനിന്നും ഒഴിവാക്കിയിരിക്കുന്നതായി ടാസ് റിപ്പോർട്ടുചെയ്തു. മി. മിഖേൽ ജി പെർവുക്കിനും മി മാക്സിം സബുറോവുമാണവർ. അവരിരുവരും ഒന്നാം ഡെപ്യൂട്ടി പ്രധാനമന്ത്രിമാരായിരുന്നു.

## ചരമവാർത്ത

താന്നിപ്പുഴ: ഈ ഇടവക ഇഞ്ചിപറമ്പിൽ പൗലോ ഭാര്യ റോസ 80-ാമത്തെ വയസ്സിൽ ജൂൺ 29-ാംനു കർത്താവിൽ നിദ്രപ്രാപിച്ചു. ശവസംസ്കാരം അന്നുതന്നെ പല വൈദികരുടേയും വമ്പിച്ച ജനാവലിയുടേയും സാന്നിദ്ധ്യത്തിൽ നടത്തപ്പെട്ടു.

R. I. P.

## ഇടവകവാർത്തകൾ

പള്ളിപ്പുറം: വിശുദ്ധ യൗസേപ്പു പിതാവിന്റെ നാമത്തിൽ പുതുതായി പണികഴിച്ചിരിക്കുന്ന തിരുനല്ലൂർപള്ളിയുടെ വെഞ്ചരിപ്പുകർമ്മം എറണാകുളം മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമേനി കഴിഞ്ഞ ഞായറാഴ്ച നിർവ്വഹിച്ചിരിക്കുന്നു. ഇതുപ്രമാണിച്ചു ആഗതനായ തിരുമേനിയെ പെ. ബ. വികാരി ഫാദർ ജോസഫ് പഞ്ഞിക്കാരൻ അവർകളും മററു ഇടവകജനങ്ങളും കൂടി ആഘോഷമായി സ്വീകരിച്ചു ദേവാലയത്തിലേക്കു ആനയിച്ചു. വെഞ്ചരിപ്പിനുശേഷം തിരുമേനിതന്നെ വി. കുർബാന അർപ്പിച്ചു. മററു തിരുക്കർമ്മങ്ങൾക്കുശേഷം ഒററപ്പുന്ന സെൻറ് മേരീസ് ചാപ്പലും തിരുമേനി സന്ദർശിച്ചു. അവിടേയും തിരുമേനിക്കു സമുചിതമായ ഒരു സ്വീകരണം നൽകി.

പാറപ്പള്ളി: ജാതീയദിനം പ്രമാണിച്ച് സ്ഥലം സെൻറ് തോമസ് സൺഡേസ്കൂൾ ഹാളിൽ ജൂലൈ 3-ാംനു ശ്രീ വർഗ്ഗീസ് തോമസ് ബി എ ബി എൽ അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം കൂടി. ശ്രീ സി ജോസഫ് നിലിയാ, ശ്രീ എം ജോസഫ് വെള്ളാപ്പാട്ട് എന്നിവർ പ്രസംഗിച്ചു.

പാറമ്പുഴ: ജാതീയദിനംപ്രമാണിച്ച് സ്ഥലം പ്രൈമറിസ്കൂൾ ഹാളിൽവച്ച് റവ. ഫാദർ ജോസഫ് വലിയവീട്ടിൽ എം എ അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു പബ്ലിക്ക്മീററിംഗ് നടത്തപ്പെട്ടു. കുമാരി എം ഒ മറിയം ശ്രീ കെ യു ദേവസ്യ എന്നിവർ പ്രസംഗിച്ചു.

അടുത്തതായി ശ്രീ ഇ ജെ സ്കറിയാ മുണ്ടശ്ശേരിപദ്ധതിയെ പ്രതിഷേധിക്കുന്ന പ്രമേയം അവതരിപ്പിച്ചുകൊണ്ട് പ്രസംഗിച്ചു. സ്ഥലം പ്രൈമറിസ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ ടി കെ ജോസഫ് പ്രമേയത്തെ പിൻതാങ്ങി. പ്രമേയം ഐകകണ്ഠ്യേന പാസ്സാക്കപ്പെട്ടു.

—o—

ഷൻ പത്തുപ്രാവശ്യം എഴുതണമെന്നു ഞാൻ പറഞ്ഞതു്. ഇതെത്രപ്രാവശ്യമുണ്ട്? മൂന്ന്, അല്ലേ? താനെന്നെ പററിക്കാമെന്നാണ് ഉദ്ദേശിച്ചതു്.

ഗോപാലൻ:- സാറേ, അങ്ങനെ ഒന്നും അല്ല. സാറു പറഞ്ഞപോലെ എല്ലാം ഞാൻ എഴുതി. ഇംഗ്ലീഷിൽ മാത്രമല്ല കണക്കിനും ഞാൻ വളരെ പിന്നോക്കമാണ്. അതുകൊണ്ടു വല്ല തെററും വന്നതായിരിക്കും.

സംഭവകഥ

# തെണ്ടികളുടെ തെണ്ടി

കഷ്ടിച്ചു അഞ്ചരയടി പൊക്കം. ഒതുങ്ങിയ ഉറച്ച ദേഹം. ചുരുണ്ട തലമുടി. നീണ്ട മൂക്കു്. വിടർന്ന ചെവികൾ. ശോഷിച്ച മുഖം. ചെറിയ പാദങ്ങൾ. നല്ല തയമ്പുള്ള കൈപ്പത്തികൾ. അതാണു് മരിയോ ബൊറെല്ലി. നേപ്പിൾസ് നഗരത്തിന്റെ പ്രാന്തങ്ങളിൽ ഒരു തൊഴിലാളിയുടെ മകനായി ജനിച്ചു അദ്ദേഹം. പത്തു സന്താനങ്ങളുള്ള ഒരു ദരിദ്രകുടുംബം. ലോകമഹായുദ്ധം കഴിഞ്ഞകാലം. തോൽവിയുടെ കെടുതികൾ നേപ്പിൾസിനെ വളരെയധികം ബാധിച്ചിരുന്നു. പാവപ്പെട്ടവരുടെ സ്ഥിതി ദയനീയമായിരുന്നു. സ്ലംപ്രദേശങ്ങൾ സകലവിധ വഷളത്തങ്ങളുടേയും വിളനിലമായി മാറി. പൊരിയുന്ന വയറുകളോടു ധർമ്മോപദേശം ചെയ്യുന്നതിനു വൈദികർപോലും ധൈര്യപ്പെട്ടില്ല.

മരിയോ ബൊറെല്ലിക്കു ഉദ്ദേശം 35 വയസ്സു പ്രായമുണ്ടു്. യുദ്ധാനന്തരം അദ്ദേഹം സെമ്മിനാരിയിൽ ചേർന്നു പഠിച്ചു ഒരു വൈദികനായി. അന്നത്തെ സാഹചര്യങ്ങൾ അദ്ദേഹത്തെ ഇതികർത്തവ്യതാമൂഢനാക്കി. "ഇന്നത്തെ ചുററുപാടുകൾക്കനുസരിച്ചു എന്തെങ്കിലും കാര്യമായി ചെയ്യുന്നില്ലെങ്കിൽ ഞാൻ വൈദികനായിരിക്കുന്നതിൽ അർത്ഥമില്ല. ദൈവമക്കളുടെ ശരീരങ്ങൾ തെരുവീഥികളിൽ ഇങ്ങനെ നരകിക്കുമ്പോൾ, ഞാനെങ്ങിനെ അൾത്താരയിൽനിന്നു ദൈവത്തിന്റെ ശരീരത്തെ കൈയിലെടുക്കും?" ഇതായിരുന്നു അദ്ദേഹത്തിന്റെ ചിന്താഗതി. 1950-ൽ അദ്ദേഹം ഒരു നിശ്ചയത്തിൽ എത്തിച്ചേർന്നു. നേപ്പിൾസിലെ മെത്രാപ്പോലീത്തായായ കർദ്ദിനാൾ അസ്ക്കല്ലേസി തിരുമനസ്സിലെ മുറിയുടെ വാതിലിൽ അദ്ദേഹം മുട്ടി. അദ്ദേഹത്തിന്റെ നിശ്ചയത്തെ അംഗീകാരത്തിനും അനുമതിക്കുമായി ആ വൈദികാദ്ധ്യക്ഷസമക്ഷം നിവേദിപ്പിച്ചു. വൈദികന്റെ വസ്ത്രങ്ങൾ മാററി പാവപ്പെട്ടവരുടെ വേഷം ധരിച്ചു തെരുവുതെണ്ടികളുടെ മദ്ധ്യത്തിൽ അവരോടുകൂടി അദ്ദേഹത്തിനു ജീവിക്കണം, അവരുടെ ജീവിതത്തേയും അഭിപ്രായഗതികളേയും പഠിക്കുന്നതിനും അവരുടെ സ്നേഹം സമ്പാദിക്കുന്നതിനും, അപ്രകാരം അവരുടെ ഇടയിൽ സേവനം ചെയ്യുന്നതിനും. തന്റെ അജഗണങ്ങളുടെ ദുർഭഗസ്ഥിതിയിൽ ഹൃദയം വെന്തു ദഹിച്ചിരുന്ന വയോവൃദ്ധനായ അജപാലനായിരുന്നു കർദ്ദിനാൾതിരുമേനി. എങ്കിലും ബൊറെല്ലിയച്ചന്റെ നിർദ്ദേശത്തിൽ അദ്ദേഹം അന്ധാളിച്ചുപോയി. "ഇക്കാര്യം ഗാഢമായി ചിന്തിച്ചു നിശ്ചയിക്കേണ്ടതാണു്. പത്തു ദിവസം കഴിഞ്ഞുവരിക" ഇതായിരുന്നു അദ്ദേഹത്തിന്റെ മറുപടി.

ഫാദർ ബൊറെല്ലി ശാന്തനായി മടങ്ങി. ദൈവഹിതം നിറവേറുന്നതിനുവേണ്ടി അദ്ദേഹം തീവ്രമായി പ്രാർത്ഥിച്ചു. രാത്രി ഉറക്കമില്ലാതെ കിടന്നാലോചിക്കുമ്പോൾ ഒരു പുതിയ പ്ലാൻ അദ്ദേഹത്തിന്റെ മനസ്സിലുദിച്ചു. പിറേറദിവസംതന്നെ അദ്ദേഹം പോയി ഒരു ഫോട്ടോഗ്രാഫറെ കൂട്ടുപിടിച്ചു അയാളുമായി തെരുവുകൾതോറും നടന്നു ഓരോ ദാരുണസാഹചര്യങ്ങളേയും വിശദമാക്കുന്ന നിരവധി ഫോട്ടോകൾ എടുപ്പിച്ചു. പത്താംദിവസം ഫാദർ ബൊറെല്ലി ഈ ഫോട്ടോകളും കൊണ്ടു കർദ്ദിനാളിനെ സമീപിച്ചു്, അവയെല്ലാം അദ്ദേഹത്തിന്റെ മുമ്പിൽ നിരത്തിവച്ചു വൃദ്ധനായ കർദ്ദിനാൾ കുനിഞ്ഞുനിന്നു അവയെല്ലാം സസൂക്ഷ്മം പരിശോധിച്ചു. വികാരഭരിതനായി നിവർന്നുനിന്നുകൊണ്ടു ഫാദർ ബൊറെല്ലിയോടു പറഞ്ഞു:- "ഇവയൊന്നും എനിക്കു കാണേണ്ട. ഭയാനകം. അച്ചന്റെ ഉദ്ദേശംപോലെ ചെയ്തുകൊള്ളാൻ ഞാൻ അനുവദിച്ചിരിക്കുന്നു."



ഫാദർ ബൊറെല്ലി കൂട്ടുകാരുടെ മദ്ധ്യത്തിൽ ഇരുന്നു സംസാരിക്കുന്നു

ഏതാനുംദിവസങ്ങൾ കഴിഞ്ഞപ്പോൾ പിയാസാ മെർക്കാത്തോ എന്ന തെരുവിലെ തെണ്ടിക്കൂട്ടത്തിനു ഒരു പുതിയ വരത്തനെ കാണാറായി. കീറിപ്പറിഞ്ഞതും അനേകം ചാപ്പുകൾ പിടിപ്പിച്ചിട്ടുള്ളതുമായ ഷർട്ടും കാലുറകളും ധരിച്ചു് തേഞ്ഞതും കീറിപ്പൊളിഞ്ഞതുമായ ചെരിപ്പുകളിട്ടു്, താടി വളർത്തി തലമുടി ചിന്നിച്ചിതറി കിടന്നതിനുമേൽ ഒരു പഴയ തൊപ്പിയുംവച്ചു് വഴിനീളെ സിഗരട്ടു് കുററികൾ പെറുക്കിനടക്കുന്ന ഒരു വികൃതരൂപം! പക്ഷെ എളുപ്പത്തിൽ അവരുടെ കൂട്ടത്തിൽ ഈ വരത്തനു സ്വാഗതം നൽകപ്പെട്ടില്ല. അവന്റെ പെരുമാററങ്ങളെ അവർ നിരീക്ഷണം ചെയ്തുകൊണ്ടിരുന്നു. കുറച്ചുദിവസത്തെ പരീക്ഷണം കഴിഞ്ഞപ്പോൾ അവർക്കു അഭിപ്രായമുണ്ടായി അവനേയും കൂട്ടത്തിൽ പ്രവേശിപ്പിക്കാമെന്നു്. അവരിൽ ഏററവും വഷളനായ ഒരുത്തൻ തനിച്ചു് ആഗതനെ സമീപിച്ചു ചോദിച്ചു:

"നിന്റെ പേരെന്താടാ?"

"മരിയോ" മറുപടി.

"കർളച്ചിയെല്ലോ എന്നാ എന്റെ പേരു്. എന്റെ കൂട്ടുകാർ അവിടെ നില്പുണ്ടു്. അവർക്കു നിന്നെ ഒന്നു കാണണമെന്നു്"

"ഞാൻ വരാമല്ലോ."

വാഹനങ്ങളെ മുറിച്ചു രണ്ടുപേരുംകൂടി റോഡിനു മറുപുറത്തെത്തി. ഒരു വൃത്തിഹീനമായ തിണ്ണയിൽ ഇരിപ്പുണ്ടു് കിങ്കരന്മാരെല്ലാം. അവരുടെ രീതിയനുസരിച്ചുള്ള ചില കുശലപ്രശ്നങ്ങളെല്ലാം കഴിഞ്ഞു മരിയോയ്ക്കും ഒരു സിററുകൊടുത്തു അവർ. അന്നു മുതൽ ബൊറെല്ലി തെണ്ടിഗണത്തിൽപ്പെട്ട ഒരു തെണ്ടിയായി അംഗീകരിക്കപ്പെട്ടു. അവർക്കു സംശയത്തിനിടകൊടുക്കാതേയും അവരിൽനിന്നു പുറംതള്ളപ്പെടാനിടവരാതേയും ജീവിക്കാൻ അദ്ദേഹം വളരെയധികം ക്ലേശിക്കേണ്ടിവന്നു. അവരോടൊത്തു അവരുടെ സംസാരഭാഷ പറയണം; അവരുടെ മലിനമായ വിനോദങ്ങളിൽ പങ്കെടുക്കണം; കളവും വഞ്ചനയും എല്ലാം കണക്കിനു ചെയ്തുകൊള്ളണം, കൂടുതൽ വിരുതന്മാർ കൊള്ളചെയ്യാൻ ഭവനങ്ങളിൽ കയറുമ്പോൾ ബൊറെല്ലി പുറത്തുനിന്നുകൊള്ളണം, ആരെങ്കിലും വരുന്നുണ്ടോ എന്നു നോക്കാൻ. പോലീസിന്റെ തലവെട്ടംകണ്ടാൽ അറിവുകൊടുക്കണം, ജീവനുംകൊണ്ടോടണം. വല്ലതും ഗുണപ്പെട്ടാൽ അതിന്റെ ചെറിയൊരു പങ്കുകിട്ടും. രാത്രിസമയങ്ങളിൽ കളവിന്റെ പരിപാടികൾ കഴിഞ്ഞാൽ എല്ലാവരും ഒന്നിച്ചു കാററധികം എത്താത്ത ഗോവണിച്ചുവട്ടിലോ വല്ല പഴയകെട്ടിടത്തിന്റെ മൂലകളിലോ പൊത്തിപ്പിടിച്ചുകിടക്കും കുളിരുകൊണ്ടുമരിക്കാതിരിക്കാൻ. അങ്ങിനെ ബൊറെല്ലി ഈ തെണ്ടിക്കൂട്ടത്തിൽ ഒരംഗമെന്നനിലയിൽ അവരുടെ ജീവിതസാഹചര്യങ്ങളെയും ആശയഗതികളേയും പഠിച്ചും അവരുടെ നേതൃത്വം ഏറെറടുക്കത്തക്കവണ്ണം പരിചയം ആർജ്ജിച്ചും നാലുമാസക്കാലം അവരൊന്നിച്ചു ചിലവഴിച്ചു. അവരുടെ ആവശ്യങ്ങളും പ്രശ്നങ്ങളും അദ്ദേഹം ശരിക്കു മനസ്സിലാക്കി.

പ്രവർത്തനത്തിനുള്ള മാർഗ്ഗം തെളിഞ്ഞപ്പോൾ അദ്ദേഹം മടങ്ങിവന്നു ഒരു കൂട്ടുവൈദികനായ ഫാദർ സ്പാഡായുമായി ഭാവിപരിപാടികളെക്കുറിച്ചു ചർച്ചനടത്തി. എല്ലാവരാലും ഉപേക്ഷിക്കപ്പെട്ടു കാടുകയറി വൃത്തിഹീനമായി കിടന്ന ഒരു പഴയ പള്ളിയാണു് അവർക്കു കിട്ടിയതു്. ഒരു വാസയോഗ്യമായ സ്ഥലമാക്കി അതിനെ മാററുന്നതിനു ആ രണ്ടു വൈദികരുംകൂടി പലദിവസങ്ങൾ പ്രയത്നിക്കേണ്ടിയിരുന്നു. അവർ വിജയിച്ചു. കുറെ പഴയ കുട്ടിച്ചാക്കുകളിൽ വൈക്കോലും കരിയിലയും നിറച്ചപ്പോൾ അവ തലയിണകളായി. കുറെ പുതപ്പുകളും ഒരു തരത്തിൽ സമ്പാദിച്ചു. തീകായുന്നതിനും ഭക്ഷണം പാകംചെയ്യുന്നതിനും കുറെ വിറകും ഭക്ഷണത്തിനു മക്കറോണിയും ഉരുളക്കിഴങ്ങിന്റെ പൊടിയും അവർ ശേഖരിച്ചു. ഒരു പഴയ മേശയും കുറെ കസേരകളും ഏതാനും ഇരുമ്പുപാത്രങ്ങളുംകൂടി കിട്ടിയപ്പോൾ ദൈവത്തിന്റെ തെണ്ടിമക്കൾക്കുള്ള ആലയം ഒരുവിധം സജ്ജമായിക്കഴിഞ്ഞു. ഫാദർ ബൊറെല്ലി വീണ്ടും അവരുടെ പക്കലേക്കു മടങ്ങി. ഇത്തവണ തെണ്ടിയായിട്ടല്ല; വൈദികവേഷത്തിൽതന്നെ. രാത്രി അവരെല്ലാം കൂട്ടംകൂടിയിരിക്കുമ്പോൾ അവരുടെ മദ്ധ്യത്തിൽ അദ്ദേഹം പെട്ടെന്നു പ്രത്യക്ഷനായി. ഒരച്ചന്റെ വേഷം കണ്ടതോടെ അവർ അമ്പരന്നോടാൻ തുടങ്ങി. പക്ഷെ ഫാദർ ബൊറെല്ലി തൊപ്പിമാററിക്കാണിച്ചുകൊണ്ടു് "നിങ്ങളുടെ മരിയോയെ ഇത്രവേഗം നിങ്ങൾ മറന്നുപോയോ ചങ്ങാതിമാരേ?" എന്നു സ്നേഹപൂർവ്വം ചോദിച്ചു.

അവരുടെ നേതാവായ കാർളച്ചിയെല്ലോ മുമ്പോട്ടുവന്നുകൊണ്ടു പറഞ്ഞു:- "മരിയോ തന്നെ മനസ്സിലായി. ഇന്നുവരെ നീ ഞങ്ങളുടെ കൂട്ടത്തിൽ ഒരാളായിരുന്നു. ഈ നിമിഷംമുതൽ ആ ബന്ധം വേണ്ട. ഇപ്പോൾ നീയൊരു കറുത്ത കാക്കതന്നെ. ഇതെന്തു കളിപ്പിക്കലാണെന്നു ഒന്നു പറയാമോ?"

"അതൊക്കെ നമുക്കു പിന്നീടു പറയാം. ഇപ്പോൾ നിങ്ങളോടു ഒരു കാര്യം പറയാനാണു് ഞാൻ വന്നതു്. ഞാൻ നമുക്കെല്ലാവർക്കും വേണ്ടി ഒരു സ്ഥലം കണ്ടുപിടിച്ചിട്ടുണ്ടു്. വലിയ കേമമൊന്നുമല്ല. എങ്കിലും ഒന്നു വന്നുനോക്കി, പിടിച്ചെങ്കിൽ നമുക്കതുപയോഗിക്കാം. അല്ലെങ്കിൽ മടങ്ങിപ്പോരാം. എന്തുപറയുന്നു?"

കാർളച്ചിയെല്ലോയുടെ കറുത്ത മുഖം കോപംകൊണ്ടു ഭയാനകമായി. ഒരു കൂട്ടുകാരനാണെന്നു വിശ്വസിച്ചിരുന്നവൻ ഇപ്പോൾ വെറുക്കപ്പെട്ട ഒരു വൈദികനായി വന്നിരിക്കുന്നു! മാത്രമല്ല ചതിവിൽ അവരെയെല്ലാംകൂട്ടി ഏതോ അനാഥമന്ദിരത്തിൽ അടയ്ക്കാൻ വഴിനോക്കുകയും ചെയ്യുന്നു. അയാൾ കാക്കിച്ചു ബൊറെല്ലിയുടെ മുഖത്തേക്കു ഒരു തുപ്പു കൊടുത്തു. ഫാദർ ബൊറെല്ലി ശാന്തമായി മുഖം തുടച്ചുകൊണ്ടു തുടർന്നു:-

"സ്നേഹിതന്മാരെ, എനിക്കറിയാം നിങ്ങൾ എന്നെ സംശയിക്കുകയാണെന്നു്. ഞാൻ നിങ്ങളെ വഞ്ചിക്കുകയില്ല. നിങ്ങളെ നിങ്ങൾക്കിഷ്ടമില്ലാത്ത അനാഥമന്ദിരത്തിലോ മറേറാ കൊണ്ടുപോയി അടയ്ക്കുവാൻ എനിക്കുദ്ദേശമില്ല. നിങ്ങളെ സ്കൂളിൽചേർത്തു പഠിപ്പിക്കാനും അല്ല ഞാൻ വന്നതു്. നമുക്കു ഈ മഴക്കാററും തണുപ്പും ഏല്ക്കാതെ ഉറങ്ങാൻ മാത്രമുള്ള ഒരു സ്ഥലമാണു് ഞാൻ കണ്ടുപിടിച്ചിട്ടുള്ളതു്. കാലത്തെ എഴുന്നേററു നിങ്ങൾക്കു പോരാം. ഇഷ്ടമുണ്ടെങ്കിൽ വൈകിട്ടു മടങ്ങിവരാം. അരവയർ ഭക്ഷണവും ഒരു കിടക്കയും നിങ്ങൾക്കു തരാൻ സാധിക്കുമെന്നു പ്രതീക്ഷിക്കുന്നു. ഞാനിപ്പോൾ അങ്ങോട്ടു പോവുകയാണു്. നിങ്ങൾ വരുമോ?"

ഫാദർ ബൊറെല്ലി വേഗം എഴുന്നേററുനടന്നു. പുറകിൽ ചില കുശുകുശുക്കലും കാലൊച്ചകളും അദ്ദേഹം കേട്ടു. എങ്കിലും തിരിഞ്ഞുനോക്കാതെതന്നെ നടന്നു. വിയാസാൻ ജനാറോയിൽ വന്നപ്പോൾ അദ്ദേഹം തിരിഞ്ഞുനോക്കി. ഉദ്ദേശം 12 വാര അകലെയായി അവർ 12 പേരും അദ്ദേഹത്തെ അനുഗമിക്കുന്നുണ്ടായിരുന്നു. എല്ലാററിലും പുറകിലായി കാർളച്ചിയെല്ലോയും നടന്നിരുന്നു. ഫാദർ ബൊറെല്ലിയുടെ ആനന്ദത്തിനതിരില്ലായിരുന്നു. ഇതായിരുന്നു നേപ്പിൾസിലെ ബാലമന്ദിരത്തിന്റെ പ്രാരംഭം.

## പ്രേഷിതപയലററ്

ഫാദർ ഉർബൻ ഗോസ് ഒ. പി. കഴിഞ്ഞ മഹായുദ്ധകാലത്തു ഒരു അമേരിക്കൻ ആകാശക്കോട്ടയെ പയലററുചെയ്തിരുന്ന വിദഗ്ദ്ധനാണു്. അദ്ദേഹം ഇപ്പോൾ നിജേറിയായിൽ സൊക്കോട്ടൊ പ്രൊവിൻസിൽ പ്രേഷിതജോലിയിൽ ഏർപ്പെട്ടിരിക്കുകയാണു്. രണ്ടുകൊല്ലമായി അദ്ദേഹം വൈദികനായിട്ടു്. അദ്ദേഹം ഒരു ചെറിയ വിമാനത്തിൽ പശ്ചിമാഫ്രിക്കാ മുഴുവനിലും മിഷൻ ജോലി നിർവ്വഹിക്കുന്നതിനും അനേകായിരങ്ങളെ ക്രിസ്തുമതത്തിലേക്കാനയിക്കുന്നതിനുമുള്ള ഒരു പദ്ധതി പ്രവൃത്തിപഥത്തിൽ കൊണ്ടുവരുവാൻ ശ്രമിക്കുകയാണു്.

(1-ാംപേജ് തുടർച്ച)

വേണ്ടത്ര ഉണ്ടു് കത്തോലിക്കാമതപ്രചരണത്തിനും സാധുജനസേവനത്തിനും ഉപയോഗിക്കുന്നില്ലെങ്കിൽ ഇങ്ങിനിവരാത്തവണ്ണം ഒരു സുവർണ്ണാവസരം നഷ്ടപ്പെടുത്തുകയാണു്; സഭയുടെ അടിത്തറ മാന്തുകയാണു്; വിശ്വാസത്തിന്റേയും സന്മാർഗ്ഗത്തിന്റേയും അസ്ഥിവാരം ഇളക്കുകയാണു്. ദൈവം നമ്മെ ക്ഷണിക്കുന്നു. നമ്മുടെ കർത്തവ്യം നമുക്കു ശരിവരെ ചെയ്തു് ദൈവമഹിമയും ആത്മരക്ഷയും സാധിതപ്രായമാക്കാം. ക്രിസ്തുരാജൻ വിജയിപ്പൂതാക. സാധുജനം ദൈവജനമാകട്ടെ.

ഞങ്ങളുടെ നയപ്രഖ്യാപനം അന്നും ഇന്നും ഒന്നുതന്നെ

പൊതുജനസേവനമാണു് ഞങ്ങളുടെ ലക്ഷ്യം—

പണക്കാരനേയും പണിക്കാരനേയും ഒപ്പം സേവിക്കുകയെന്നതിൽ ഞങ്ങൾ പരാജിതരായിട്ടില്ല.

ഈരെഴത്തോർത്തുമുതൽ മിന്നിത്തിളങ്ങുന്ന പട്ടുതരങ്ങൾവരെയുള്ള എല്ലാത്തരം തുണിത്തരങ്ങൾക്കും ഞങ്ങളെ സമീപിക്കുക

ഫാഷൻ ഫാബ്രിക്സ്,

മുൻസിപ്പൽ ഓഫീസ് റോഡ്,

തൃശൂർ

ജീവചരിത്രം

# ‘പുണ്യവാൻ മരിച്ചു’

(എം. എ. ചാക്കോ, ബി. എ. ബി. ററി.)

കത്തോലിക്കാസഭയിലെ പുണ്യവാന്മാരുടെ സമൂഹത്തെ ശബളാഭമായ ഒരു പുഷ്പവാടിയോട് ഉപമിക്കാം. ആകൃതി, നിറം, സൗരഭ്യം എന്നിവയെ ആസ്പദമാക്കി സൂനങ്ങളെ വകതിരിക്കാവുന്നതുപോലെ, സ്വഭാവം, ലക്ഷ്യം, പ്രവൎത്തനം മുതലായവയെ മുൻനിൎത്തി വിശുദ്ധന്മാരേയും വിവിധഗണങ്ങളിൽ ഉൾപ്പെടുത്താം. ഈ വൈചിത്ര്യം അവരെപ്പററി പഠിക്കുന്നതിനു പ്രേരകവുമാണ്. വിവിധത്വത്തിൽ ഏകത്വം—അതാണ് ഈ പുണ്യവാന്മാരിൽ നാം ദർശിക്കുക. യേശുവിൻെറ വളൎത്തുപിതാവായ യൗസേപ്പ്, മഹാ താപസയായിരുന്ന വലിയ ത്രേസ്യാ, ത്യാഗിവൎയ്യനായിരുന്ന അസീസി, പണ്ഡിത പ്രകാണ്ഡമായിരുന്ന പൗലോസ്, ക്രിസ്തുവിൻെറ പ്രേഷ്ഠശിഷ്യനായിരുന്ന യോഹന്നാൻ, ആധുനികയുഗത്തിലെ പുണ്യവതിയായ കൊച്ചുത്രേസ്യാ, ചാരിത്ര്യത്തിൻെറ വിജയവൈജയന്തിയായ മരിയാഗൊരേത്തി, നിരക്ഷരകുക്ഷിയായ ഇസിദോർ, പാംസുലവൃത്തിയെ ഉപേക്ഷിച്ച മഗ്ദലേനാ എന്നിവർ നമ്മുടെ വികാരങ്ങളെ സ്പർശിക്കുന്നതു പ്രത്യേകവിധത്തിലാണല്ലോ. ചുരുക്കത്തിൽ ഈശ്വരോന്മുഖമായ ആത്മാവിലേക്കു ദൈവകൃപയുടെ വററാത്ത ചാലുകൾ ഒഴുകിക്കൊണ്ടിരിക്കും. ജീവിതവൃത്തി ഏതായാലും വേണ്ടില്ല. ലക്ഷ്യസ്ഥിരതയുണ്ടെങ്കിൽ മററുള്ളതെല്ലാം താനേ വന്നുകൊള്ളും. സംശയമുണ്ടെങ്കിൽ ബെനഡിക്ട് ജോസഫ് ലാബെറിൻെറ ജീവിതം ഒന്നു അനുസന്ധാനം ചെയ്താൽ മതി.

1783-ൽ റോമായിൽ വച്ച് ഒരു ഭിക്ഷുവായ അദ്ദേഹം മരിച്ചു. ഒരു കൊല്ലത്തിനുള്ളിൽ ബെനഡിക്ട് ജോസഫ് ലാബ്രർ എന്ന പേരു യൂറോപ്പുമുഴുവൻ പ്രചുരപ്രചാരമായി. ലണ്ടൻ പത്രങ്ങൾ ലാബെറിൻെറ അത്ഭുതങ്ങളെപ്പററി വിമർശനങ്ങൾ നടത്തി. 1784-ൽ അദ്ദേഹത്തിൻെറ ആദ്യജീവചരിത്രം പുറത്തുവന്നു. അടുത്തകൊല്ലം ഒരു ഇംഗ്ലീഷ് പരിഭാഷ ലണ്ടനിൽനിന്നു പ്രസിദ്ധപ്പെടുത്തി. ലിസ്യൂവിലെ കൊച്ചുത്രേസ്യായുടെ ക്ഷിപ്രകീൎത്തി നമ്മെ വിസ്മയിപ്പിക്കുന്നു; എന്നാൽ അതിലും വേഗത്തിലായിരുന്നു ലാബെറിനോടുള്ള ഭക്തി വളൎച്ച പ്രാപിച്ചതു്, അന്നത്തെ പ്രതികൂല സാഹചൎയ്യങ്ങളിൽക്കൂടി. വാൎത്താവിനിമയോപാധികൾ ഇന്നത്തെപ്പോലെ മുന്നേറിയിരുന്നില്ല. പോരെങ്കിൽ തികഞ്ഞ വിപ്ലവാത്മകതയും അന്നു ഫ്റാൻസിൽ നടമാടിയിരുന്നു. റൂസ്സോയും വോൾട്ടയറും മരിച്ചിട്ട് അഞ്ചുകൊല്ലം കഴിഞ്ഞിരുന്നേയുള്ളു. പത്തുകൊല്ലത്തിനുശേഷമാണ് ലൂയി പതിനാറാമൻെറ ശിരച്ഛേദനം. ഫ്റഞ്ച് വിപ്ലവത്തിലെ കൂട്ടക്കൊലകൾ അത്യുച്ചത്തിലെത്തിയിരുന്ന സന്ദർഭം. ജോസഫ് ലാബെറിൻെറ ജീവിതത്തെയും അദ്ദേഹത്തോടുണ്ടായ ഭക്തിയേയും വിലയിരുത്തുമ്പോൾ ഈ പശ്ചാത്തലം അനുസ്മരിക്കേണ്ടതുണ്ട്.

ആരംഭത്തിലേതന്നെ ബെനഡിക്ട് എല്ലാ സംഗതികളിലും ഒരു സ്വതന്ത്രവീക്ഷണഗതി പാലിച്ചിരുന്നു. മററുള്ളവരേക്കാൾ കൂടുതലായി ഇയാൾ മാനവജീവിതത്തെ നിരീക്ഷണം ചെയ്തു; താൻ കണ്ടതിൽനിന്നെല്ലാം ഓടിയകലാനും വെമ്പൽകൊണ്ടു. സാധാരണന്മാൎക്കു മധുരമായിരുന്നതു് ഇയാൾക്കു തിക്തകമായിരുന്നു പണത്തിനോ, പ്രതാപത്തിനോ, സുഖത്തിനോ ഇയാളെ പ്രലോഭിപ്പിക്കാൻ കഴിഞ്ഞില്ല. പരിഷ്കാരങ്ങളെയും പാരമ്പൎയ്യസങ്കേതങ്ങളെയും ലാബർ നിർദ്ദ്വേഷം അവഗണിച്ചു. അതിൽനിന്നെല്ലാം അതീതനായി, സ്വതന്ത്രനായി നടക്കണം—അതായിരുന്നു ഈ യുവാവിനിഷ്ടം. ദിനംതോറും ദൈവത്തിൽനിന്നു ലഭിക്കുന്നതു് സ്വീകരിച്ചുകൊണ്ടും ഒടുവിൽ എല്ലാം അങ്ങയിൽ പ്രത്യൎപ്പണം ചെയ്തുകൊണ്ടും അജ്ഞാതനായി കഴിയണം—അതായിരുന്നു ജീവിതാദർശം.

അദ്ദേഹം ഈ ആദർശത്തിൽ എത്തിച്ചേൎന്നതു് ആകസ്മികമായിട്ടല്ല. അതിനകം പല ഉദ്യമങ്ങളും ആലോചനകളും നടത്തി; പരാജയങ്ങളും ഇച്ഛാഭംഗങ്ങളും അനുഭവപ്പെട്ടു. ഫ്റാൻസിൽ ബൊളോഞ്ഞായിക്കു അടുത്തായിരുന്നു ജനനം. മാതാപിതാക്കന്മാരുടെ കടിഞ്ഞൂൽ സന്താനം. ഇളയസഹോദരങ്ങളായി പതിനാലുപേർ. കാൎയ്യവ്യഗ്രമായ ഒരു കുടുംബത്തിൻെറ ഭാവിഭാരം താങ്ങേണ്ടുന്ന അംഗം. സമവയസ്കന്മാരിൽനിന്നു ഭിന്നമായിരുന്ന അയാളുടെ സ്വഭാവത്തെ ജീവചരിത്രകാരൻ ഇങ്ങനെ വരച്ചുകാട്ടിയിരിക്കുന്നു: “ദുർഗ്രഹസ്വഭാവത്തോടുകൂടിയ ധ്യാനപരനായ ഒരു യുവാവു്; സ്വയം പ്രകാശിപ്പിക്കുന്നതിൽ അസമൎത്ഥൻ; എളുപ്പം തെററിദ്ധരിക്കപ്പെടും; ജീവിതത്തിൽനിന്നു ഒഴിഞ്ഞുമാറി അതിനെവീക്ഷിക്കും; നിങ്ങൾ സ്നേഹിക്കാൻ ആഗ്രഹിക്കുമെങ്കിലും ഉററമൈത്രി പുലൎത്താൻ സാദ്ധ്യമല്ല; ആഹ്ലാദഭരിതനെങ്കിലും നേരിയ വിഷാദച്ഛായ കലൎന്നവൻ. നാരിമാർ കടാക്ഷിക്കുന്നവനെങ്കിലും അവൎക്കു അനഭിഗമ്യൻ; കാണികൾക്കൊരു കടങ്കഥ; എങ്കിലും അവൎക്കഭിവന്ദ്യൻ; ചിലർ പറയും, വളരെ കാഞ്ഞവൻ, വിശ്വസിക്കാൻ കൊള്ളാത്തവൻ എന്നൊക്കെ; മററു ചിലൎക്കാകട്ടെ ഏററവും വിശ്വസ്തഭാജനം.” ഇങ്ങനെ ഒരു പിടികിട്ടാത്ത സ്വഭാവമായിരുന്നു ലാബെറിൻേറതു്.

സാമാന്യം ക്ഷേമമായി കഴിഞ്ഞിരുന്നവരാണ് ബെനഡിക്ടിൻെറ അച്ഛനമ്മമാർ. മക്കളിൽ ആരെങ്കിലും ഒരു വൈദികനായി കാണാൻ അവർ അഭിലഷിച്ചിരുന്നു. ശാന്തനായ ബെനഡിക്ടിനെ ആയിരുന്നു അവർ ഊന്നിയിരുന്നതു്. കുട്ടിയുടെ അമ്മാവനായിരുന്ന ഒരു ഇടവകവൈദികൻ അധികം അകലെയല്ലാതെ താമസിച്ചിരുന്നു. അദ്ദേഹം സസന്തോഷം ഇയാളെ പട്ടത്തിനു പഠിപ്പിക്കാനായി കൂടെ കൊണ്ടുപോയി. കുറേക്കാലം അവിടെ കഴിച്ചുകൂട്ടി. അയാൾ സന്തുഷ്ടനായിരുന്നെങ്കിലും മാനസികമായ ചില പ്രതികരണങ്ങൾ പഠനത്തിനു വിലങ്ങുതടിയായിത്തീൎന്നു. ലത്തീൻപഠനം ഒട്ടും സുമാറായില്ല. വേദപുസ്തകം—അതായിരുന്നു അയാളിഷ്ടപ്പെട്ട വിഷയം. വഴിയെ നടക്കുന്ന അർദ്ധനഗ്നരായ പാവങ്ങൾ ബെനഡിക്ടിൻെറ ശ്രദ്ധയേയും അനുകമ്പയേയും ആകർഷിച്ചു. പലപ്പോഴും അവരൊന്നിച്ചു നടക്കുകയും കൈയിലുള്ളതു് അവൎക്കു കൊടുക്കുകയും ചെയ്തിരുന്നു. ചിലപ്പോൾ പുതുമയേറിയ സ്ഥലങ്ങളിലേക്കു അങ്ങു നടക്കും, പ്രത്യേകതരക്കാരായ ചില ആളുകളുമായി. ഒടുവിൽ പള്ളിയിൽ വന്നു് വി. കുർബാനയുടെ മുമ്പിൽ ധ്യാനനിരതനായി അനേകം മണിക്കൂറുകൾ നിലകൊള്ളും.

അലക്ഷ്യമായ ഈ അടനകൗതുകവും നിരന്തരമായ ഉച്ഛൃംഖലത്വവും ഒരു വൈദികാൎത്ഥിക്കു പററിയതല്ലെന്നു് അമ്മാവനു തോന്നി. അതേസമയം ഒരു ട്രാപ്പിസ്റ്റ് സന്യാസി ആയിത്തീരണമെന്നു മരുമകനും ആഗ്രഹിച്ചു. ട്രാപ്പിസ്റ്റുകാരുടെ സാമാന്യേതരമായ ചിട്ടകളും ആശയങ്ങളും സൎവ്വോപരി സ്വതന്ത്രാശയത്വവും അയാൾക്കു് അനിതരാം ആകർഷകമായിരുന്നു. ഒട്ടും മടിക്കാതെ അമ്മാവനെ വിവരം അറിയിച്ചു; അദ്ദേഹം മാതാപിതാക്കന്മാരേയും. അവർ ചൊട്ടുമ്പു സമ്മതിക്കുകയില്ല. കുറേക്കൂടി കഴിയട്ടെ എന്നവർ അവധി കുറിച്ചു. അന്നു് ബെനഡിക്ടിനു് പതിനാറുവയസ്സായിരുന്നു.


രണ്ടുകൊല്ലംകൂടി മാതുലൻെറ മുറിയിൽ കഴിച്ചുകൂട്ടി. ഒരു തീരുമാനം ചെയ്യുന്നതിൽ ബെനഡിക്ട് ജാഗരൂകനായിരിക്കവേ, പെട്ടെന്നു് നഗരത്തിൽ ഒരു മഹാമാരി പൊട്ടിപ്പുറപ്പെട്ടു. അമ്മാവനും മരുമകനും ആതുരസേവനത്തിൽ ബദ്ധകങ്കണരായി. അമ്മാവൻ, ജനങ്ങളുടെ ആത്മീയവും ശാരീരികവുമായ കാൎയ്യങ്ങളിൽ വ്യാപൃതനായെങ്കിൽ, മരുമകൻ കന്നുകാലികളെ രോഗവിമുക്തമാക്കുന്നതിൽ ഏൎപ്പെട്ടു. തൊഴുത്തു വൃത്തിയാക്കൽ, തീററികൊടുക്കൽ ഇതെല്ലാം യഥാവിധി നടന്നു.

സാംക്രമികബാധ ഒരുവിധം നിലച്ചു. പക്ഷെ ദിഷ്ടക്കേടാൽ അമ്മാവനും കാലഗതിപ്രാപിച്ചു. അങ്ങനെ ബെനഡിക്ട് ഭവനരഹിതനായി. പക്ഷെ ഈ ഇല്ലായ്മകൾ അയാളെ തെല്ലും അലട്ടിയില്ല തൻെറ പ്രത്യേകതകൾ സന്യാസജീവിതത്തിനു പററിയതാണെന്നു് അയാൾക്കു തോന്നി. ആശ്രമപ്രവേശനാനുമതിക്കു അയാൾ തിരക്കുകൂട്ടുകയാണ്. മാതാപിതാക്കന്മാരാകട്ടെ അവധി കുറിച്ചു അക്കാൎയ്യം നീട്ടിക്കൊണ്ടുപോകാൻ ശ്രമിച്ചു. എന്നാൽ അന്തസ്സ് നിൎണ്ണയിക്കേണ്ടതായ പ്രായപരിധിയിൽ താൻ എത്തിച്ചേൎന്നതായി ഈ യുവാവു് സന്ന്യായം വിചാരിച്ചു. പ്രതിബന്ധങ്ങളെ എങ്ങനേയും തട്ടിനീക്കണമെന്നു ദൃഢനിശ്ചയംചെയ്തു.


സന്ന്യാസാശ്രമത്തിൽ ചേരണമെന്നുറച്ചുകൊണ്ടു് ബെനഡിക്ട് സ്വഗൃഹത്തിലേക്കുപോയി. അയാൾ മാതാപിതാക്കന്മാരെ അതിമാത്രം സ്നേഹിച്ചിരുന്നു. പിതൃജനസമ്മതം കൂടാതെ ബെനഡിക്ട് സന്ന്യാസാശ്രമത്തിൽ ചേരാൻ പോകുന്നില്ല. അതയാൾക്കു് അചിന്ത്യമായിരുന്നു. അച്ഛനമ്മമാരോടു് കിണഞ്ഞപേക്ഷിച്ചു, പക്ഷെ പററിയില്ല. ആദ്യം അമ്മയും തുടൎന്നു് മററു കുടുംബാംഗങ്ങളും

(ശേഷം 7-ാംപേജിൽ)


## വി. ജോവാൻ ഓഫ് ആർക്കിൻെറ തിരുനാളാഘോഷം



മേയ് 8-ാം തീയതി ഓർലിയൻസ് നഗരത്തിൽ നടന്ന തിരുനാളാഘോഷങ്ങളിൽ അത്യുന്നത കൎദ്ദിനാൾ തിസ്സറാങ്ങ് തിരുമേനി പ്രധാനകാൎമ്മികത്വം വഹിച്ചു. തിരുമേനി ദേവാലയത്തിലേക്കു പോകുന്നു.



തിരുനാൾ ഒരു ദേശീയ ചടങ്ങാണ്. സൈനികവും സാമൂഹികവുമായ പരിപാടികൾ അതിൽപെടുന്നു പ്രദക്ഷിണത്തിനുമുമ്പിൽ ഫ്റാൻസിൻെറ ഏററവും അധുനാതനങ്ങളായ ടാങ്കുകൾ അകമ്പടി സേവിക്കുന്നു.



1951 മുതൽ അമേരിക്കൻ പട്ടാളവും തിരുനാളാചരണത്തിൽ ഗണ്യമായ പങ്കു വഹിച്ചുപോരുന്നു. അമേരിക്കൻ പട്ടാളവിഭാഗം തിരുസ്വരൂപത്തിനു മുമ്പിൽ മാർച്ചുചെയ്യുന്നു.

(12-ാംപേജ് തുടർച്ച)

സെക്കൻറുകൾ മിനിട്ടുകളായും മിനിട്ടുകൾ മണിക്കൂറുകളായും നീങ്ങിക്കൊണ്ടിരുന്നു. ഉത്തരക്കടലാസിൽ ഞാൻ എന്തൊക്കെയോ എഴുതിക്കൂട്ടി ഹാളിൽനിന്നിറങ്ങി.

രാജനെപ്പററിയുള്ള ചിന്തകൾ അപ്പോഴും എൻെറ മനസ്സിൽ ഉരുകിത്തിളയ്ക്കുകയായിരുന്നു. ഞാൻ അതിവേഗം നടന്നു. നടന്നിട്ട് നീങ്ങുന്നില്ല. ഓടിക്കളയാം; ഒന്നും കാണുന്നില്ല, കേൾക്കുന്നില്ല. ഓടുകയാണ്, പിന്നെയും ഓടുകയാണ്.

ഞാൻ വിദൂരതയിലേക്കൊന്നു നോക്കി. അതാ! ഒരാൾക്കൂട്ടം. എൻെറ ഹൃദയം ശക്തിയായി തുടിച്ചു. എതിരേവന്ന ഒരാളോടു ചോദിച്ചു: “എന്താ ചേട്ടാ, ആ ആൾക്കൂട്ടം.”

“അപ്പോ കുഞ്ഞൊന്നുമറിഞ്ഞില്ലെ?” അയാൾ വിഷാദപൂൎവ്വം ചോദിച്ചു.

“ഇല്ല!” ഞാൻ മറുപടി പറഞ്ഞു.

“ആ നെടുംകുഴി കറിയാച്ചേട്ടൻെറ മകൻ മരിച്ചുപോയി.”

“ഞെ... ഏ......മരിച്ചോ, എൻെറ...എൻെറ രാജനോ?” എനിക്കൊന്നും മനസ്സിലാകുന്നില്ല.

“എൻെറ രാജാ! നീ പോയോ.” ഞാൻ വാവിട്ടുകരഞ്ഞു. അതാ! ആ വിലാപയാത്ര എൻെറ സമീപത്തെത്തി.

ഞാൻ തിരിഞ്ഞു ആ ശവമഞ്ചത്തെ അനുഗമിച്ചു. ഞങ്ങൾ ദേവാലയാങ്കണത്തിലെത്തിച്ചേൎന്നു. ലോകത്തിനു പല പരിവർത്തനങ്ങളും ഉണ്ടായി. പക്ഷെ നിത്യസത്യത്തെ വിളിച്ചറിയിച്ചുകൊണ്ടു് ആ ദേവാലയമങ്ങനെ നിലകൊള്ളുന്നുണ്ടു്. അതേ, ലോകാവസാനംവരെ നിലനില്ക്കുകതന്നെ ചെയ്യും.

ഒരു കുഴിമാടത്തിൽ രാജൻെറ മൃതദേഹം സംസ്കരിക്കപ്പെട്ടു.

നിറഞ്ഞകണ്ണുകളോടെ എല്ലാവരും അവരവരുടെ വീടുകളിലേക്കു തിരിച്ചു. ഞാൻ നിശ്ചേഷ്ടനായി അവിടെ നിന്നതേയുള്ളു.

“രാജാ!” സുന്ദരങ്ങളായ ആ രണ്ടക്ഷരങ്ങൾ ഞാൻ ഉരുവിട്ടു. എനിക്കറിയാം ഇതേവരെ ഒരുമിച്ചു് കളിച്ചും പഠിച്ചും വളൎന്ന എൻെറ പ്രിയപ്പെട്ട രാജൻെറ കാതുകൾ അടഞ്ഞുപോയെന്നു്. എന്നന്നേക്കുമായി അടഞ്ഞുപോയെന്നു്.

“രാജാ....” ഞാൻ വീണ്ടും മന്ത്രിച്ചു. രാജൻ വിളികേട്ടില്ല. വിളി കേൾക്കുകയുമില്ല, ഒരിക്കലും, ഒരിക്കലും.

ശ്മശാനത്തിൽനിന്നും ഞാൻ മടങ്ങിയപ്പോൾ നേരം സന്ധ്യയോടടുത്തിരുന്നു.

(2-ാംപേജ് തുടർച്ച)

ഇന്നലെക്കാലത്തു കിടക്കയിൽനിന്നെഴുന്നേൽക്കാൻതന്നെ തോന്നിയില്ല. ലോകത്തെയും പാമിയേയും എല്ലാമെല്ലാം മറന്നു് പുള്ളി തലയിണയിൽ മുഖമമർത്തിക്കിടന്നു ഉറങ്ങാനാണ് ഇഷ്ടപ്പെട്ടതു്. എന്നിട്ടും മനസ്സില്ലാമനസ്സോടെ കട്ടിലിൽനിന്നെഴുന്നേററു.

ഇളംചൂടുള്ള നേർത്ത വെയിൽ ജനാലയിലൂടെ കടന്നുവന്നു് നിലത്തും ചുകന്ന കള്ളികളുള്ള കിടക്കവിരിപ്പിലുമെല്ലാം പരന്നിട്ടുണ്ടു്. മഞ്ഞനിറമാണ് വെയിലിനു്.

കൊളുകുവല ചുരുക്കിവച്ചപ്പോൾ പാമി ഇന്നു മഠത്തിൽ പോകുകയാണെന്നോർത്തു. അപ്പോൾ ഹൃദയത്തിനെന്തു ഭാരമാണ അനുഭവപ്പെട്ടതു്. ചതഞ്ഞുപോകുമെന്നു തോന്നി.

വലിയ വട്ടപ്പുള്ളികളുള്ള അയഞ്ഞ പൈജാമ അഴിച്ചുമാററാതെ ഞാനൊരു കസേരയിലിരുന്നു. കരളിനകത്തു് കടന്നൽക്കൂടിളകിയിരിക്കുകയാണ്. പെട്ടെന്നു് മെററിൽഡാ വാതിൽക്കൽ വന്നെത്തിനോക്കി. അവളുടെ മുഖത്തു് പുഞ്ചിരിയില്ല. ആ കുഞ്ഞിക്കവിളുകൾ പഴുത്ത ടൊമാറോപോലെ ചുകന്നു വീർത്തിരിക്കുകയാണ്.

"ഇങ്ങകത്തുവാ, മെററിൽഡാ."

ഒന്നും മിണ്ടാതെ അവൾ അകത്തുവന്നു.

"ഇതു ചേച്ചി തന്നതാ."

അവൾ ഭംഗിയുള്ളൊരു കടലാസുപൊതി എന്റെ നേർക്കുനീട്ടി. ഞാനതു വാങ്ങി മേശപ്പുറത്തുവച്ചു.

"ഒന്നു ചിരിച്ചേ, മെററിൽഡാ. ചേട്ടനോടു് പിണക്കമാണോ?"

"ചേട്ടനോടു് ഞാനൊന്നും മിണ്ടൂല്ല്യ. എന്നോടു നുണപറഞ്ഞില്ലെ."

"മെററിൽഡാ..."

"ഞാൻ വിളി കേക്കൂല്ല്യ."

"ഈ പാവം ചേട്ടനോടു് പിണങ്ങാതെ മെററിൽഡാ..."

അടുത്തിരുന്ന ടിന്നിൽനിന്നു് ഒരു പിടി ചോക്ലേററു വാരി ഞാനവളുടെ ഉടുപ്പിന്റെ കുഞ്ഞി പ്പോക്കററിൽ നിറയ്ക്കാൻ ശ്രമിച്ചു. എന്നാൽ അവൾ പോക്കററുകൾ മുറുകെ അമർത്തിപ്പിടിച്ചു.

"വേണ്ട, എനിക്കവേണ്ട..." പെട്ടെന്നു് അവൾപൊട്ടിപ്പൊട്ടിക്കരഞ്ഞു. ആ വലിയ നീലക്കണ്ണുകളിൽനിന്നു് കണ്ണുനീർത്തുള്ളികൾ തുരുതുരെ ഇററിററുവീണു. ഞാൻ തറച്ചിരുന്നുപോയി. ഞാനിന്നലെ അവളുടെ വീട്ടിൽ പാർട്ടിക്ക ചെല്ലാതിരുന്നതു് അവളുടെ കൊച്ചു ഹൃദയത്തെ ഇത്രയധികം വേദനിപ്പിച്ചോ? അല്ല. അതല്ല കാരണം. അവളുടെ പാമിച്ചേച്ചി ഇന്നു മഠത്തിൽ പോകുകയാണ്. കന്യാസ്ത്രീ ലൂകൾക്കുള്ളിൽ മറഞ്ഞാൽ അവൾക്കിനി ചേച്ചിയെ കാണാൻ പാററില്ല. മുടി പിന്നിക്കെട്ടി പൂ ചൂടിക്കാൻ ഇനി മമ്മിമാത്രമേയുള്ളു. മമ്മിക്ക പുതിയ രീതികളൊന്നുമറിയില്ല. ആ കൊച്ചുകുട്ടി എന്റെ മുറിയിലേക്ക വരുമ്പോൾതന്നെ വിങ്ങിപ്പൊട്ടാൻ നില്ക്കുകയായിരുന്നു.

തള്ളിക്കുതിച്ചു വന്ന ഏന്തലുകൾ പണിപ്പെട്ടൊതുക്കി, മുഖം പൊത്തിപ്പിടിച്ചുകൊണ്ടു് അവൾ ഓടിപ്പോയി. എനിക്കു് ഒന്നും മിണ്ടാൻ കഴിഞ്ഞില്ല.

ഞാൻ ആ കടലാസുപൊതി അഴിച്ചുനോക്കി. കൗതുകമുള്ളൊരു കൊച്ചുപ്രാർത്ഥനപ്പുസ്തകം. പാമിയുടെ സമ്മാനമാണ്. അധികനേരം എനിക്കാ പുസ്തകത്തിന്റെ കറുത്ത പുറംചട്ടയിൽ കണ്ണുകളുറപ്പിക്കാൻ കഴിഞ്ഞില്ല. ഞാനതു മേശപ്പുറത്തേക്ക മാററിവച്ചു. ജാലകത്തിലൂടെ പുറത്തേക്ക നോക്കിക്കൊണ്ടു് കുറെനേരം ഞാൻ മൂകനായിരുന്നു. അപ്പോൾ എന്തൊക്കെ ചിന്തകളായിരുന്നു മനസ്സിൽ.

പാമിയുടെ വീടിന്റെ മുററത്തുനിന്നു് ഒരു കാറുനീങ്ങുന്ന ശബ്ദം കേട്ടു. കരളിന്റെ അഗാധതയിൽനിന്നു് ഒരു ചുടുനിശ്വാസമുയന്നു.

ഇന്നലെ രാത്രി ഉറങ്ങാൻതന്നെ കഴിഞ്ഞില്ല. ഹൃദയത്തിലൊരു പടക്കളമായിരുന്നു. പാമിയുടെ തീരുമാനത്തെപ്പററി വൈരുദ്ധ്യമാന്ന ചിന്തകൾതമ്മിൽതമ്മിലേററുമുട്ടുകയായിരുന്നു.

പടമുടിഞ്ഞൊരു പോർക്കളംപോലെയാണ് ഇന്നെന്റെ ഹൃദയം. വികാരങ്ങൾ കീറിമുറിഞ്ഞൊഴുകിയ രക്തത്തുള്ളികൾകൊണ്ടു് കരളിന്റെ അടിത്തട്ടു് മുഴുവൻ നനഞ്ഞിരിക്കുകയാണ്.

ഇന്നു ഞാൻ വീണ്ടും ആ പുസ്തകം കൈയിലെടുത്തിരിക്കുന്നു. ഈ കുഞ്ഞിപ്പുസ്തകത്തിന്റെ പുറംചട്ടയിലെ ചിത്രത്തിൽ ഇളംചുകപ്പാന്നൊരു അങ്കിധരിച്ചു് നമ്രശിരസ്കയായി നില്ക്കുന്ന കന്യക പാമിയാണെന്നെനിക്ക തോന്നുന്നു. കൈക്കുമ്പിളിൽ ഹൃദയമൊതുക്കി അവൾ അവളുടെ ആത്മനാഥനു സമർപ്പിക്കുകയാണ്. അലൗകികമായ സൗന്ദര്യപ്പൊലിമയിൽ ഒളിമിന്നുകയാണ് അവളുടെ കാമുകന്റെ മുഖകമലം. കുരുന്നുതാടിരോമങ്ങളുള്ള ആ മിഴിവുററ മുഖത്തു്, അടങ്ങാത്ത ദാഹത്തിന്റെ അലയൊലികളുണ്ടു്. ആയിരം ഹൃദയങ്ങളുടെ സ്നേഹം ഒന്നിച്ചു നുകന്നാലും നീലപ്പാത്ത താണാ ദാഹം. ആ പ്രേമത്തിന്റെ അലകടലിൽ പാമി മുങ്ങി മുങ്ങിത്തുടിക്കും!!

ബുദ്ധിയുള്ളവളാണ് പാമി. അവളവളുടെ ഹൃദയം സൃഷ്ടിക്ക നൽകാതെ സ്രഷ്ടാവിന്നപ്പിച്ചിരിക്കുന്നു.

ഓമനത്തമുള്ള കൈപ്പടയിലെഴുതിയ അവളുടെ വാക്കുകൾ ഞാനോർമ്മിക്കുന്നു; "ഉത്തമമായതാണ് ഞാൻ തിരഞ്ഞെടുത്തതെന്നു് അങ്ങു വിശ്വസിക്കണം"

ഞാൻ വിശ്വസിക്കുന്നു, പാമി. ഇന്നു സൂര്യനുദിക്കുന്നതുവരെ നിന്റെ ഹൃദയവികാരങ്ങൾ മനസ്സിലാക്കാൻ എനിക്ക കഴിഞ്ഞില്ല. സ്വാത്മതയുടെ മുകൾപ്പരപ്പിലായിരുന്നു ഞാൻ.

പാമി, ഇന്നലെ ഞാൻ നിന്നോടു കണ്ണിൽ ചോരയില്ലാതെ പ്രവർത്തിച്ചു. സന്തോഷപൂർവ്വമായൊരു യാത്രയയപ്പു നീ എന്നിൽനിന്നു പ്രതീക്ഷിച്ചിരിക്കും. എന്നാൽ, പ്രതീക്ഷിച്ചതു നിനക്ക ലഭിച്ചില്ല. ഞാൻ സ്വാത്ഥതയുള്ളവനായിരുന്നു. അന്നുഞാൻ പറഞ്ഞതോക്കുന്നുണ്ടോ "പുരുഷന്മാരുടെ ഗാനം എപ്പോഴും പരുപരുത്തതായിരിക്കു"മെന്നു്. കുറെയൊക്കെ അതുപോലെതന്നെയാണ് അവരുടെ ഹൃദയവും. എങ്കിലും, പാമി, ഇന്നതു ഉരുകിയൊലിക്കുകയാണ്! കന്മതിൽക്കെട്ടുകൾക്കകത്തിരുന്നു് നീയതു കാണണം.

പാമി, ഇന്നു നാമിരുവക്കുമിടയിൽ ഒരു പുതിയ ബന്ധം ആരംഭിക്കുകയാണ്. ചൂടെഴുന്ന സാഹോദര്യബന്ധം. ഇന്നു നീയെന്റെ കുഞ്ഞനുജത്തിയാണ്.

ആത്മനാഥന്റെ പാദാന്തികത്തിലിരുന്നു് കൂമ്പിയ നയനങ്ങളോടെ ഹിഡിൽ വായിക്കുന്ന നിന്നെ ഞാൻ കാണുന്നു. ഹൃദയത്തിൽ തെരുതെരെ പൂക്കൾ വിരിഞ്ഞുപോകുന്നു. വിശ്വനായകന്റെ ഹൃദയത്തിൽ ശിരസ്സമർത്തി ഹിഡിലിന്റെ നേർത്ത കമ്പികളിലൂടെ ഈടുററ പ്രേമഗാനങ്ങൾ നീട്ടിമൂളുന്ന ഒരു കൊച്ചനുജത്തിയെ കിട്ടിയതിൽ ഞാനിന്നു് ആനന്ദിക്കുകയാണ്.

പാമീ, ശാന്തമായ ആ സ്നേഹത്തിന്റെ തടാകതീരത്തിരുന്നു്, പുല്ലാങ്കുഴലൂതുവാൻ എനിക്കും കൊതിയുണ്ടു്. പാറക്കെട്ടുകളും മുൾപ്പടപ്പും നിറഞ്ഞതാണ് എനിക്കങ്ങോട്ടുള്ള വഴിത്താര, കാലുകളിടറിപ്പോകും. നീയെന്നെ കൈപിടിച്ചങ്ങോട്ടാനയിക്കണം. പാമീ, എന്റെ കൊച്ചനുജത്തീ, ഞാനിതാ കൈകൾ നീട്ടുന്നു....

—o—

ആഖ്യായിക

# ബറാബാസ്



## അദ്ധ്യായം 24

## ക്രിസ്തുവോ ബറാബാസോ

(വി. സി. ജോജ്ജ് ബി. എ. എൽ. ററി.)

"പ്രൊക്കുറയിററർ, ഞാൻ ഇങ്ങോട്ടു വന്നതിൽ അങ്ങു് വിസ്മയഭരിതനാണെന്നു കാണുന്നു. അസാധാരണ സംഭവവികാസങ്ങൾ അസാധാരണ പദ്ധതികളെ ആവശ്യപ്പെടുമല്ലോ" ഇങ്ങനെ ഉന്നതാചാര്യൻ സംഭാഷണം ആരംഭിച്ചു.

"അസാധാരണ സംഭവവികാസങ്ങളൊന്നും എന്റെ അറിവിൽ പെട്ടിട്ടില്ല." പുരോഹിതനെതിരെ ഇരിപ്പുറപ്പിച്ചുകൊണ്ടു് ആസ്ഥാരഹിതനായി പീലാത്തോസ് പറഞ്ഞു.

"സംഗതികളെ യഥാവസ്ഥം വീക്ഷിക്കാതിരിക്കുന്നതുകൊണ്ടു് യാതൊരു വിശേഷവുമില്ല. നസ്രത്തിലെ ഈ യേശുവിനെ ബന്ധിച്ചതു് ഒരസാധാരണ സംഭവംതന്നെയാകുന്നു" അന്നാസ് വിശദീകരിച്ചു.

"നിങ്ങളുടെ വീക്ഷണഗതി അങ്ങനെയായിരിക്കാം. നാം തമ്മിലുള്ള ബന്ധം ആലോചിക്കുമ്പോൾ ജറുസലെമിലെ സംഭവങ്ങൾ വിഭിന്നകോണങ്ങളിൽ നിന്നാണ് നാമിരുവരും കാണേണ്ടതു്" പീലാത്തോസ് സമാധാനം നൽകി.

"തീർച്ചയായും പ്രൊക്കുറയിററർ, നാം മൈത്രിയിലല്ലല്ലൊ."

"ജൂദിയായിലെ എന്റെ ജീവിതം അസഹ്യമാക്കുന്നതിനുതകുന്ന സകലതും നിങ്ങൾചെയ്തുകഴിഞ്ഞിട്ടുണ്ടെന്നെന്നെ ഓർമ്മിപ്പിക്കുവാനാണൊ ഇവിടെ വന്നിരിക്കുന്നതു്. നിങ്ങൾക്കി സാഹസം കൂടാതെ കഴിക്കാമായിരുന്നു. അതു് ഞാൻ ശരിക്ക ധരിച്ചിട്ടുണ്ടു്."

"അങ്ങനെയല്ലാ, പ്രൊക്കുറയിററർ. എന്റെ സന്ദർശനത്തിന്റെ ഉദ്ദേശം വേറെയാണ്. നമുക്കതെപ്പററി ഹൃദയം തുറന്നു് സംസാരിക്കാം. ഞങ്ങളുടെമേൽ അനുഗ്രഹവർഷം ചൊരിഞ്ഞിട്ടുള്ള ആഗസ്റ്റസിന്റെ ഗവർണ്ണറാണങ്ങെന്നിരുന്നാലും അങ്ങു് ഭരിക്കേണ്ടിയ ജനതയെപ്പററി അങ്ങേക്കു് നല്ലവണ്ണം അറിഞ്ഞുകൂടാ. മട്ടർ മട്ടി തരെ വെറുക്കുന്നു. ഇതു മാററുവാൻ കഴിയാത്തതായ പ്രകൃതിയുടെ നിയമമാണ്. എന്നിരുന്നാലും ഞാൻ ഒരു സംഗതി ഇവിടെ അറിയിക്കുന്നു. റോമൻ ഭടസംഘങ്ങൾ ആജ്ഞാനുവത്തികളായുള്ള സ്ഥിതിക്കു് അങ്ങു് ശക്തിയുക്തനായി കഴിയുന്നുവെങ്കിലും ഞങ്ങൾ ഒരു ജനപദമല്ലെന്നിതിൽനിന്നു് സിദ്ധിക്കുന്നില്ല."

സിദ്ധാന്തപരമായ ഒരു വാദത്തിനായി ഹന്നാസ് തന്നെ സമീപിച്ചതല്ലെന്നു പീലാത്തോസ് നല്ലവണ്ണം അറിഞ്ഞിരുന്നു. മററവസരങ്ങളിലായിരുന്നുവെങ്കിൽ വളച്ചുകെട്ടാതെ കാര്യം ഉടൻ പറയുവാൻ പ്രൊക്കുറയിററർ ആ പുരോഹിതനെ നിർബന്ധിച്ചേനെ. നസ്രത്തിലെ ഈശോയുടെ കാര്യം പറയുവാനാണ് ഹന്നാസ് തന്റെ പക്കൽ വന്നതെന്നു് പീലാത്തോസിനുറപ്പുണ്ടായിരുന്നതിനാൽ വക്രോക്തി ഗവർണ്ണർക്കു് ഇഷ്ടമായി തോന്നുകയാണ് ചെയ്തതു്. കുറേക്കഴിഞ്ഞിട്ടു് നസ്രായന്റെ കാര്യം താൻ ഉന്നയിക്കാമെന്നു് പീലാത്തോസ് കരുതി. ഹന്നാസ് ഒരുപക്ഷെ അശ്രദ്ധയിൽ ഈശോയുടെ കാര്യത്തിലേക്കു് ചാടിയെന്നു വരാം എന്നും ഗവർണ്ണർ കരുതാതിരുന്നില്ല.

"ഉന്നതപുരോഹിതാ, ആ വിഷയം സംബന്ധിച്ചു എന്റെ അഭിപ്രായം അവിടുത്തേക്കറിയാമല്ലൊ. യഹൂദജനത വമ്പിച്ച റോമൻ സമുദായത്തിൽ ലയിച്ചു് പ്രത്യേകത കൂടാതെ കഴിയുകയായിരിക്കും നന്നു്."

ഹന്നാസ് ചിന്താപൂർവ്വംസ്വാന്തം താടിതലോടി; സഹതാപദ്യോതകങ്ങളായ അക്ഷികളെ പീലാത്തോസിന്റെ നേർക്ക തിരിച്ചു.

"അതു പാടില്ല പ്രൊക്കുറയിററർ. ഞങ്ങൾ യഹൂദരാകുന്നു; യഹൂദരായി തുടരുവാൻ വിചാരിക്കുന്നു. രണ്ടായിരം സംവത്സരം ദീർഘിച്ച ഞങ്ങളുടെ ചരിത്രത്തിൽ ഞങ്ങൾ പലപ്പോഴും വിദേശികളായ അധിശന്മാക്കു് കീഴ്പ്പെട്ടിരുന്നു. ഞങ്ങളുടെ പൂർവ്വികന്മാർ ബാബിലോണിയരുടെയും അസ്സീറിയരുടെയും പെരുവിരലിനടിയിൽ കഴിഞ്ഞിരുന്നു. ഇന്നാകട്ടെ ബാബിലോണിയരും അസ്സീറിയരുമെവിടെ? എന്നാൽ ഇസ്രായേൽ ജനത ഇന്നുണ്ടു്. അവരുടെ സ്വാതന്ത്ര്യം ഇന്നു നഷ്ടമായിരിക്കുകയാണെങ്കിലും സമുദായം നിലവിലുണ്ടു്. നിലവിൽ ഉണ്ടായിരിക്കുകയും ചെയ്യും. ദൈവവിധിയാലും ദൈവപ്രമാണത്താലും ഞങ്ങളുടെ പക്കൽ ഏല്പിക്കപ്പെട്ടിരിക്കുന്ന സമുദായത്തിന്റെ നേതാക്കന്മാരത്രെ ഞങ്ങൾ പുരോഹിതന്മാർ."

പീലാത്തോസ് സമാധാനം നൽകി: "അങ്ങനെ ആയിരിക്കാം. നിങ്ങളുടെ അധികാരവും നിങ്ങളുടെ നിയമവും ദൈവത്തിൽനിന്നുല്പന്നമായതായി നിങ്ങൾ കരുതുന്നുവെന്നുള്ളതു് ഞാൻ മതിയാംവണ്ണം അറിഞ്ഞിട്ടുണ്ടു്. സാമ്രാജ്യത്തിൽപെട്ട ഭൂവിഭാഗങ്ങളിൽ നിലനിന്നു വരുന്ന അധികാരികളുടെ നിയമയുക്തതയെ ആ അധികാരികൾക്കു് ജനങ്ങളെ സാക്ഷാൽ നിയന്ത്രിക്കുവാൻ സാധിക്കുന്ന കാലത്തെങ്ങും ചോദ്യംചെയ്യുക റോമൻസമ്പ്രദായത്തിൽപെട്ടതല്ല. കഴിഞ്ഞ ഏതാനും ആഴ്ചകളിലെ സംഭവവികാസങ്ങൾ ഈ കാര്യത്തിൽ ധാരാളം സംശയങ്ങൾ എന്നിൽ ഉളവാക്കിയിട്ടുണ്ടു്. നിങ്ങളുടെ പിടിയിൽനിന്നു ചുക്കാൻ വിട്ടുപോയിയെന്നല്ലയോ ഈ സംഭവങ്ങളുടെ സാരം? ബറാബാസിന്റെയും നസ്രായൻ ഈശോയുടെയും സംഗതികളത്രെ ഞാൻ ഉദ്ദേശിക്കുന്നതു്!"

"അങ്ങു് കാര്യസാരത്തിലേക്ക നേരെ കടക്കുകയാണ്, പ്രൊക്കുറയിററർ; അതു് കൊള്ളാം. എന്റെ കൃത്യം ലഘൂകൃതമാകും. ബറാബ്ബാസിനെ സംബന്ധിച്ചിടത്തോളം ഞാൻ കാര്യമെല്ലാം ഇവിടെ വിശദമായി അറിയിച്ചിട്ടുണ്ടെന്നാണെന്റെ വിശ്വാസം. ഈ ജനം ഞങ്ങൾ നയിക്കുന്നവിധം പെരുമാറുമെന്നു് അയാളുടെകാര്യം തെളിയിക്കുന്നില്ലയോ? ഞങ്ങൾ ബറാബാസിനെ താല്ക്കാലികമായി പ്രോത്സാഹിപ്പിച്ച വസ്തുത ഞാൻതന്നെയാണല്ലൊ ഇവിടെ അറിയിച്ചതു്. ഞങ്ങൾ അങ്ങനെ ചെയ്തതെന്തിനെന്നോ?"

"എനിക്കു് ബുദ്ധിമുട്ടുകൾ ഉണ്ടാക്കുവാൻ" ആർജ്ജവം അഭിനയിച്ചുകൊണ്ടു് പീലാത്തോസ് മറുപടി പറഞ്ഞു.

"അങ്ങനെയെന്നു പറഞ്ഞുകൂടാ. ഞങ്ങളുടെ ജനത്തിനു് ഒരു ദൈവമേയുള്ളു. ആ ദൈവത്തിൽ മാത്രം അവർ വിശ്വസിക്കുന്നു. എങ്കിലും ഒരു ജന്മദേശവും അവർ അഭിലഷിക്കുന്നു. ഒരു പൈതൃകഭൂമി എക്കാലവും അവർ അഭിലഷിച്ചുകൊണ്ടിരുന്നു, തുടർന്നഭിലഷിക്കുകയും ചെയ്യും. അവക്കതു് ബറാബാസ് വാഗ്ദാനംചെയ്തു. പക്ഷെ നിങ്ങളുടെ റോമൻഭടസംഘങ്ങൾക്കെതിരായി വിജയപൂർവ്വം സമരം നടത്താമെന്നുണ്ടായിരുന്ന അയാളുടെ വിചാരം മൂഢതയായിരുന്നു. ഈ ബുദ്ധിഹീനതയ്ക്കെതിരായി ഞങ്ങൾ ജനങ്ങൾക്കു് മുന്നറിവുനൽകി. അയാളുടെ പ്രക്ഷോഭണം ദുർബലമാക്കുവാൻ ഞങ്ങൾക്ക സാധിച്ചു. നിയമവിധേയരായി ഞങ്ങൾ ജനങ്ങളെ നിറുത്തി. ജനങ്ങൾ ബറാബാസിനെ ഉപേക്ഷിക്കുകയും ചെയ്തു."

"ഉന്നതാചാര്യാ, ആ കാര്യത്തിൽ എനിക്കു് സംശയമുണ്ടു്. ഏതായാലും തീയോടുള്ള നിങ്ങളുടെ കളി ആവശ്യത്തിലധികം ദീർഘിച്ചു."

"തീ കെട്ടുകഴിഞ്ഞു. പ്രൊക്കുറയിററർ; എനിക്കിനി പറയാനുള്ളതു് ശ്രദ്ധിച്ചുകേൾക്കണം. ഈ നസ്രായൻ ഈശോയും മുന്നോട്ടുവന്നു് ഇസ്രായേൽജനതയുടെമേൽ ഞങ്ങൾക്കുള്ള ആത്മികാധികാരം ഇളക്കുവാൻ ഉത്സാഹിച്ചു. നിയമം പഴഞ്ചനാണെന്നും ശക്തിരഹിതമെന്നും പ്രഖ്യാപിച്ചു; ചുരുക്കിപ്പറഞ്ഞാൽ ഞങ്ങൾക്കു് നിസ്സാരമല്ലാത്ത ഉദ്വേഗമുണ്ടാക്കത്തക്കനിലയിൽ അയാൾ ജനക്ഷോഭം ഉണ്ടാക്കി."

"അതെല്ലാം നിങ്ങളുടെ ക്ലേശങ്ങളാണല്ലൊ, ഉന്നതാചാര്യാ."

"അല്ലാ, അങ്ങനെയല്ലാ, പ്രൊക്കുറയിററർ; ആ ക്ലേശം ഉൽകൃഷ്ടനായ ആഗസ്റ്റസിന്റെ ഗവർണ്ണരെയും അവശ്യം സ്പർശിക്കുന്നവയാണ്. ഞങ്ങളുടെ ശക്തി ക്ഷയി

(ശേഷം 4-ാംപേജിൽ)

തൈക്കാട്ടു് മൂസ്സ് വക

ഇ. ടി. എം. വൈദ്യശാല

ബ്രാഞ്ച്: ആലുവാ റെയിൽവെസ്റ്റേഷനുസമീപം

എല്ലാം വ്യാഴാഴ്ചയും ഉച്ചയ്ക്കു് 1 മണി മുതൽ
വൈകുന്നേരം 5 മണിവരെ

ഡി. എ. മൂസ്സ് അവർകൾ

വൈദ്യശാലയിൽ ഉണ്ടായിരിക്കുന്നതും രോഗികളെ
പരിശോധിച്ചു ചികിത്സ നിശ്ചയിക്കുന്നതുമാകുന്നു.

Wednesday
JULY 10
1957

# THE SATHYADEEPAM

(ESTD. 1927)

BROADWAY—ERNAKULAM (KERALA STATE)

Reg. No. M. 2293
Vol. 30
No. 45

# ബാലരംഗം




വി. ബ്രിജീത്താ

പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനിയത്തികളേ,

ബ്രിജീത്താ ക്രിസ്തീയപുണ്യങ്ങളെ അവളുടെ ജീവിതത്തിൽ അനുദിനം പ്രായോഗികമാക്കി പ്രവർത്തിച്ചിരുന്നതുകൊണ്ടു ദൈവത്തിന്റെ അതിവിശിഷ്ടമായ അനുഗ്രഹങ്ങൾ അടിക്കടി പ്രാപിച്ചുകൊണ്ടിരുന്നു. അവൾ ഒരു അകത്തോലിക്കനായ യജമാനന്റെ ജോലിയിലാണു് ഏർപ്പെട്ടുകൊണ്ടിരുന്നതു്. അവളുടെ ജീവകാരുണ്യപ്രവൃത്തികൾ കൂട്ടുജോലിക്കാരുടെയും യജമാനന്റെയും ഭത്സനങ്ങൾക്കു പലപ്പോഴും കാരണമായിരുന്നു. എങ്കിലും അവൾ ദൈവസ്നേഹത്താൽ പ്രേരിതമായ അവളുടെ സൽകൃത്യങ്ങളെ ഉപേക്ഷിച്ചില്ല. ബാലികാബാലന്മാർക്കു വളരെ ശ്രദ്ധാർഹമായ ഒരു മാതൃകയാണതു്. നമ്മുടെ ആദ്ധ്യാത്മികജീവിതം പരിപുഷ്ടിപ്പെടാത്തതു് പലപ്പോഴും നമുക്കു നല്ലനല്ല ആഗ്രഹങ്ങളും നന്മചെയ്യണമെന്നുള്ള പ്രതിജ്ഞകളും ഇല്ലാഞ്ഞിട്ടല്ല. നല്ല ഉപദേശങ്ങൾ കേൾക്കുമ്പോഴും, നല്ല പുസ്തകങ്ങൾ വായിക്കുമ്പോഴും, മററുള്ളവരുടെ നല്ല മാതൃകകൾ കാണുമ്പോഴും, പ്രത്യേകിച്ചും നാം ആത്മശോധന ചെയ്യുമ്പോഴും നമ്മിലുള്ള തെററുകളേയും കുററങ്ങളേയും പരിഹരിക്കുന്നതിനും സൽകൃത്യങ്ങൾ അനുഷ്ഠിക്കുന്നതിനും ശക്തിയായ പ്രചോദനങ്ങളുണ്ടാവുകയും നാം നല്ല നല്ല പ്രതിജ്ഞകൾ ചെയ്യുകയും ചെയ്യുന്നില്ലേ? ഉണ്ടു്. പക്ഷെ, പലപ്പോഴും അവയെല്ലാം ജലരേഖപോലെ ആയിപ്പോകുന്നു. വിരൽകൊണ്ടോ ഒരു കോലുകൊണ്ടോ നാം വെള്ളത്തിൽ എന്തെങ്കിലും എഴുതുക; അടുത്തനിമിഷത്തിൽ അതു അപ്രത്യക്ഷമാകും. വെള്ളം പണ്ടേപ്പോലെതന്നെ കിടക്കും. എന്നാൽ നല്ലപെൻസിലോ പേനയോകൊണ്ടു് വെള്ളക്കടലാസിലെഴുതുക; അതവിടെ തെളിഞ്ഞുകിടക്കും. എപ്പോൾ വേണമെങ്കിലും വായിക്കാം. ഇനിയും നല്ല ഉളിയുപയോഗിച്ചു പാറയിലോ മാർബിൾക്കല്ലിലോ കൊത്തുക; അതു യാതൊരുലയവും കൂടാതെ കാലാകാലത്തോളം അവശേഷിക്കും. ഇതുപോലെ നമ്മുടെ നിശ്ചയങ്ങളും പ്രതിജ്ഞകളും സംബന്ധിച്ചും സംഭവിക്കുന്നു. ചിലരുടെ പ്രതിജ്ഞകൾ ജലരേഖപോലെ ഉത്തരക്ഷണത്തിൽ അപ്രത്യക്ഷമാകുന്നു. ചിലരുടേതു കുറേക്കാലത്തേക്കു ഫലപ്രദമായി നിലനില്ക്കുന്നു. മററു ചിലരുടേതുമാത്രം ശിലാലിഖിതംപോലെ എന്നെന്നും നിലനില്ക്കുന്നു. ഇതാണു് പുണ്യവാന്മാരെ സൃഷ്ടിക്കുന്നതു്. അവർക്കെതിരായി എന്തു പ്രതിബന്ധങ്ങൾ വന്നാലും അവർ അതുപേക്ഷിക്കുകയില്ല. ഇത്തരത്തിലുള്ളതായിരുന്നു ബ്രിജീത്തായുടെ നിശ്ചയങ്ങൾ. അവൾക്കു സന്യാസജീവിതത്തിനുള്ള ദൈവവിളിയുണ്ടെന്നു ബോദ്ധ്യംവന്നു. അവൾ മെത്രാന്റെ അടുത്തുചെന്നു വിവരം ബോധിപ്പിച്ചു. വേണ്ട പരീക്ഷണങ്ങൾ നടത്തി അദ്ദേഹം അവളെ സന്യാസിനിയാകുവാൻ അനുവദിച്ചു. സന്യാസവസ്ത്രം പ്രദാനംചെയ്തു. സാവധാനത്തിൽ മഠാധിപയുമാക്കി. ദൈവവിളിയിൽ ബ്രിജീത്താ ഉറച്ചുനിന്നു. നിരന്തരമായ പ്രാർത്ഥനാരൂപിയിൽ അവൾ ദിവ്യനാഥനുമായി ഒന്നിച്ചു. മഠാധിപയായപ്പോൾ മഠത്തിലേക്കു ദൈവവിളികൾ ആവശ്യമായി വന്നു. അവൾ പ്രാർത്ഥനയും പ്രായശ്ചിത്തവും വഴി ദൈവാനുഗ്രഹത്തിനായി അപേക്ഷിച്ചു. ദൈവാഹ്വാനം സ്വീകരിച്ചു യുവതികൾ ധാരാളമായി വന്നുചേർന്നു. ആദ്ധ്യാത്മികജീവിതത്തിനു വലിയ ശക്തിയുണ്ടു്. ലോകം അതു മനസ്സിലാക്കുന്നില്ല. ലോകത്തിൽ അത്ഭുതാവഹമായ പ്രവർത്തനങ്ങൾ നടക്കുന്നതധികവും ആദ്ധ്യാത്മികചൈതന്യത്തിന്റെ പ്രതിഫലനം വഴിയാണു്. ബ്രിജീത്തായുടെ ജീവിതം ഇതിനു ഉത്തമോദാഹരണമാണു്. നാമും അതനുകരിക്കണം. നമ്മിൽ ദൈവം നൽകുന്നതായ നല്ലവിചാരങ്ങളേയും ആഗ്രഹങ്ങളേയും പ്രതിജ്ഞകളേയും ഫലപ്രദമാക്കുന്നതിനു ദൈവാനുഗ്രഹത്തിൽ ആശ്രയിച്ചു തീവ്രയത്നം ചെയ്യുന്നതിനു സന്നദ്ധരാകണം.

വല്യേട്ടൻ.



ബ്രിജീത്താമെത്രാന്റെ അനുഗ്രഹംകൊണ്ടു ഒരു കന്യാസ്ത്രീയായി. സഭയുടെ വളർച്ചയ്ക്കുവേണ്ടി അവൾ തീവ്രമായി പ്രാർത്ഥിച്ചു.

ബ്രിജീത്തായുടെ പ്രാർത്ഥന വിഫലമായില്ല. മഠത്തിൽ ചേരുന്നതിനു യുവതികൾ ധാരാളമായി വന്നുചേർന്നുകൊണ്ടിരുന്നു.

## പ്രേഷിതരംഗം

(ഇ. എൽ. കൊച്ചൗസേപ്പു്
Reg. No. 137)

അക്രമത്തിന്റേയും അനീതിയുടേയും അസമത്വത്തിന്റേയും കരാളഹസ്തങ്ങളിൽക്കിടന്നു പിടയുന്ന ലോകത്തെ ശാശ്വതസമാധാനപദവിയിലേക്കു് അനുവേലം ആനയിച്ചുകൊണ്ടിരിക്കുന്നതു് കത്തോലിക്കാതിരുസഭ മാത്രമാണു്. പക്ഷെ ഇന്നവളുടെ മക്കൾ തെല്ലൊന്നു അശ്രദ്ധരായിരിക്കുകയാണു്. തിരുസഭാമക്കൾ ഒന്നടങ്കം ആവേശഭരിതരായി വീറോടെ പ്രേഷിതരംഗത്തു് ഇറങ്ങി അടരാടേണ്ട സമയമാണിപ്പോൾ സമാഗതമായിരിക്കുന്നതു്.

മനുഷ്യസ്നേഹത്തെപ്രതി ദുരിതാപമാനങ്ങൾ സഹിച്ചു് അവസ്ഥ മകുടംചാർത്തുമാറു് ത്യാഗസമ്പൂർണ്ണമായ സ്ലീവാമരണവും കൈവരിച്ച ദൈവസുതനു് അവിടുത്തെ അനുയായികളായിരിക്കുന്ന നാം നന്ദികാണിക്കേണ്ടതു് മനുഷ്യധർമ്മമല്ലേ? പാപനിമഗ്നമായ ലോകത്തിനു മുക്തിയെ പ്രദാനംചെയ്യുവാൻ കുരിശിൽ തൂങ്ങിക്കിടന്നു് അവസാനത്തുള്ളി രക്തംപോലും ചിന്തുന്ന നിമിഷത്തിൽ തന്റെ വാത്സല്യമക്കളുടെ സമീപത്തേക്കു തലചായ്ച്ചുകൊണ്ടു് "എനിക്കു ദാഹിക്കുന്നു" എന്നു പറഞ്ഞു് അവിടുന്നു വിലപിച്ചു. മിശിഹായുടെ അന്ത്യാഭിലാഷമായ ആത്മാക്കൾക്കുവേണ്ടിയുള്ള ദാഹത്തിനു ശമനംവരുത്തുകയാണു് നമുക്കു് അവിടുത്തോടു് പ്രകടമാക്കുവാനുള്ള ഏററവും വലിയ പ്രതിസ്നേഹം. അതുകൊണ്ടുതന്നെയാണു് വി. കൊച്ചുത്രേസ്യാ ഈശോയെ സ്നേഹിക്കുന്നതിനായി കർമ്മലമഠത്തിന്റെ കനത്ത മതിൽക്കെട്ടുകൾക്കുള്ളിൽ ഒളിഞ്ഞിരുന്നു പ്രാർത്ഥിച്ചുകൊണ്ടു് ലോകത്തിന്റെ നാനാഭാഗങ്ങളിലുമുള്ള അനേകമനേകം അവിശ്വാസികളുടെ ആത്മാക്കളെ സ്വാദുള്ള പാനീയമാക്കി പകർത്തി ദിവ്യരക്ഷകനു് കുടിക്കുവാൻകൊടുത്തിരുന്നതു്. മാനസാന്തരവേലയ്ക്കുള്ള വി. കൊച്ചുത്രേസ്യായുടെ പ്രാർത്ഥനാസേവനം അവളെ ഒരു മിഷൻ റാണിയാക്കി മാററി.

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല" എന്നുള്ള ദിവ്യനാഥന്റെ മഹദ്‌വാക്യം എത്ര ആനന്ദദായകവും ആശ്വാസജനകവുമായിരിക്കുന്നു. ഇടയനെ കാണാതെ, അന്ധകാരത്തിൽക്കൂടി ദേശാന്തരങ്ങളിൽ അലഞ്ഞുതിരിയുന്ന അനേകമാടുകളെ സത്യത്തിന്റെ പ്രകാശത്തിലൂടെ തിരുസ്സഭയുടെ പാലകനായ ആ "നല്ല ഇടയന്റെ" പക്കലേക്കു എത്തിച്ചുകൊടുക്കേണ്ടതു് നമ്മുടെ കർത്തവ്യമല്ലേ? നമ്മുടെ പിതാവും, ഭാരതത്തിന്റെ പ്രഥമഅപ്പസ്തോലനുമായ മാർ തോമ്മാശ്ലീഹായെ അനുഗമിക്കേണ്ടതും നമ്മുടെ ചുമതലയല്ലേ? ക്രിസ്തുവിന്റെ മുന്തിരിത്തോട്ടത്തിൽ വേലചെയ്തു് ക്രിസ്തുവിന്റെ സാമ്രാജ്യവിപുലീകരണത്തിനു വേണ്ടി ധീരസമരം ചെയ്ത നിരവധി രക്തസാക്ഷികൾ ചരിത്രത്തിന്റെ ഏടുകളിൽ തിളങ്ങുന്നതും നാം കാണുന്നില്ലേ? നമ്മുടെ പിതാവിനെപ്പോലെ ക്രിസ്തുവിനുവേണ്ടി ജീവനെ ഉഴിഞ്ഞുവച്ചുകൊണ്ടു് നാമോരോരുത്തരും പ്രേഷിതരംഗത്തേക്കു് ഓടിയണയുക. എന്നെപ്രതി നാടിനേയോ വീടിനേയോ ത്യജിക്കുന്നവർക്കു് ഞാൻ അനുഗ്രഹാശിസ്സുകളെ ഇരട്ടിയായി വർഷിക്കുമെന്നു് അവിടുന്നു നമ്മെ ഉൽബോധിപ്പിക്കുന്നു.

### 122-ാം നമ്പ്ര് പ്രശ്നത്തിന്റെ ഉത്തരം

എന്റെ പേർ—പ്രമാണം.

### പ്രശ്നം നമ്പ്ര് 123

(പി. റി. ജെയിംസ്
Reg. No. 115)

മനുഷ്യരിൽ എന്നല്ല മൃഗങ്ങളിലും സാധാരണ കാണുന്ന ഒരു വികാരമാണു് ഞാൻ. എന്നെ ആർക്കും ഇഷ്ടമല്ല, മററുള്ളവരിൽ കാണാൻ. എന്നാൽ ഞാൻ പലപ്പോഴും അതു കാണിക്കുകയുംചെയ്യും. ഞാൻമൂലം ലോകത്തിൽ നടക്കുന്ന അനിഷ്ടസംഭവങ്ങൾക്കു കൈയും കണക്കുമില്ല. ഞാനാരെന്നറിയാൻ നിങ്ങൾക്കാഗ്രഹം തോന്നുന്നുണ്ടോ? എന്റെ പേരിനു മൂന്നക്ഷരമേയുള്ളു. ഒന്നാമത്തെ അക്ഷരം അരുകിൽതന്നെയുണ്ടു്, വിദൂരത്തിലില്ല. രണ്ടാമത്തെ അക്ഷരം അരിയിൽ തിരിഞ്ഞാൽ കിട്ടും, നെല്ലിൽ കാണുകയില്ല. മൂന്നാമത്തെ അക്ഷരം അംശത്തിൽ കാണാം, ഭാഗത്തിൽ പെടുകയില്ല. എന്റെ പേരു പറയാമോ?

(ഉത്തരം അടുത്തതിൽ)

ചെറുകഥ

## ഞാനേകനായി

(ജോസഫ് കിഴക്കേഭാഗം
Reg. No. 175)

കഷ്ടം! നാളെമുതൽ ഞാൻ സ്കൂളിലേക്കു് ഏകനായി പോകണം, കഴിഞ്ഞ ഏഴുകൊല്ലമായി ഒരുമിച്ചുനടന്ന എന്റെ ആത്മസുഹൃത്തിനെക്കൂടാതെ.

× × ×

അന്നും പതിവുപോലെ ഞാൻ രാജനെ വിളിച്ചു. പക്ഷെ രാജൻ വിളികേട്ടില്ല. ആ വീട്ടിൽനിന്നു് ഏങ്ങലടികളും, ഞരക്കങ്ങളും, വിങ്ങലുകളും, നെടുവീർപ്പുകളും മാത്രം.

ഞാൻ അന്ധാളിച്ചുപോയി, കാര്യമറിയാതെ. ഗേററു് തുറന്നു് ഞാൻ ആ വീട്ടിലേക്കു കയറി. എനിക്കൊന്നും മനസ്സിലായില്ല. അവിടെ കൂടിയിരുന്നവരെ തള്ളിനീക്കി ഞാൻ രാജന്റെ സമീപത്തെത്തി.

എന്നെ കണ്ടപ്പോൾ രാജന്റെ നനവാന്ന മിഴികളിൽനിന്നും അശ്രുകണങ്ങൾ പൊഴിയുവാൻ തുടങ്ങി, മുത്തുമണികളെപ്പോലെ.

"രാജാ....!രാജാ എന്റെ......"

ആ വാചകം മുഴുമിപ്പിക്കുവാൻ എനിക്കു കഴിഞ്ഞില്ല.

"ബേബി..." അവൻ വിളിച്ചു. ആ ദയനീയമായ ശബ്ദംകേട്ടു് എന്റെ ഹൃദയം തകർന്നുപോയി.

"രാജാ...!എന്റെ രാജാ......നിനക്കെന്തുപററി?" ഞാൻ ചോദിച്ചു. ചുററും കൂടിയിരുന്നവർ കണ്ണുനീർ തുടച്ചു അക്ഷമരായി നോക്കിനില്ക്കുകയാണു്. രാജൻ പിന്നെയൊന്നും മിണ്ടിയില്ല. സംസാരിക്കുവാൻ അവനപ്പോൾ ശക്തിയുണ്ടായിരുന്നില്ല.

ഞാൻ പുറത്തുവന്നു രോഗവിവരങ്ങളന്വേഷിച്ചു.

"എപ്പോൾ തുടങ്ങി ഈ സുഖക്കേടു്?" കീശയിൽനിന്നും കൈലേസ് എടുത്തു മുഖം തുടച്ചുകൊണ്ടു് ഞാൻ ചോദിച്ചു.

"എന്റെ മോനെ, എന്തുപറയാനാ. ഇന്നലെ സന്ധ്യക്കു തുടങ്ങിയതാണു് ഒരു പനിയും ദേഹമാസകലം വിറയലും." ഞാൻ അകത്തുപോയി രാജന്റെ ശരീരം സ്പർശിച്ചു.

"ഓ! പൊള്ളുന്ന പനി." ഞാൻ കൈ പെട്ടെന്നെടുത്തുകളഞ്ഞു. പുറത്തുവന്നു ചുവരിലിരുന്ന നാഴികമണിയിലേക്കു നോക്കി. മണി പത്തടിക്കാൻ വെറും പത്തു മിനിട്ടുമാത്രം. ഞാനൊന്നു ഞെട്ടി. പള്ളിക്കൂടത്തിലേക്കു് ഇനിയും ആറു് ഫർലോങ്ങു് നടക്കണം. ഇന്നു പരീക്ഷയുംകൂടിയാണു്. അപ്പോൾ സ്കൂളിൽ പോകാതിരിക്കാൻ നിവൃത്തിയില്ല. രാജന്റെ സമീപത്തേക്കു ചെന്നു ചോദിച്ചു: "ഞാൻ സ്കൂളിൽ പോയി വരട്ടെ സ്നേഹിതാ."

"ങ്ങാ" രാജൻ മൂളി.

ഞാൻ ഗേററു തുറന്നു് റോഡിലേക്കിറങ്ങി ഓടാൻ തുടങ്ങി. എന്റെ ഹൃദയം തുടിക്കുന്നുണ്ടായിരുന്നു.

ആകാശത്തിൽ കാർമേഘങ്ങൾ നിറഞ്ഞു് പല ചിത്രങ്ങളുടെ പ്രതീതി ഉളവാക്കി. അടുത്ത സ്റ്റേഷനിൽനിന്നും തീവണ്ടിയുടെ ചൂളംവിളി അന്തരീക്ഷത്തിൽ മുഴങ്ങി. കിളികൾ ആകാശത്തിൽ യഥേഷ്ടം വിഹരിക്കുന്നുണ്ടായിരുന്നു.

മുമ്പോട്ടുപോകുന്തോറും ആരോ എന്നെ പിറകോട്ടു വലിക്കുന്നതുപോലെ തോന്നി. എങ്ങനെയോ ഞാൻ സ്കൂളിലെത്തി. അപ്പോഴും രാജനെപ്പററിയുള്ള ചിന്തകൾ വിട്ടുമാറുന്നില്ല. സ്കൂളിൽ ബെല്ലടിച്ചു. പരീക്ഷാഹാളിൽ അവരവർക്കു് നിർദ്ദേശിക്കപ്പെട്ടിരുന്ന സ്ഥാനങ്ങളിൽ എല്ലാവരും ഇരിപ്പുറപ്പിച്ചു ഞാനും.

(ശേഷം 10-ാംപേജിൽ)

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press,
Ernakulam-1